മലങ്കരസഭ മാസിക സപ്തതി നിറവിൽ

THE MALANKARA SABHA

മലങ്കരസഭ

ജനുവരി 2016

The Official Media of Malankara Orthodox Syrian Church

Rs : 15



മർത്തമറിയം ഓർത്തഡോക്സ് സുറിയാനി പള്ളി
& മാർ ആബോ തീർത്ഥാടന കേന്ദ്രം

തേവലക്കര
ഫോൺ : 0476 – 2875700, 2872498

പരി.മാർ ആബോ പിതാവിന്റെ

ഓർമ്മപ്പെരുന്നാളും
കൺവൻഷനും

2016 ജനുവരി 29 മുതൽ ഫെബ്രുവരി 8 വരെ

അഭി.സഖറിയാ മാർ അന്തോണിയോസ് മെത്രാപ്പോലീത്താ | അഭി.കുറിയാക്കോസ് മാർ ക്ലീമിസ് മെത്രാപ്പോലീത്താ
അഭി.ഡോ.സഖറിയാ മാർ അപ്രേം മെത്രാപ്പോലീത്താ | അഭി.ഡോ.മാത്യൂസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്താ

ഒരുക്കധ്യാനം * ഗാനശുശ്രൂഷ * വിശുദ്ധ മൂന്നിന്മേൽ കുർബാന * ഇടവകദിനം * സ്പന്ദനം * സാംസ്കാരിക സമ്മേളനം * ഹരിതഭൂമി
ജീവകാരുണ്യ പ്രവർത്തനങ്ങൾ * അഖില മലങ്കര ക്വിസ്സ് മത്സരം * വചന ശുശ്രൂഷ * വി.റാസ * നേർച്ചവിളമ്പ് * ബൈബിൾ നാടകം



മലങ്കരസഭ

ഏറ്റവും പ്രചാരമുള്ള സഭാ പ്രസിദ്ധീകരണം

www.malankarasabhaonline.in
malankarasabha1946@gmail.com
sabhamasika@yahoo.com

ലക്കം 1, പുസ്തകം 70, ജനുവരി 2016

5 മഹാപുരോഹിത സന്ദേശം

6 എഡിറ്റോറിയൽ
സമഗ്ര സൗഖ്യം
- ഫാ.ഡോ.ജോൺ തോമസ് കരിങ്ങാട്ടിൽ

8 സഭാ ജീവിതം
നോമ്പ് വിചാരം
- ഡോ. എബ്രഹാം മാർ സെറാഫിം

10 നോമ്പ് ഉപവാസം
വിശ്വാസപാഠം
- ഫാ. ഡോ. ജേക്കബ് മാത്യു കാരിച്ചാൽ

12 നീതിമാനായ ജോസഫ്
പഠനം
- ഫാ.ഡോ.റ്റി.ജെ. ജോഷ്വ

21 വേദശാസ്ത്ര ചിന്തകൾ
ജന്മശതാബ്ദി
- ഫാ.ഡോ.കെ.എൻ.മാത്യു വൈദ്യൻ

24 ചെന്നൈ പ്രളയം
വിശകലനം
- മാമ്മൻ ജോസഫ് പുതുശ്ശേരി

29 ദുഃഖവെള്ളിയും വചനിപ്പും...
വിശകലനം
- വർഗീസ് ജോൺ തോട്ടപ്പുഴ

30 ഡോ. ദിവ്യ എസ്. അയ്യർ IAS
അതിഥി
- ഫാ. ദീപു ഫിലിപ്പ്

44 Paris Declaration 2015
Science of Life - 5
Dr. Biju Jacob



സഭാരത്നം ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ
4-ാം ഓർമ്മ
ഫെബ്രു. 16-ന്
മാവേലിക്കര സെ. പോൾസ് ചാപ്പലിൽ

President
Dr. Zacharias Mar Aprem
Chief Editor
Fr. Dr. John Thomas Karingattil

Printed and Published by
Fr. Deepu Philip for Orthodox Viswasa Paripalana Samithy, Kottayam.
Sub Editor
Fr. Shalu Lukose Thirumangalam

Printed at
Catholicate press, Devalokam Kottayam-04;

Malankara Sabha
For Subscription queries
sabhamasika@yahoo.com
For Editorial queries
malankarasabha1946@gmail.com

www.malankarasabhaonline.in

Devalokam Kottayam-04;
Ph:0481-2573234

Rs. 15/-

BRIEFLY

ഫെബ്രുവരി 14 ഞായർ യാച്ചാരം വാർഷികം. കുഷ്ഠരോഗികളുടെ ദിനമായി ആചരിക്കും. കേരളാ സാങ്കേതിക സർവ്വകലാശാല വൈസ് ചാൻസലർ കുഞ്ചറിയ പി. ഐസക്ക് ഉദ്ഘാടനം ചെയ്യും. കെ.എ. ഫിലിപ്പ് റമ്പാൻ തുടങ്ങിയവർ പ്രസംഗിക്കും.

പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ 10-ാമത് ഓർമ്മ ജനുവരി 17 മുതൽ 26 വരെ ശാസ്താംകോട്ട മാർ ഏലിയാ ചാപ്പലിൽ നടത്തും. 21-ന് അനുസ്മരണ പ്രഭാഷണം ഏഴാച്ചേരി രാമചന്ദ്രൻ. 22-ന് ധ്യാനം ഫാ. ഡോ.റ്റി.ജെ. ജോഷ്വ നയിക്കും. 26-ന് പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ പ്രധാന കാർമ്മികത്വത്തിൽ വിശുദ്ധ മൂന്നിന്മേൽ കുർബ്ബാന. 10.30-ന് കബറിങ്കൽ ധൂപ പ്രാർത്ഥന.

കാരയ്ക്കൽ സെ. ജോർജ് പള്ളിയുടെ ശതോത്തര സുവർണ്ണ ജൂബിലി ഫെബ്രു.4-ന് രണ്ടര മുതൽ നടത്തും. കേരളാ ഗവർണർ ജസ്റ്റിസ് പി. സദാശിവം ഉദ്ഘാടനം ചെയ്യും. പ. കാതോലിക്കാ ബാവാ അദ്ധ്യക്ഷത വഹിക്കും. ഡോ. അലക്സാണ്ടർ കാരയ്ക്കൽ തുടങ്ങിയവർ പ്രസംഗിക്കും.

മാർച്ച് 13, മലങ്കര ഓർത്തഡോക്സ് സഭാ ദിനം-കാതോലിക്കാദിനം. പള്ളികളിൽ പ്രത്യേകം പ്രാർത്ഥനയും സഭാദിന പ്രതിജ്ഞയും നടത്തും.

'മലങ്കരസഭാ വാർത്തകൾ' സഭയുടെ ഔദ്യോഗിക വെബ്സൈറ്റായ കാതോലിക്കേറ്റ് ന്യൂസിലേക്ക് അയച്ചു തരണം. വിലാസം :
www.catholicatenews.in

വായിക്കുക പ്രചരിപ്പിക്കുക വരിക്കാരാവുക
മലങ്കരസഭ മാസിക
70-ം വർഷത്തെ അക്ഷര വെളിച്ചം
www.malankarasabhaonline.in

മലങ്കരസഭ

10 ജനുവരി 2016

എല്ലാ മാസവും മലങ്കരസഭയുടെ
അക്ഷര പ്രകാശം

EDITORIAL BOARD

പ്രസിഡന്റ്
ഡോ. സഖറിയാസ് മാർ അപ്രേം
മെത്രാപ്പോലീത്താ
Phone: 0481-2578500, 2578499

ചീഫ് എഡിറ്റർ
ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ
Phone: 9447141639

മാനേജിംഗ് എഡിറ്റർ
ഫാ. ദീപു ഫിലിപ്പ്
Mob:- 9446996224

സബ് എഡിറ്റർ
ഫാ.ഷാലു ലൂക്കോസ്,തിരുമംഗലം
Mob:- 9446707276

സർക്കുലേഷൻ മാനേജർ
കെ. എ. ജോൺ
Mob:- 9744648617

അംഗങ്ങൾ
ഫാ. ഡോ. റ്റി. ജെ. ജോഷ്വ
ഫാ. എബ്രഹാം തോമസ് കടക്കാമണ്ണിൽ
ഫാ. സഖറിയ നൈനാൻ
ഡോ. ജോർജ് ജോസഫ്
പ്രൊഫ. തോമസ് കുരുവിള
ജിജി ജോൺസൺ

Cover & Graphic Designing:-
Jinto Kurichy at
Malankara Sabha

www.malankarasabhaonline.in

വരിസംഖ്യ

ഇന്ത്യയിൽ
ഒറ്റപ്രതി:15 രൂപ
ഒരുവർഷം: 180 രൂപ
2 വർഷം : 360 രൂപ
4 വർഷം: 700 രൂപ
6 വർഷം: 1000 രൂപ

വിദേശത്തേക്ക്
ഒരു വർഷം : 2000 രൂപ

വിലാസം:
മലങ്കരസഭ മാസിക,
ദേവലോകം അരമന,
ദേവലോകം പി.ഒ., മുട്ടമ്പലം (via),
കോട്ടയം-686004

www.facebook.com:
malankarasabha

ഗുരുമൊഴി



ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ്

മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് ശരീരവും ആത്മാവും യോജിക്കപ്പെട്ടിരിക്കുന്ന ഒരു വ്യക്തിത്വമായിട്ടാണ്. അതുകൊണ്ടുതന്നെ ശരീരത്തിന്റെയും ആത്മാവിന്റെയും സംയോജിതമായ പോഷണത്തിനും വിശുദ്ധിക്കും ആരോഗ്യത്തിനുമാണ് പൗരസ്ത്യ ക്രൈസ്തവദർശനം ഊന്നൽ നൽകുന്നത്. നോമ്പിനെ ആത്മശരീരങ്ങളുടെ വിശുദ്ധോൽസവമായി ദർശിക്കുന്നു. ഭക്ഷണമോഹവും അതിഭക്ഷണവും ജഡമോഹത്തിൽപ്പെടുന്നവയാണ്. അവ ശരീരത്തേയും മനസ്സിനെയും നശിപ്പിക്കും. ദൈവം ആത്മാവിന്റെയും ശരീരത്തിന്റെയും സ്രഷ്ടാവാകയാൽ അവിടുത്തെ കല്പനകൾ ശരീരത്തിന്റെയും ആത്മാവിന്റെയും സംയോജിതമായ പോഷണത്തിനുവേണ്ടി മാത്രമേ ഉപയോഗിക്കാവു എന്നുള്ള അർത്ഥത്തിലാണ് നോമ്പിനെ ശരീരത്തിന്റെയും ആത്മാവിന്റെയും വിശുദ്ധോൽസവമായി ദർശിക്കുന്നത്.

പാപമരണത്തിൽ നിന്ന് രക്ഷപെടാനുള്ള ആത്മീയ ഔഷധമാണ് നോമ്പ്. ഇത് ഏദനിൽ ആദാമിനു ദൈവം കൊടുത്ത കല്പനയാണ്. ദൈവകല്പന ലംഘിച്ചാൽ ഏദനിൽ നിന്ന് ആദാം തള്ളപ്പെട്ടതുപോലെ പറുദീസായുടെ അനുഭവം നമുക്ക് നഷ്ടമാകും. അതുകൊണ്ട് ദൈവകല്പനയിൽ ആരംഭിച്ചതും പരിശുദ്ധ പിതാക്കന്മാരാൽ നിയമിക്കപ്പെട്ടവയും കാനോനുകളാൽ ഉറപ്പാക്കപ്പെട്ടവയുമായ നോമ്പുകൾ വെട്ടിക്കുറയ്ക്കുന്നത് അതി ഭയങ്കരവും പാപകരവുമാണെന്ന് പ. ഗീവർഗീസ് ദ്വിതീയൻ ബാവാ പറഞ്ഞിട്ടുണ്ട്. നോമ്പിന്റെ അപാരമായ ശക്തിയെക്കുറിച്ച് തിരുമേനിക്ക് അചഞ്ചല വിശ്വാസമാണുള്ളത്. അദ്ദേഹത്തിന്റെ ചിന്തയിൽ അത് ജയത്തിന്റെ അടയാളവും ശത്രുവാകുന്ന സാത്താന്റെ നേരെ തോൽക്കാത്ത ആയുധവുമാണ്. ഈ ആയുധം എടുത്ത് സാത്താനോട് പോരാടി ജയിക്കുന്നവന് ജീവന്റെ വാടാത്ത കിരീടം ലഭിക്കും.

കർത്താവിന്റെ മനസ്സോടും പരിശുദ്ധാത്മശക്തിയോടും പ. നോമ്പിലേക്കു പ്രവേശിക്കുവാൻ വിശ്വാസികൾ ഒരുങ്ങണം. നോമ്പുകാലം സാത്താനോടുള്ള തീവ്രപോരാട്ടത്തിന്റെയും അനുതാപത്തിന്റെയും കാലമാകയാൽ നോമ്പിൽ പരിശുദ്ധാത്മ ശക്തി കൂടുതലായി ആർജിച്ചെടുക്കണം. വലിയനോമ്പിന്റെ ആദ്യ ഞായറാഴ്ച്ചയായ കൊത്തിനേ ഞായറാഴ്ച്ചയുടെയും ശ്ളീഹാനോമ്പിനു മുമ്പ് നടക്കുന്ന പെന്തക്കോസ്തി പെരുന്നാളിന്റെയും പ്രധാന വേദപുസ്തക വായനകൾ നോമ്പിന്റെ വിശുദ്ധി വിളിച്ചറിയിക്കുന്നു. കാനാവിലെ കല്യാണവിരുന്നിൽ സംബന്ധിച്ചവർ കർത്താവ് നടത്തിയ മഹാത്ഭുതത്താൽ ലഭിച്ച പുതുവീഞ്ഞു നുകർന്നപ്പോൾ ദൈവത്തിനു മഹത്വം പാടിയെന്നും കർത്താവിന്റെ ശിഷ്യന്മാർ അതുമൂലം അവനിലുള്ള വിശ്വാസം ഉറപ്പിച്ചുവെന്നുമുള്ള വേദവ്യാഖ്യാനം ഉണ്ട്.

നോമ്പിനെ ഒരു പോരാട്ടമാണ്. മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് പോരാടി ജയിക്കുവാനുള്ള ഒരു യോദ്ധാവായിട്ടാണ്. ലോകത്തിൽ നന്മയും തിന്മയും ഉണ്ട്. നന്മയോട് ചേർന്നു നിൽക്കുവാനും തിന്മയോട് പോരാടുവാനുമുള്ള സ്വാതന്ത്ര്യമാണ് മനുഷ്യനിലുള്ളത്. ജയിക്കുന്നവർക്ക് ലഭിക്കുന്നത് ജീവന്റെ കിരീടമാണ് (വെളി 2:10). മറിച്ചാണെങ്കിലോ ആത്യന്തികതോൽവിയും അഗ്നിനരകവും.

ലോകം, ജഡം, പിശാച് എന്നിങ്ങനെ മൂന്ന് ശക്തികളോട് പോരാടി ജയിക്കാമെന്ന പ്രതിജ്ഞയോടും പ്രത്യാശയോടും കൂടിയാണ് വിശുദ്ധ മാമോദീസാ വഴി ഒരു വിശ്വാസി ക്രൈസ്തവ ജീവിതത്തിലേക്ക് പ്രവേശിക്കുന്നത്. യേശുക്രിസ്തു ലോകത്തോടും ജഡത്തോടും പിശാചിനോടും പോരാടി ജയിച്ചു. ലോകത്തിന്റെ പ്രതാപങ്ങൾക്കോ ജഡത്തിന്റെ ഇച്ഛകൾക്കോ പിശാചിന്റെ തന്ത്രങ്ങൾക്കോ തന്നോട് എതിർത്തു നിൽക്കുവാൻ കഴിയാത്ത പ്രകാരം കർത്താവ് അവയെ പരാജയപ്പെടുത്തി. അതുകൊണ്ട് കർത്താവിനെപ്പോലെ നോമ്പനുഷ്ഠിച്ച് വിജയകിരീടം പ്രാപിക്കണം.

മഹാപുരോഹിത സന്ദേശം

പ്രിയരെ,

ആധുനിക ലോകം വൈദ്യശാസ്ത്ര രംഗത്ത് ഒട്ടേറെ നേട്ടങ്ങൾ കൈവരിക്കുമ്പോഴും രോഗികളുടേയും രോഗങ്ങളുടേയും സംഖ്യ ആശങ്കാജനകമായി വർദ്ധിച്ചുവരുന്നതായി നാം കാണുന്നു. കാൻസർ, കരൾ - വൃക്ക - ഹൃദയ സംബന്ധമായ മാരകരോഗങ്ങൾ മുതൽ ജീവിതശൈലീരോഗങ്ങൾ വരെ മനുഷ്യസമൂഹത്തെ കാർന്നു തിന്നുകയാണ്. അന്തരീക്ഷ മലിനീകരണം, രാസവസ്തുക്കളുടെ അനിയന്ത്രിതമായ ഉപയോഗം, ജീവിതശൈലിയിലെ മാറ്റങ്ങൾ ഇതെല്ലാം ഇതിനു കാരണമാവാം. വ്യക്തിയുടെയും സമൂഹത്തിന്റേയും ആരോഗ്യവും ശുചിത്വവും സംബന്ധിച്ച് ഒരു സമഗ്ര ബോധവൽക്കരണം അത്യാവശ്യമായി വന്നിരിക്കുന്നു. രോഗചികിത്സയും രോഗപ്രതിരോധവും തുല്യ പ്രാധാന്യത്തോടെ കൈകാര്യം ചെയ്യേണ്ട വിഷയങ്ങളാണ്.

ഈ പശ്ചാത്തലത്തിൽ മനുഷ്യന്റെ ശരീര - ആത്മ - മനസ്സുകളുടെ സമ്പൂർണ്ണ ആരോഗ്യ സംരക്ഷണം സംബന്ധിച്ചുള്ള ബോധവൽക്കരണത്തിനായി 2016 വർഷം നാം വേർതിരിക്കുകയാണ്. **സമഗ്ര സൗഖ്യ** എന്ന ശീർഷകത്തിൽ നമ്മുടെ സഭാ മാനവശാക്തീകരണ വിഭാഗം ഈ പദ്ധതി നടപ്പാക്കുന്നതാണ്. കഴിഞ്ഞ വർഷം ആരംഭിച്ച ഓർത്തഡോക്സ് മെഡിക്കൽ ഫോറം, വിപാസ്സന ഇമോഷണൽ സപ്പോർട്ട് സെന്റർ എന്നിവയുടെ സജീവ പങ്കാളിത്തം ഈ പദ്ധതിയിൽ ഉണ്ടാവണം. വലിയ നോമ്പിലെ നമ്മുടെ ചിന്തകളിൽ **സമഗ്രസൗഖ്യം (holistic healing)** എന്ന വിഷയത്തിന് പ്രാമുഖ്യം നൽകി പഠിപ്പിക്കണം. കേന്ദ്ര ഓഫീസിൽ നിന്ന് നൽകുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് സഭയുടെ ആത്മീയ സംഘടനകൾ പ്രത്യേകിച്ച് സൺഡേസ്കൂൾ, യുവജനപ്രസ്ഥാനം, മർത്തമറിയം വനിതാ സമാജം, പ്രാർത്ഥനായോഗങ്ങൾ ഇവ ഈ പദ്ധതി ഒരു മുൻഗണനാ വിഷയമായി ഏറ്റെടുത്ത് ഇടവകതലത്തിൽ ബോധവൽക്കരണം നടത്തുവാൻ മുമ്പോട്ടുവരണം. ആരോഗ്യമുള്ള പുതുതലമുറ എന്ന ലക്ഷ്യം സഫലീകരിക്കുവാൻ ഈ പദ്ധതി നമ്മുടെ എല്ലാ ഇടവകകളും കാര്യക്ഷമമായി നടപ്പാക്കണം.

വീണ്ടും പ്രിയരെ,

ഇപ്പോൾ ചെന്നൈയിൽ അപ്രതീക്ഷിതമായി ഉണ്ടായ പ്രളയംമൂലം നൂറുകണക്കിന് ആളുകൾ മരണപ്പെടുകയും അനേകർ ഭക്ഷണവും താമസ സൗകര്യവും ഇല്ലാതെ ഒറ്റപ്പെട്ട് കഴിയുകയും ചെയ്യുന്ന സാഹചര്യം ഏവർക്കും അറിവുള്ളതാണല്ലോ. അവിടെയുള്ള നമ്മുടെ സഭാ വിശ്വാസികൾ അടക്കമുള്ളവരുടെ ഭവനങ്ങളും കച്ചവട സ്ഥാപനങ്ങളും ആരാധനാലയങ്ങളും നഷ്ടമാവുകയും ചെയ്തിരിക്കുന്ന അവസ്ഥയെ നാം ഗൗരവപൂർവ്വം കാണേണ്ടിയിരിക്കുന്നു. നമ്മുടെ മദ്രാസ് മെത്രാസനത്തിന്റെയും, സഭാ വിശ്വാസികളുടെ നേതൃത്വത്തിലുള്ള നിരവധി സംഘടനകളുടെയും സഭയുടെ യുവജനപ്രസ്ഥാനത്തിന്റെയും ചുമതലയിൽ ദുരിതമനുഭവിക്കുന്നവർക്ക് പരമാവധി സഹായം എത്തിക്കുന്നതിന് പരിശ്രമം നടന്നുവരുന്നു.

പ്രളയ ദുരന്തത്തിന്റെ ഭീകരത വളരെ വലുതായതിനാൽ ദുരിതമനുഭവിക്കുന്നവർക്ക് പരമാവധി സഹായം എത്തിക്കുന്നതിന് സഭാമക്കളായ നിങ്ങളേവരുടെയും ആത്മാർത്ഥമായ പങ്കാളിത്തം ഉണ്ടാകണമെന്ന് നാം ആഗ്രഹിക്കുന്നു. ലത്തൂരിലെ ഭൂകമ്പ ബാധിതരെ സഹായിക്കുന്നതിനും, സുനാമി ബാധിതരെ പുനരധിവസിപ്പിക്കുന്നതിനും ഛത്തീസ്ഗഢിലെ പ്രളയബാധിതരെ സഹായിക്കുന്നതിനും നാം കാട്ടിയ ഉത്സാഹം ഇവിടെയും പ്രകടിപ്പിക്കുവാൻ നമുക്ക് സാധിക്കണം. പ്രയാസമനുഭവിക്കുന്ന നമ്മുടെ സഹോദരങ്ങളെ സംരക്ഷിക്കേണ്ടത് നമ്മുടെ ക്രൈസ്തവ ചുമതലയും കർത്തവ്യവുമാണ്. ഓരോ ഇടവകയും അവരവരുടെ കഴിവിന്റെ പരമാവധി തുക ഇതിനുവേണ്ടി സമാഹരിച്ച് ചെന്നൈ പുനരധിവാസ പദ്ധതിക്കായി നൽകണം.

ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ

EDITORIAL

സമഗ്ര സൗഖ്യം

TOWARDS AN HOLISTIC HEALING

മലങ്കര ഓർത്തഡോക്സ് സഭ

2016 സമഗ്ര സൗഖ്യ വർഷമായി ആചരിക്കുന്നു.

ശാരീരികവും മാനസികവും സാമൂഹികവുമായ
സുസ്ഥിതിയുടെ പരിപൂർണ്ണാവസ്ഥയാണ് ആരോഗ്യം.
അല്ലാതെ, രോഗത്തിന്റെയോ ദൗർബ്ബല്യത്തിന്റെയോ
അഭാവം മാത്രമല്ല.

- ലോകാരോഗ്യ സംഘടന

* * *

ഇന്നത്തെ ആശുപത്രികൾ ജയിൽ കെട്ടിടങ്ങളാണ്.
രോഗിയും ഡോക്ടറും തമ്മിൽ ഫലപ്രദമായ സംഭാഷണമില്ല.
ഇന്നത്തെ ആശുപത്രി ജീവിതം നരകമാണ്.
രോഗികളെ പ്രകൃതി സൗന്ദര്യം ആസ്വദിക്കാൻ അനുവദിച്ചാൽ
രോഗം വേഗം സൗഖ്യമാകും.
മനസിനും ശരീരത്തിനും ആത്മാവിനും
ഉത്തേജനം നൽകുന്ന ജീവിത സാഹചര്യം
ആശുപത്രിയിൽ ഉണ്ടാകണം.

- പൗലോസ് മാർ ഗ്രീഗോറിയോസ്

* * *

ആതുര സേവനം കേന്ദ്രീകൃത കോർപ്പറേറ്റുകളുടെ
നിയന്ത്രണത്തിലാകുന്നത് കടുത്ത ചൂഷണത്തിന് ഇടയാക്കും.
ദരിദ്രർക്കും പാർശ്വവൽക്കരിക്കപ്പെട്ടവർക്കും
ചികിൽസാ സൗകര്യങ്ങൾ ലഭ്യമാക്കുവാൻ
സർക്കാരും സഭകളും ശ്രമിക്കണം.

- പ. പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവ

* * *

ലോക ആരോഗ്യ സംഘടനയുടെ നിർവ്വചന പ്രകാരം ശാരീരികവും മാനസികവും സാമൂഹികവുമായ സുസ്ഥിതിയുടെ പരിപൂർണ്ണാവസ്ഥയാണ് ആരോഗ്യം. ഇതിൽ ശരീരം, മനസ്, സമൂഹം എന്നിവ പരസ്പരം ബന്ധിതമാണ്. മനുഷ്യനും സമൂഹവും പ്രകൃതിയുമായുള്ള സംതുലിതാവസ്ഥയാണ് ആരോഗ്യത്തിന്റെ മഹാരഹസ്യം. ആഴമായ ദൈവബന്ധം വേരുറയ്ക്കുമ്പോൾ സമഗ്ര ആരോഗ്യവും സൗഖ്യവും ലഭ്യമാകും. സാമൂഹിക വേർകൃത്യങ്ങൾക്കതീതമായി ഏവർക്കും മെച്ചപ്പെട്ട ആരോഗ്യമാകണം ലക്ഷ്യം. അതിനാൽ ഓരോ മനുഷ്യന്റെയും മൗലിക അവകാശമാണ്-സമഗ്ര ആരോഗ്യവും സൗഖ്യവും. ഇത് ഫലപ്രദമായി ആവിഷ്ക്കരിക്കുവാൻ രാഷ്ട്രത്തിനും സമൂഹത്തിനും കൂട്ടായ ഉത്തരവാദിത്തം ഉണ്ട്. ഈ രംഗത്ത് സഭകൾ ക്രിയാത്മകവും നീതിപൂർവ്വവുമായി ഇടപെട്ടാൽ ഏവർക്കും സമഗ്ര സൗഖ്യം യാഥാർത്ഥ്യമാകും. കുടുംബത്തിലും സമൂഹത്തിലുമുള്ള വിവിധ ഉത്തരവാദിത്തങ്ങൾ ഏറ്റെടുത്ത് ഭരണനിർവ്വഹണം ഫലപ്രദമായി നടത്തുന്നതിനുള്ള കരുത്ത് സമഗ്ര ആരോഗ്യത്തിന്റെ സാമൂഹിക ദർശനമാണ്.

സമഗ്ര സൗഖ്യദർശനത്തിന്റെ അടിത്തറ യേശുവിന്റെ സൗഖ്യദാന ശുശ്രൂഷയാണ്. യേശുവിന്റെ മുഖ്യ പരിഗണനയിൽ വന്നത് ദരിദ്രർ, രോഗികൾ, അനാഥർ, വിധവകൾ, മീൻപിടുത്തക്കാർ, ചുങ്കക്കാർ തുടങ്ങി യഹൂദ സമൂഹം തിരസ്ക്കരിച്ചവരാണ്. യേശു അവർക്കൊപ്പം സഞ്ചരിച്ചു. താദാത്മ്യപ്പെട്ടു. രോഗികളെ സ്പർശിച്ചു. സാന്ത്വനം നിറഞ്ഞ പ്രബോധനങ്ങൾ നൽകി. വേദനയും ഉത്കണ്ഠയും നിറഞ്ഞ ബഹിഷ്കൃത സമൂഹത്തിന് കാരുണ്യവും താതാത്മ്യവും പകർന്നു. *വേദനിക്കുന്നവരോട് വേദനിച്ച്* സമഗ്ര സൗഖ്യത്തിന്റെ ശുശ്രൂഷ നൽകി. ഇത് സ്നേഹം, കാരുണ്യം, കരുതൽ, അംഗീകാരം, സംരക്ഷണം എന്നിവയിൽ കേന്ദ്രീകൃതമാണ്. യേശുവന്റെ സൗഖ്യദാനത്തിൽ രോഗികളുടെ സമഗ്ര സൗഖ്യവും സുസ്ഥിതിയും വേദനിക്കുന്നവരോടുള്ള സഹാനുഭൂതിയും സംരക്ഷണവും വെളിപ്പെടുത്തുന്നു. സമൂഹം പുറംതള്ളിയവർ യേശുവിന്റെ സൗഖ്യദാന ശുശ്രൂഷയിലെ നിർണ്ണായക ശക്തിയായി. സമഗ്ര സൗഖ്യ പ്രഖ്യാപനത്തിന്റെ പ്രകാശവും സാക്ഷ്യവുമായി യേശു ജനഹൃദയങ്ങളിൽ നിറഞ്ഞു. നസ്രേത്ത് മിനിഫെസ്റ്റോ (ലൂക്കോ. 4:18-19) യേശു യാഥാർത്ഥ്യമാക്കി,സമഗ്രമായ സൗഖ്യവും ജീവനും നൽകി (യോഹ. 10:10). മനുഷ്യ വേദനകളോട് യേശു പുലർത്തിയ സമീപനമാകണം സഭകളുടെ സമഗ്ര സൗഖ്യത്തിന്റെ തായ്‌വേര്.

healthy for life

EDITORIAL

സമഗ്ര സൗഖ്യത്തിൽ ശരീരത്തേയും മനസിനേയും ആത്മാവിനേയും ഒന്നായി പരിഗണിക്കണം. ആരോഗ്യ പരിപാലനത്തിലും സൗഖ്യദാനത്തിലും വ്യക്തിയുടെ സാമൂഹിക ബന്ധവും പശ്ചാത്തലവും നിർണ്ണായക പങ്കാളിത്തം വഹിക്കുന്നു. രോഗ വ്യാപനത്തിലും വിമുക്തിയിലും സാമൂഹിക ഘടനയുടെ സ്വാധീനം വളരെയാണ്. എന്നാൽ പുത്തൻ *പാശ്ചാത്യ ചികിൽസാ സമ്പ്രദായങ്ങളിലെ പിഴവും ക്രമക്കേടും ഡോക്ടറന്മാരുടെ അനാസ്ഥയും അറിവില്ലായ്മയും രോഗികളുടെ എണ്ണം വർദ്ധിപ്പിക്കുന്നു* എന്നാണ് പൗലോസ് മാർ ഗ്രീഗോറിയോസിന്റെ (1922-1996) നിഗമനം. പാശ്ചാത്യ വൈദ്യശാസ്ത്രത്തിൽ മനുഷ്യൻ എന്ന പ്രതിഭാസത്തെ സമഗ്രമായി വിലയിരുത്താത്തതിനാൽ രോഗി അനവധി രോഗ നിർണ്ണയ പരീക്ഷണങ്ങൾക്ക് വിധേയപ്പെടുകയാണ്. ചികിൽസാ രംഗത്ത് പാശ്ചാത്യ സാങ്കേതിക സംവിധാനങ്ങൾ സുസജ്ജമായപ്പോൾ തകർന്നത് പരമ്പരാഗത ചികിൽസയും സൗഖ്യദായക മാർഗ്ഗങ്ങളുമാണ്. അതിനാൽ അത്യാധുനിക ചികിൽസകളിൽ പരമ്പരാഗത രീതികൾ കൂടി ഉൾക്കൊള്ളിക്കുന്ന വ്യവസ്ഥിതിയും മനസിനും ശരീരത്തിനും ആത്മാവിനും ഒരുപോലെ ആശ്വാസം നൽകുന്ന പുതിയ ചികിൽസാ പരിസരങ്ങളും ക്രമങ്ങളും ഉണ്ടാകണമെന്നും മാർ ഗ്രിഗോറിയോസ് 1990 കളിൽ നിർദ്ദേശിക്കുന്നു. ഇത് പാവപ്പെട്ടവർക്കും പുറംതള്ളപ്പെട്ടവർക്കും ആശ്വാസവും സൗഖ്യവും ലഭ്യമാക്കുവാൻ അവസരം സൃഷ്ടിക്കും. പാശ്ചാത്യ ചികിൽസാ രീതികളെ പൂർണ്ണമായും നിരാകരിക്കാതെ പരമ്പരാഗത രീതികളും സമീപനവും പ്രോത്സാഹിപ്പിക്കണമെന്ന് (multi-system healing centres) അദ്ദേഹം വാദിക്കുന്നു. ആത്മവിശ്വാസം കൊണ്ടും കൃത്യമായ ചികിത്സകൊണ്ടും ക്യാൻസറിനെ പോലും പ്രതിരോധിക്കുവാൻ കഴിയുമെന്നാണ് ഇപ്പോൾ ഡോ. വി.പി. ഗംഗാധരൻ പഠിപ്പിക്കുന്നത്. ദൈവത്തിന്റെ അദൃശ്യമായ സ്പർശം കൂടി ഉണ്ടായാൽ സമഗ്രസൗഖ്യം അതിവേഗം എത്തിച്ചേരും.

ആഗോളവൽക്കരണവും നവീന സാങ്കേതികതയും സമ്പത് വ്യവസ്ഥയും സൃഷ്ടിക്കുന്ന പുത്തൻ സാമൂഹിക ക്രമം ആതുര സേവനവും ആരോഗ്യ പരിചരണവും നിരവധി വെല്ലുവിളികൾ സൃഷ്ടിക്കുന്നു. രോഗചികിൽസയും ആരോഗ്യപരിപാലനവും ധാർമ്മിക ഉത്തരവാദിത്തത്തോടെ നീതിപൂർവ്വം നിർവ്വഹിക്കപ്പെടുന്നില്ല എന്ന പരാതി വ്യാപകമാണ്. വൈദ്യശാസ്ത്ര രംഗത്തെ *ചൂഷണവും പകൽ കൊള്ളയും* ശക്തിപ്പെടുന്ന സാഹചര്യത്തിൽ മെഡിക്കൽ മിഷൻ രംഗങ്ങൾ ക്രിസ്തുവിന്റെ കാരുണ്യം പകരുന്ന, സൗഖ്യത്തിന്റെ നിയോഗം വെളിപ്പെടുത്തണം. വേദനകളിൽ ഞെരുക്കപ്പെടുന്നവർക്ക് സൗഖ്യത്തിന്റെ സ്നേഹസ്പർശവും മനസലിവിന്റെയും സൗഖ്യദാനത്തിന്റെയും ശുശ്രൂഷയും നൽകണം. അരോഗ സമൂഹം സഭയുടെ നിയോഗവും ഉത്തരവാദിത്വവുമാണ്.

ആരോഗ്യ ചകിൽസാ സംവിധാനങ്ങൾ അതിശീഘ്രം യാന്ത്രികമാകുകയാണ്. സ്റ്റെംസെൽ ടെക്നോളജിയും ജനറ്റിക്ക് എൻജിനീയറിങ്ങും വൈദ്യശാസ്ത്ര രംഗത്ത് ശക്തിപ്പെട്ടു. യന്ത്ര കൈകൾ ഉപയോഗിച്ച് അതീവ സൂക്ഷ്മതയുള്ള ശസ്ത്രക്രിയ നിർവ്വഹിക്കുന്ന റോബോർട്ടിക്ക് സംവിധാനങ്ങളും ഡോക്ടറുടെ കരങ്ങൾക്കു പകരം പ്രകാശ രശ്മികൾ ഉപയോഗിച്ചുള്ള ലേസർ ചികിത്സയും പ്രചാരം നേടി. എന്നാൽ ആയുരാരോഗ്യത്തിന് ചിട്ടയായ വ്യായാമവും സസ്യാഹാരവും മനസമാധാനവുമാണ് പ്രധാനം. മദ്യം, മയക്കുമരുന്ന് സാമൂഹിക മാധ്യമങ്ങൾ എന്നിവയ്ക്ക് കീഴ്പ്പെട്ടാൽ ജീവിതം ദുഃസഹമാകും. മാനസിക-ശാരീരിക ആരോഗ്യത്തോടെ ആദ്ധ്യാത്മീകമായി ജീവിച്ചാൽ സമ്മർദ്ദങ്ങളേയും സംഘർഷങ്ങളേയും അതിജീവിക്കാം. ആയുരാരോഗ്യത്തിനുള്ള ശരീരത്തിന്റെ പരിപാലനം എന്നത് ആരോഗ്യകരമായ ഭക്ഷണ ശീലവും ചിട്ടയായ വ്യായാമവും ധാർമ്മികമായ ജീവിതശൈലിയും സ്വസ്ഥമായ മനസുമാണ്. ആരോഗ്യമുള്ള തലമുറയാണ് സമൂഹത്തിന്റെയും സഭയുടെയും സമ്പത്ത്. വി. ജോൺ ക്രിസോസ്റ്റം (എഡി 349-407) ആശുപത്രികളും ആതുര കേന്ദ്രങ്ങളും ആരംഭിച്ചപ്പോൾ ജനങ്ങളിൽ നിന്നും അളവറ്റ സ്നേഹ വാത്സല്യങ്ങൾ നേടി. ശരീരത്തിനും മനസ്സിനും ആത്മാവിനും സൗഖ്യം പകരുന്ന സഭയെ അദ്ദേഹം ആതുരാലയമായി (Hospital) ചിത്രീകരിച്ചിരിക്കുന്നു. അതിന്റെ മാർഗ്ഗവും അടിസ്ഥനവും നല്ല ശമര്യാക്കാരന്റെ ഉപമയാണ് (ലൂക്കോ. 10:30-37). മുറിവേറ്റവനെ കോരി എടുത്ത് സത്രത്തിൽ കൊണ്ടുപോയി സൗഖ്യവും ജീവനും പകരുന്ന മാർഗ്ഗമാണ്. ആത്മശരീര മനസുകളുടെ സമ്പൂർണ്ണ സൗഖ്യവും വിശുദ്ധീകരണവുമാണ് ആരാധനാ ജീവിതത്തിലൂടെ വിശ്വാസികൾ ആർജ്ജിക്കുന്നത്. ആരോഗ്യം സംസിദ്ധമാക്കുവൻ പ്രാർത്ഥനയുടെയും ധ്യാനത്തിന്റെയും നോമ്പിന്റെയും അന്തരീക്ഷം സമഗ്ര സൗഖ്യത്തിന് അനിവാര്യമാണ്.

സന്തുഷ്ട ഹൃദയവും മനസും ശരീരത്തിന്റെ അരോഗവസ്ഥയാണ് പ്രദാനം ചെയ്യുന്നത്. ആവശ്യസന്ദർഭങ്ങളിൽ സമഗ്ര സൗഖ്യത്തിനായി ആരാധനാ ജീവിതത്തിന് ഒപ്പം ഫലപ്രദമായ കൗൺസലിങ്ങും ചികിൽസയും സ്വീകരിക്കണം.

> “ സമൂഹത്തിൽ എല്ലാവർക്കും നീതിയും ശാന്തിയും സ്വാതന്ത്ര്യവും അന്തസ്സും ലഭ്യമാകുന്ന വ്യവസ്ഥിതി ഉണ്ടാകുമ്പോൾ സമഗ്ര ആരോഗ്യവും സൗഖ്യവും യാഥാർത്ഥ്യമാകും. പഞ്ചനക്ഷത്ര ആശുപത്രികളിലെ നവകമ്പോള മുതലാളിത്തം മനുഷ്യ സമൂഹത്തെ രോഗാതുരമാക്കി സാമ്പത്തിക കെണിയിൽ തള്ളുകയാണ്. ”

ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ
ചീഫ് എഡിറ്റർ
karingattilachan@gmail.com

നോമ്പ് വിചാരം

സഭാ ജീവിതം

■ ഡോ. എബ്രഹാം മാർ സെറാഫീം മെത്രാപ്പോലീത്ത

സഭയിൽ മൂന്നു വിഭാഗം ആളുകളെ കാണുവാൻ കഴിയും. 1) സഭയുടെ ആചാരാനുഷ്ഠാനങ്ങൾ പാലിച്ചു ജീവിക്കുന്ന 'മതാനുയായികൾ' 2) കാതോലിക്കാ സിംഹാസനത്തോട് കൂറും ഭക്തിയുമുള്ള 'സഭാ സ്നേഹികൾ' 3) സഭയുടെ ആചാരാനുഷ്ഠാനങ്ങൾ പാലിക്കുകയും കാതോലിക്കാ സിംഹാസനത്തോട് കൂറും ഭക്തിയും പ്രകടിപ്പിക്കുകയും എന്നാൽ ഇതിനൊക്കെ ഉപരിയായി തങ്ങളുടെ ആത്മാവിന്റെ രക്ഷയെ കാര്യമായി പരിഗണിക്കുന്ന 'ആത്മീയർ'.

ഇതിൽ ഒന്നാമത്തെ വിഭാഗത്തിൽപ്പെടുന്നവരാണ് ഭൂരിഭാഗം വിശ്വാസികളും. പതിവായി ദേവാലയത്തിൽ പോവുകയും കൂദാശകൾ സ്വീകരിക്കുകയും സഭ നിഷ്കർഷിക്കുന്ന നോമ്പും നമസ്കാരങ്ങളും ഒക്കെ നിർവ്വഹിക്കുകയും ഭവനങ്ങളിൽ പ്രാർത്ഥന നടത്തുകയും ഒക്കെ ചെയ്യുന്നവരാണവർ. എന്നാൽ അവരുടെ ജീവിതത്തിൽ ഇങ്ങിനെ ചില സ്റ്റാറ്റസ്കോ നിലനിർത്തുന്നതല്ലാതെ ദൈവ തേജസ്സിലേക്കുള്ള വളർച്ചയെക്കുറിച്ചുള്ള ബോധ്യം അവർക്കില്ല. ഈ കർമ്മാനുഷ്ഠാനങ്ങൾ നിർവ്വഹിക്കുന്നതാണ് ആത്മീകതയെന്ന് അവർ ധരിച്ച് അതിൽത്തന്നെ മുന്നേറുന്നു. ദൈവ തേജസ്സിന്റെ വളർച്ച സ്വന്തം ജീവിതത്തിൽ സംഭവിക്കുന്നുവോ എന്ന് ഒരു പരിശോധന പോലും ഇവർ നടത്താറില്ല. കർമ്മാനുഷ്ഠാനങ്ങൾ തങ്ങളെ സ്വർഗ്ഗരാജ്യത്തെത്തിക്കുമെന്ന് അവർ കരുതുന്നു. കർമ്മാനുഷ്ഠാനങ്ങൾ ആത്യന്തിക ലക്ഷ്യമല്ലെന്നും പ്രത്യുത ലക്ഷ്യത്തിലേക്കുള്ള ചവിട്ടുപടികളാണെന്നും തിരിച്ചറിയേണ്ടിയിരിക്കുന്നു. ആചാരാനുഷ്ഠാനങ്ങൾ ഒക്കെ നിർവ്വഹിക്കുമ്പോഴും ആത്മാവിന്റെ ശോഭ വർദ്ധിക്കുന്നുവോ എന്ന ചോദ്യം നിരന്തരം ചോദിച്ചുകൊണ്ടിരിക്കണം. കാലങ്ങളായി ആചാരാനുഷ്ഠാനങ്ങൾ നിർവ്വഹിച്ചിട്ടും ആന്തരിക സമാധാനം അനുഭവിക്കാതെയും അനുഷ്ഠാനങ്ങൾക്കുശേഷം ശണ്ഠ കൂടുകയും ഒക്കെ ചെയ്ത് ഇത്തരക്കാർ കാലം കഴിക്കുന്നു. കർത്താവ് ശപിച്ച അത്തിപോലെയാണീക്കൂട്ടർ. പുറമെ നോക്കിയാൽ ഫലം ഉണ്ടെന്നുതോന്നു. പക്ഷെ നിഷ്ഫലരായി ജീവിക്കുന്നു.

വി. വേദപുസ്തകമോ മറ്റ് ആരാധന ക്രമങ്ങളോ കൈകൊണ്ട് തൊടില്ലെങ്കിലും സഭാ ഭരണഘടനയുടെ ഒരു കോപ്പി മിക്കപ്പോഴും കരുതിയിരിക്കും. വി. വേദപുസ്തകത്തിലെ ഒരു പുസ്തകം എടുത്തു വായിക്കുവാൻ പറഞ്ഞാൽ ഇന്റക്സ് തപ്പി പുസ്തകം വായിക്കുന്നവർക്ക് ഭരണഘടനയുടെ വകുപ്പുകൾ മിക്കവയും മനഃപാഠമാണ്. അവർ കൃത്യതയോടെ നിർവ്വഹിക്കുന്ന ഒരു കൂദാശ വി. കുമ്പസാരമാണ്.

സഭാ സ്നേഹികളായ രണ്ടാമത്തെ വിഭാഗക്കാർക്ക് ആത്മീയ ജീവിതമോ സഭയുടെ കൂദാശകളോ, ആചാരാനുഷ്ഠാനങ്ങളോ ഒന്നുംതന്നെ വിഷയമല്ല. സഭയുടെ 'സമുദായ തലം' മാത്രമാണ് അവരുടെ ശ്രദ്ധ. കാതോലിക്കാ ദിനാഘോഷവും, റാലികളും സന്ദേശയാത്രകളും മറ്റുമാണ് ഇക്കൂട്ടർക്ക് പ്രധാനം. ഇവരിൽ മിക്കവാറും പള്ളിക്കകത്ത് ആരാധനയിൽ സംബന്ധിക്കുന്നത് വളരെ കുറച്ചു സമയം മാത്രമാകും. ചിലർ പള്ളിയുടെ പൂമുഖത്തായിരിക്കും കൂടുതൽ സമയവും. ഭക്തിനിർഭരമായി നടത്തുന്ന പ്രദക്ഷിണങ്ങളിൽ കാതോലിക്കാ പതാക പിടിക്കുവാനും കഴിയുമെങ്കിൽ അവിടെ പോലും ജയ് ജയ് കാതോലിക്കോസ് വിളിക്കുവാനും ഇക്കൂട്ടർക്ക് മടിയില്ല. അവർ ഉള്ളതുകൊണ്ടുമാത്രമാണ് സഭ നിലനിൽക്കുന്നതെന്ന ഒരു ചിന്ത ഇക്കൂട്ടർക്കുണ്ട്. വി. വേദപുസ്തകമോ മറ്റ് ആരാധന ക്രമങ്ങളോ കൈകൊണ്ട് തൊടില്ലെങ്കിലും സഭാ ഭരണഘടനയുടെ ഒരു കോപ്പി മിക്കപ്പോഴും കരുതിയിരിക്കും. വി. വേദപുസ്തകത്തിലെ ഒരു പുസ്തകം എടുത്തുവായിക്കുവാൻ പറഞ്ഞാൽ ഇന്റക്സ് തപ്പി പുസ്തകം വായിക്കുന്നവർക്ക് ഭരണഘടനയുടെ വകുപ്പുകൾ മിക്കവയും മനഃപാഠമാണ്. അവർ കൃത്യതയോടെ നിർവ്വഹിക്കുന്ന ഒരു കൂദാശ വി. കുമ്പസാരമാണ്. ഇടവക യോഗങ്ങളിൽ സംബന്ധി



ക്കുവാൻ ഇതൊരു നിർബന്ധമായതിനാൽ അത് ചെയ്തെന്നുവരുത്തി കുമ്പസാര രജിസ്റ്ററിൽ അവർ പേരെഴുതും. ഏതു പരിപാടിക്കും ഒരു ബാഡ്ജ് കിട്ടണമെന്നും അതു ധരിച്ച് നടക്കണമെന്നും ഇവർക്ക് നിർബ്ബന്ധമാണ്. പള്ളിയിലെ പരിപാടികളുടെ ചിത്രങ്ങൾ ദിനപ്പത്രങ്ങളിൽ വരുമ്പോൾ തങ്ങളുടെ മുഖവും അതിലുണ്ടാകണമെന്ന് ഇവർക്ക് നിർബ്ബന്ധമാണ്. സുവനീറുകളിലും പ്രത്യേക സപ്ളിമെന്റുകളിലും പടം വരുന്നത് ഇവർക്ക് പ്രത്യേക സന്തോഷം നൽകുന്നു. പടം വന്നില്ലെങ്കിൽ അതേച്ചൊല്ലി കലഹമുണ്ടാക്കുവാനും പള്ളിയിൽ ഛിദ്രമുണ്ടാക്കുവാനും ഇവർ ശ്രമിക്കും. ഇവരിൽ ചിലരെക്കൊണ്ട് പള്ളി നടത്തിപ്പുതന്നെ ദുഷ്കരമാകുന്നു.

എന്നാൽ മൂന്നാമത്തെ വിഭാഗത്തിൽപ്പെടുന്നവർ ആത്മാവിന്റെ വളർച്ചയും രക്ഷയും ശ്രദ്ധയോടെ കൈകാര്യം ചെയ്യുന്നവരാണ്. അവർ ഇടവകകളിൽ നിശബ്ദസേവനം ചെയ്യുന്നവരാണ്. അനുതാപ ജീവിതം അവരുടെ മുഖമുദ്രയാണ്. നിരന്തരമായി പ്രാർത്ഥനയിലും നോമ്പനുഷ്ഠാനങ്ങളിലും അവർക്കു താല്പര്യം കൂടും. മറ്റുള്ളവരുമായി ശണ്ഠ കൂടുവാനോ സ്ഥാനമാനങ്ങൾ വഹിക്കുവാനോ ഇവർ ഉണ്ടാവുകയില്ല. ദേവാലയത്തിലെ ആരാധാനുഷ്ഠാനങ്ങൾ പോലെതന്നെ ഭവനങ്ങളിലും ഇവർ ആത്മീയ അന്തരീക്ഷം സൃഷ്ടിക്കും. കുടുംബാംഗങ്ങൾക്കും വിശേഷാൽ വരുന്ന തലമുറകൾക്കും മാതൃകയായി ജീവിക്കുവാനും അവർക്ക് ആത്മീയ ചൈതന്യം പകരുവാനും ഇവർ ശ്രമിക്കും. ആത്മീകത വെളിപ്പെടുന്നത് മനുഷ്യരോടുള്ള ബന്ധങ്ങളിലാണ്. ഈ വിഭാഗത്തിൽപ്പെടുന്നവർ എല്ലാവരുമായും നല്ല സ്നേഹബന്ധം കാത്തുസൂക്ഷിക്കുവാനും എന്തെങ്കിലും ആശയപരമായ വ്യത്യാസങ്ങൾ ഉണ്ടെങ്കിൽത്തന്നെ സൗമ്യമായി സംസാരിക്കുവാനും പരിഹരിക്കുവാനും ഇവർ ശ്രമിക്കുന്നു. ഇവരുടെ രഹസ്യ ജീവിതം ശുദ്ധവും പരസ്യ ജീവിതം മാതൃകാപരവുമാകും. പരസ്യമായ ആരാധനപോലെതന്നെ രഹസ്യമായ പ്രാർത്ഥനാ ജീവിതം ഇവർ സൂക്ഷിക്കുന്നുണ്ടാവും. ആരും കാണാതെയും ആരെയും കാണിക്കാതെയും ഇവർ പ്രാർഥിക്കുന്നുണ്ടാകും. ഇത്തരത്തിലുള്ളവരുടെ സാന്നിദ്ധ്യം മറ്റുള്ളവർക്ക് സന്തോഷവും സമാധാനവും പ്രദാനം ചെയ്യും. മറ്റുള്ളവരുടെ പ്രയാസ ഘട്ടങ്ങളിൽ നിബന്ധനകൾ ഒന്നുമില്ലാതെ ഇവർ സഹായിക്കുവാനെത്തും. ദൈവവും സഭാ ജീവിതവും നിത്യ ജീവനും ഇത്തരക്കാരുടെ നിരന്തര ധ്യാനമാണ്. അതുകൊണ്ടുതന്നെ അവർ ചരിക്കുന്ന പാത ഋജുവാണ്.

ഇതിൽ നാം ഏതു വിഭാഗത്തിൽപ്പെടുന്നു?, മൂന്നു വിഭാഗത്തിലെയും കുറച്ചു കാര്യങ്ങളെങ്കിലും നമ്മിൽ ഉണ്ടാവാം. എന്നാൽ ആത്യന്തിക ലക്ഷ്യം സഭാ ജീവിതത്തിലൂടെ ദൈവ ബന്ധത്തിലും ആത്മാവിന്റെ ശോഭയിലും വളരുകയാണ്. സ്വർഗ്ഗരാജ്യവും നിത്യ ജീവനും നമ്മുടെ നിരന്തര ധ്യാനമാവട്ടെ. കൂദാശാ ജീവിതം കുറെക്കൂടി കാര്യമായി പരിഗണിക്കപ്പെടട്ടെ. ഇടവകകളും പൊതുവെ സഭയും സാക്ഷ്യമുള്ള സമൂഹമാകട്ടെ. അങ്ങനെ വന്നാൽ ലോകത്തെ മാറ്റിമറിക്കുക എന്ന ലക്ഷ്യപ്രാപ്തിയിലെത്തുവാൻ നമ്മുടെ സഭയ്ക്കു കഴിയും. കൂടാതെ കൂടുതൽ ആത്മീകരുടെ സാന്നിദ്ധ്യം ഈ ലോകത്തിന് പുതിയ വെളിച്ചം നൽകും. നിങ്ങൾ ലോകത്തിന്റെ പ്രകാശമാണെന്ന തമ്പുരാന്റെ വചനം യാഥാർത്ഥ്യമാകും. ■

NEWs

പുലിക്കോട്ടിൽ ഒന്നാമന്റെ ചരമ ദ്വിശതാബ്ദി :

ആർത്താറ്റ് പടിയോലയെക്കുറിച്ച് സെമിനാർ

കുന്നംകുളം: വിദേശ ആത്മീയ മേൽക്കോയ്മയെ തള്ളിപറഞ്ഞ് ആർത്താറ്റ് പള്ളിയിൽ നൂറ്റാണ്ടുകൾക്കു മുമ്പ് ഏതാനും പിതാക്കന്മാർ ചേർന്ന് എഴുതി തയ്യാറാക്കി ഒപ്പിട്ട രേഖയായ ആർത്താറ്റ് പടിയോലയെക്കുറിച്ചു പുലിക്കോട്ടിൽ മാർ ദിവന്നാസിയോസ് ഒന്നാമന്റെ ചരമ ദ്വിശതാബ്ദിയോടനുബന്ധിച്ചു സെമിനാർ നടത്തി. ആസൂത്രണ ബോർഡ് അംഗം സി.പി. ജോൺ ഉദ്ഘാടനം ചെയ്തു.

മുറിയാത്ത കണ്ണികളുള്ള ചരിത്രമാണു കേരള ക്രിസ്തീയ സഭാ ചരിത്രമെന്നും അതിൽ കഥകളിൽനിന്നു ചരിത്രത്തിലേക്കുള്ള യാത്രയിൽ ഏറ്റവും പ്രധാനപ്പെട്ട ചരിത്രരേഖയാണ് ആർത്താറ്റ് പടിയോല എന്നും ജോൺ പറഞ്ഞു. വളച്ചൊടിക്കപ്പെട്ട ചരിത്രം കൃത്യതയോടെ സമൂഹത്തെ ബോധ്യപ്പെടുത്താനും സ്വയം തിരിച്ചറിയാനും കഴിയണമെന്ന് അധ്യക്ഷനായിരുന്നു ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ ഓർമ്മിപ്പിച്ചു. മാർത്തോമ്മാശ്ലീഹായുടെ പാരമ്പര്യമുള്ള ക്രിസ്ത്യാനികളുടെ സ്വത്വം സംരക്ഷിക്കാനുള്ള ശ്രമങ്ങളുടെ ആദ്യപരിശ്രമമായിരുന്നു മട്ടാഞ്ചേരിയിലെ കൂനൻ കുരിശ് സത്യം.

ഇതു ദേശീയ സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമാണ്. കൂനൻകുരിശ് സത്യം പോർച്ചുഗീസ്, റോമ ആധിപത്യത്തിനു എതിരായിരുന്നുവെങ്കിൽ മുഴുവൻ വിദേശ മേൽക്കോയ്മയെയും തള്ളുന്ന പ്രഖ്യാപനമാണ് ആർത്താറ്റ് പടിയോല എന്നു ഡോ. എം. കുര്യൻ തോമസ് അഭിപ്രായപ്പെട്ടു.

1946-ൽ വീണ്ടെടുത്ത പടിയോല പാലിയത്തച്ചന്മാരുടെ തറവാട്ടിലാണു കണ്ടെത്തിയത്. ജോണപ്പ ബാവായ്ക്ക് സമർപ്പിച്ച നാലു സെന്റിമീറ്റർ വീതിയും 56.5 സെന്റിമീറ്റർ നീളവുമുള്ള ഈ ചരിത്രരേഖ സഭ ആസ്ഥാനത്തു സൂക്ഷിക്കുന്നു. സെമിനാറിൽ അഡ്വ. ഡോ. പി.സി. മാത്യു, ഫാ.വി.എം. ശാമുവേൽ എന്നിവരും പ്രസംഗിച്ചു. ■

സൺഡേസ്ക്കൂൾ അവാർഡ് ജേതാക്കൾ

കോട്ടയം:- പൗരസ്ത്യ ഓർത്തഡോക്സ് സൺഡേസ്ക്കൂൾ അസോസിയേഷൻ അഖില മലങ്കര സൺഡേസ്ക്കൂൾ അവാർഡ് ജേതാക്കളായി അഭിഷേക് തോമസ്, സെ. തോമസ് കുണ്ടറ (സൺഡേസ്ക്കൂൾ പ്രതിഭ), നേഹ സൂസൻ ജോർജ്, സെ. ജെയിംസ് തൃക്കോതമംഗലം (ഗാനസുഗന്ധി), ജോ ഐ. ജോർജ്, സെ. തോമസ് വലിയപള്ളി കുണ്ടറ (വിജ്ഞാനി), ജോയൽ ഏബ്രഹാം, സെന്റ് പീറ്റേഴ്സ് പുതാമ്പുറം, നിരണം (പ്രവീൺ), ലിനി ചെറിയാൻ എം.ഡി.എം. തോട്ടപ്പുഴ, ചെങ്ങന്നൂർ (വേദവചനഭൂഷൺ) എന്നിവരെ തെരഞ്ഞെടുത്തു.

FAITH

നോമ്പും ഉപവാസവും

ഫാ. ഡോ. ജേക്കബ് മാത്യു കാരിച്ചാൽ



'മുട്ട, മാംസം, മീൻ, പാൽ, പാലുല്പന്നങ്ങൾ എന്നിവ നോമ്പിൽ വർജ്ജിച്ചിരിക്കണമെന്ന് നിഷ്കർഷിക്കുന്നു. ഇന്നത്തെ സാഹചര്യത്തിൽ പ്രോട്ടീൻ സമ്പുഷ്ടമായ കശുവണ്ടിപ്പരിപ്പ്, ബദാം, കോൽനട്ട് എന്നിവയുടെ അമിത ഉപഭോഗം നോമ്പിലെങ്കിലും നിയന്ത്രിക്കുവാൻ ശ്രദ്ധിക്കേണ്ടതുണ്ട്.

നോറ്റിരിക്കുന്നതാണ് 'നോമ്പ്' (to wait upon) കാത്തിരിക്കുന്നു എന്നുള്ളതുകൊണ്ടും ചിലകാര്യങ്ങൾക്കായി ആഗ്രഹിച്ചിരിക്കുന്നതിനാലും പ്രാധാന്യം കല്പിക്കുന്നതിനാലും മറ്റുള്ളവ അപ്രധാനമായിത്തീരുന്നു. ക്രിസ്തുവിന്റെ വരവിനായി കാത്തിരിക്കുന്നു എന്ന് ആത്മിക അർത്ഥം ചേർക്കാം. 'ഉപവാസം' എന്നത് (to sit beside) എന്ന അർത്ഥത്തിൽ കൂടെ ഇരിക്കുക എന്നും സാന്നിധ്യം അനുഭവിക്കുക എന്നും കാണാം. ഭാരതീയ അർത്ഥത്തിൽ, ഗുണങ്ങളോടൊത്തിരിക്കുക എന്നും ക്രിസ്തീയ അർത്ഥത്തിൽ, മുന്നെഴുതിയതു കൂടാതെ ക്രിസ്തുവിനൊപ്പം അഥവാ വി. ത്രിത്വത്തിനൊപ്പം എന്നും സൂചിപ്പിക്കുന്നു. നോമ്പ്, ഉപവാസം എന്നീ പദങ്ങൾക്ക് സാധാരണയായി കണക്കാക്കിവരുന്ന അർത്ഥം യഥാക്രമം പരിമിത വർജ്ജനം എന്നും (abstention) എന്നും സമ്പൂർണ്ണ വേറിടൽ (fasting) എന്നും ആണ്. എന്തായാലും, കാത്തിരിക്കുന്നതും സാന്നിധ്യമനുഭവിക്കുന്നതും ഒരേ അനുഭവത്തിലെ രണ്ട് വശങ്ങളാണ്. കാത്തിരിക്കുമ്പോൾ അത് അനുഭവിക്കുന്നുമുണ്ട്. ക്രിസ്തുവിന്റെ വരവിനായി കാത്തിരിക്കുന്നവർ അവിടുന്ന് ഒപ്പമുണ്ട് എന്ന ബോധ്യത്തോടെ നമ്മോടൊപ്പം ആരാധനയോടും പ്രത്യാശയോടും ജീവിക്കണമെന്ന് വിവക്ഷ.

നോമ്പിലെ വർജ്ജനങ്ങൾ സംബന്ധിച്ച്

ശരീരത്തിന് കൂടുതൽ പോഷണം നൽകുന്നതും, ആഢംബരത്തിന്റെയും ധാരാളിത്തത്തിന്റെയും ഭാഗമായതുമായ ഭക്ഷണങ്ങൾ വർജ്ജിച്ച് ശരീരത്തെ വരുതിയിൽ നിർത്താനും തദ്വാരാ ആത്മാവിനെ ശക്തിപ്പെടുത്തുവാനുമുദ്ദേശിച്ചുള്ളതാണ് നോമ്പിലെ വർജ്ജനകൾ. ഗ്രീക്കുകാർ, സസ്യ എണ്ണകളുൾപ്പെടെ വർജ്ജിച്ചിരിക്കണമെന്ന് നിഷ്കർഷിക്കുമ്പോൾ നമ്മുടെ പൈതൃകത്തിൽ ശരീരത്തിന് കൂടുതൽ പോഷണമേകുന്നതും കൂടുതൽ രുചിപ്ര

1. വാങ്ങിപ്പോയവർ സഭയിൽതന്നെ, സഭയുടെ അംഗങ്ങളായി തുടരുന്നു എന്നു നാം കണ്ടുകഴിഞ്ഞു. സഭയുടെ അംഗങ്ങളുടെ പ്രധാന ഉത്തരവാദിത്തം പരസ്പരം പ്രാർത്ഥിക്കുകയാണ് എന്ന് വേദപുസ്തകം പറയുന്നു. പൗലോസിന്റെ ലേഖനങ്ങളിൽ ഇതിനു ധാരാളം തെളിവുകൾ ഉണ്ട്. അപ്പോൾ സഭാംഗങ്ങൾ എന്നനിലയിൽ വാങ്ങിപ്പോയവർക്കുവേണ്ടി പ്രാർത്ഥിക്കുന്നത് ന്യായയുക്തമല്ലേ?.

2. വാങ്ങിപ്പോയവർക്കുവേണ്ടി പ്രാർത്ഥിക്കണം എന്ന് കർത്താവ് പുതിയനിയമത്തിൽ പറയുന്നില്ല എന്ന് ചിലർ വാദിച്ചേക്കാം. പുതിയനിയമത്തിൽ ഒരു കല്പനയായിട്ട് നൽകുന്നില്ല എന്നത് മാത്രം അതിനെ നിഷേധിക്കുവാൻ മതിയായ കാരണമല്ല. വാങ്ങിപ്പോയവർക്കുവേണ്ടി പ്രാർത്ഥിക്കരുത് എന്ന് നേരെ മറിച്ച് ഒരു കല്പന, പുതിയനിയമം നൽകാത്തിടത്തോളം വിശദമായ പഠനം നടത്തി വേദപുസ്തകപരമായ അടിസ്ഥാനം നിർണ്ണയിക്കേണ്ടതാണ്.

3. വാങ്ങിപ്പോയവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതുമൂലം അവർക്ക് എന്ത് പ്രയോജനമാണ് ഉണ്ടാകുന്നതെന്ന് ചോദിച്ചേക്കാം. വിശ്വാസികൾ എല്ലാവരും പുനരുത്ഥാനത്തിന്റെ നാളുവരെയും വളർച്ചയുടെയും ശുദ്ധീകരണത്തിന്റെയും അവസ്ഥയിലാണ്. (ഫിലി. 1:4; 1 കൊരി. 1:8; 1 തെസ്സ. 5:23) അപ്പോൾ പരസ്പരം പ്രാർത്ഥിക്കുന്നതുമൂലം ഈ വളർച്ചയെയും ശുദ്ധീകരണത്തെയും അത് സഹായിക്കും. കൂടാതെ, മരിച്ചവരുടെ സുവിശേഷം അറിയിച്ചതുതന്നെ അവർക്ക് ആ അവസ്ഥയിൽ സ്വയം തിരുത്തുവാനും കൃപ ലഭിക്കുവാനും യോഗ്യതയും സാദ്ധ്യതയും ഉള്ളതുകൊണ്ടാണല്ലോ. അപ്പോൾ അതേ ലക്ഷ്യം വച്ചുകൊണ്ട് അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതും ന്യായയുക്തമാണല്ലോ.

4. കർത്താവിന്റെ കാലത്തും, അതിനുമുമ്പും യഹൂദന്മാരുടെ ഇടയിൽ ഭാഗ്യസ്മരണാർഹരായ വാങ്ങിപ്പോ

വാങ്ങിപ്പോയവർക്കുവേണ്ടിയുള്ള പ്രാർത്ഥനയും മദ്ധ്യസ്ഥയും

ഫാ. ഡോ. ജേക്കബ് കുര്യൻ

യവരെ ഓർക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തിരുന്നതായി തെളിവുണ്ട്. രൂത്ത് 2:20-ൽ 'യഹോവ ജീവനുള്ളവരോടും മരിച്ചവരോടും ദയവുള്ളവനാണ്' എന്നു പറയുന്നു. 1 ശമുവേൽ 28-ൽ വാങ്ങിപ്പോയ ശമുവേലിന്റെ പ്രത്യേകം സഹായം ശൗൽ തേടുന്നു. പ്രത്യേകിച്ച് 19-ാം വാക്യത്തിൽ "നാളെ നീയും നിന്റെ പുത്രന്മാരും എന്നോടുകൂടെ ആകും" എന്ന് പറയുന്നതിൽ നിന്ന് മരണാനന്തര അവസ്ഥയിലേക്കുള്ള ഒരു സൂചന ലഭിക്കുന്നു. ആവർത്തനം 26:14 ഈ സംഗതിയിലേക്ക് വെളിച്ചം വീശുന്നതാണ്. അതിന്റെ വളർച്ചയാണ്, ആളുകൾ മരിക്കുമ്പോൾ നടത്തിയിരുന്ന ദു:ഖാചരണവും അനുസ്മരണയും. മോശ മരിച്ചപ്പോഴും (ആവ. 34:8) അഹറോൻ മരിച്ചപ്പോഴും (സംഖ്യ 20:29) നടത്തിയത് ഇതിനുമുമ്പിലുള്ള ഉദാഹരണമാണ്. യഹൂദ മഹാപുരോഹിതന്മാർ മാർവ്വിടത്തിൽ അണിഞ്ഞിരുന്ന പതക്കം ഇസ്രായേലിന്റെ പന്ത്രണ്ട് ഗോത്രങ്ങളെയും ഗോത്രപിതാക്കന്മാരെയും ദൈവസന്നിധിയിൽ അനുസ്മരിക്കുന്നതിന്റെ സൂചനയും ആയിരുന്നു (പുറപ്പാട് 28:21). അപ്പോക്രീഫാ പുസ്തകമായ മക്കാബിയരുടെ പുസ്തകത്തിൽ വാങ്ങിപ്പോയവരെ അനുസ്മരിച്ച് ദൈവസന്നിധിയിൽ പ്രാർത്ഥന നടത്തിയതിന് വ്യക്തമായ തെളിവുണ്ട് (2 മക്കാബിയർ 12:45; 5:15).

5. എഫേ. 6:18ലും 1 തിമോത്തി 2:1ലും സകല മനുഷ്യർക്കും വിശുദ്ധന്മാർക്കും വേണ്ടി പ്രാർത്ഥിക്കേണ്ടയാവശ്യകത പൗലോസ് സൂചിപ്പിക്കുന്നു. ഈ സകലരിലും നിന്നു വാങ്ങിപ്പോയവരെ ഒഴിവാക്കിയെന്ന് പറയാമോ?

6. 2 തിമോത്തി 1:6-18, ഒനെസിഫോറസിന്റെ പേരിലുള്ള ഒരു അനുസ്മരണയാണ്. ഒനേസിഫോറസ് വാങ്ങിപ്പോയപ്പോൾ വി. പൗലൂസ് അവന്റെ കുടുംബത്തിനു നൽകുന്ന ആശ്വാസവചനവും അവനുവേണ്ടിയുള്ള ഒരു പ്രാർത്ഥനാവചനവുമായിട്ടാണ് ഇതിനെ മനസ്സിലാക്കേണ്ടത്. "ആ ദിവസത്തിൽ കർത്താവിന്റെ പക്കൽ കരുണ കണ്ടെത്തുവാൻ കർത്താവ് അവനു സംഗതി വരുത്തട്ടെ" എന്നത്, വാങ്ങിപ്പോയവന് അവസാനദിവസം കരുണ ലഭിക്കുവാനുള്ള ഒരു പ്രാർത്ഥനയാണ്. ■

ദവുമായവ എന്ന അർത്ഥത്തിൽ, മുട്ട, മാംസം, മീൻ, പാൽ, പാലുല്പന്നങ്ങൾ എന്നിവ നോമ്പിൽ വർജ്ജിച്ചിരിക്കണമെന്ന് നിഷ്കർഷിക്കുന്നു. ഇന്നത്തെ സാഹചര്യത്തിൽ പ്രോട്ടീൻ സമ്പുഷ്ടമായ കശുവണ്ടിപ്പരിപ്പ്, ബദാം, കോൽനട്ട് എന്നിവയുടെ അമിത ഉപഭോഗം നോമ്പിലെങ്കിലും നിയന്ത്രിക്കുവാൻ ശ്രദ്ധിക്കേണ്ടതുണ്ട്.

നോമ്പുപവാസങ്ങളും വർജ്ജനങ്ങളും ഔദ്യോഗികവും എല്ലാവരും പാലിക്കുവാൻ ബാദ്ധ്യസ്ഥരുമാണെങ്കിലും ചില വിഭാഗത്തിൽപെട്ടവരെ ഒഴിവാക്കിയിട്ടുണ്ട്. മലങ്കരസഭയിൽ ഔഗേൻ ബാവയുടെ കാലം മുതൽ രോഗികൾ, ഗർഭിണികൾ, വൃദ്ധജനങ്ങൾ, കുഞ്ഞുങ്ങൾ (പ്രായം നിശ്ചയിച്ചിട്ടില്ല എങ്കിലും കൊച്ചു കുട്ടികൾ എന്ന് സൂചിതം) എന്നീ വിഭാഗങ്ങൾക്ക് നോമ്പിലെ വർജ്ജനങ്ങൾ സംബന്ധിച്ച് ഒഴിവുണ്ട്. അതായത് ആ വിഭാഗക്കാർക്ക് ആവശ്യമെങ്കിൽ മീനും, പാലും ഉപയോഗിക്കുവാൻ അനുവദിച്ചിട്ടുണ്ട്.

നോമ്പും വി. കുർബ്ബാനയും

നോമ്പുപവാസങ്ങൾ അനുതാപത്തിന്റെ അനുഷ്ഠാനങ്ങൾ ആണ്. വി. കുർബാന അതിന്റെ പരിസമാപ്തിയോ ക്രിസ്തു സാന്നിദ്ധ്യത്തിന്റെ ആഘോഷ പൂർവ്വമായ പങ്കുചേരലോ ആകുന്നതിനാൽ ഉപവാസത്തിന് തടസ്സമുണ്ടാകാതെയും വി. കുർബാനയ്ക്കുള്ള ഒരുക്കം ശേലോടെ നിർവ്വഹിക്കുവാൻ പാകത്തിലും ആയിരിക്കണം ആയത് ക്രമീകരിക്കുവാൻ. അതുകൊണ്ടുതന്നെ വലിയ നോമ്പിൽ (അമ്പതുനോമ്പിൽ) ശനി, ഞായർ ദിവസങ്ങളിലോ നോമ്പിന്റെ മദ്ധ്യേ ദിവസത്തിലോ (പാതി നോമ്പ്) മറ്റ് ഔദ്യോഗിക ക്രമീകരണത്തിലുള്ള ദിവസങ്ങളിലോ മാത്രമെ വി. കുർബാന നടത്തുന്നുള്ളു. അങ്ങനെയാണ് വചനിപ്പിന്റെ ദിവസത്തിലും (മാർച്ച് 25), പാതിനോമ്പിലും, നാല്പതുദിന നോമ്പിന്റെ പൂർത്തികരണമായ നാല്പതാം വെള്ളിയിലും കഷ്ടാനുഭവ ആഴ്ചയിൽ പെസഹാ വ്യാഴത്തിലും വി. കുർബാന അർപ്പിക്കുന്നത്. വി കുർബാനയിൽ വിശ്വാസി കർത്താവിനെ ധരിക്കുകയാണ്. അതുകൊണ്ടുതന്നെ മണവാളൻ കൂടെയുള്ളപ്പോൾ ഉപവാസം ആവശ്യമില്ല എന്ന് വച്ചിരിക്കുന്നു. അന്ന് കുമ്പിടീലും ആവശ്യമില്ല. വി. കുർബാനയിൽ പങ്കുചേർന്നവർ ഉപവാസത്തിൽ ഇരുന്നുകൂടാ എന്നതുകൊണ്ടാണ് വി. കുർബ്ബാനക്കുശേഷം ഉപവസിക്കരുത് എന്ന് നിഷ്കർഷിക്കുന്നത്. വി. കുർബ്ബാനയിൽ സംബന്ധിക്കുന്നവൻ അതിന്റെ എല്ലാവിധ ബോധ്യാനുഭവങ്ങളിലും തുടർന്ന് ആയിരിക്കണമെന്ന് വിവക്ഷിക്കുന്നു. ■

For Favours Received

Gabriel C.T., Sundale, Karuvatta

നീതിമാനായ യൗസേഫിനെ അവഗണിക്കുന്നുവോ?

■ ഫാ. ഡോ. റ്റി. ജെ. ജോഷ്വ

യേശുക്രിസ്തുവിന്റെ വളർത്തുപിതാവാകാൻ ഭാഗധേയം ലഭിക്കുകയും ആ ദൗത്യം സ്തുത്യർഹമാംവണ്ണം നിർവ്വഹിക്കുകയും ചെയ്ത പിതാവായ യൗസേഫിനെ വിസ്മരിക്കയോ അവഗണിക്കയോ ചെയ്യുന്ന ഒരു പാരമ്പര്യമാണ് സുറിയാനി സഭയിൽ ഉള്ളത്. യേശുവിന്റ ജനനത്തിനുമുമ്പുള്ള സംഭവ പരമ്പരകളിൽ (Sequence of events) ഒരു ഞായറാഴ്ച യൗസേഫിനുണ്ടായ ദർശനം അനുസ്മരിക്കുന്ന കാര്യം വിസ്മരിക്കുന്നില്ല. അദ്ദേഹത്തിന്റെ ചരമദിനം അനിശ്ചിതമാണ്; അതു അനുസ്മരിക്കുന്നതുമില്ല. അദ്ദേഹത്തിന്റെ നാമത്തിൽ ഒരു ദേവാലയമോ, സ്ഥാപനമോ ഉള്ളതായി അറിവില്ല. പഴയനിയമ കഥാപാത്രങ്ങളായ ഏലിയാവിന്റെയും യോനായുടെയും നാമത്തിൽ ദേവാലയങ്ങൾ പ്രതിഷ്ഠിക്കപ്പെട്ടിട്ടുണ്ട്. മഗ്ദലനമറിയാമിന്റെ പേരിൽ പോലും സ്ഥാപനവും ദേവാലയവുമുണ്ട്. എന്നാൽ പുണ്യവാനായ യൗസേഫിനെ ഓർക്കുവാൻ, അദ്ദേഹത്തിന്റെ മദ്ധ്യസ്ഥത അപേക്ഷിക്കുവാൻ ഒരു ദേവാലയമോ സ്ഥാപനമോ ഇല്ല.

മനഃപൂർവമായ അവഗണനയുടെ പ്രത്യക്ഷോദാഹരണമാണ് യൽദോപ്പെരുന്നാളിലെ ശുശ്രൂഷാക്രമങ്ങൾ. അവിടെ ആട്ടിടയന്മാരും, കിഴക്കുനിന്നെത്തിയ വിദ്വാന്മാരും ആവർത്തിച്ച് അനുസ്മരിക്കപ്പെടുന്നു. അവിടെയെങ്ങും യൗസേഫ് കടന്നുവരുന്നില്ല. അന്നത്തെ സന്ധ്യാ പ്രാർത്ഥനയുടെ പ്രാരംഭ പ്രാർത്ഥനയിൽ "....മേലുള്ളവരോടൊന്നിച്ച് അന്യൂനമായി പെരുന്നാളാഘോഷിക്കുവാനും, പരമാർത്ഥികളായ ആട്ടിടയന്മാരോടുകൂടെ മടികൂടാതെ കാഹള ശബ്ദം മുഴക്കുവാനും, വിവേകികളായ മ്ഗൂശേന്മാ രോടൊപ്പം വ്യത്യാസം കൂടാതെ നിന്നെ വന്ദിപ്പാനും നിന്നെ പ്രസവിച്ച മറിയാമിനോടുകൂടെ അവസാനമില്ലാതെ നിന്നിൽ സന്തോഷിക്കുവാനും......... ഞങ്ങളെ യോഗ്യരാക്കണമെ!". മറിയാമിനോടും പൈതലിനോടുംകൂടെ അവർക്കു സംരക്ഷണയും സഹായവും ചെയ്തുകൊണ്ട് സദാ ജാഗരൂകനായി വർത്തിച്ച യൗസേഫിനെ എന്തേ വിസ്മരിച്ചു?.

പ്രഭാത പ്രാർത്ഥനയിലെ പ്രാരംഭ പ്രാർത്ഥന ശ്രദ്ധിക്കുക. "മഹിമയുള്ള രാജാവായ കർത്താവെ, ഇപ്പോൾ നീ അത്ഭുതകരമായി വസിച്ച ആ കന്യകയോടുകൂടെയും നിന്റെ ജനനത്താൽ ശാന്തമായി നിന്നെ സ്പർശിച്ച ഭൂമിയോടുകൂടെയും സന്തോഷസമേതം നിനക്കുവേണ്ടി വാഞ്ചിച്ച ഇടയന്മാരോടുകൂടെയും ആനന്ദസമേതം നിന്നെ വന്ദിച്ച മ്ഗൂശേന്മാരോടുകൂടെയും മഹത്വത്തോടെ നിന്നെ സ്തുതിച്ച സ്വർഗ്ഗത്തോടുകൂടെയും....... സ്തുതിയും സ്തോത്രവും കരേറ്റുവാൻ ഞങ്ങളെ യോഗ്യരാക്കണമേ". ഭൂമിയും സ്വർഗ്ഗവുമൊക്കെ സ്തുതിക്കുന്നുണ്ട്. അവിടെയെങ്ങും യൗസേഫിനു പ്രസക്തിയില്ലേ?.

ചരിത്രത്തോടും യാഥാർത്ഥ്യത്തോടും അനീതി കാട്ടുന്ന ഒരു സമീപനമാണ് ഇവിടെ പിന്തുടർന്നിട്ടുള്ളത് എന്നു "പറയാതെ വയ്യാ". യൗസേഫ് വഹിച്ച ദൗത്യം യാഥാർത്ഥ്യ ബോധത്തോടെ മനസ്സിലാക്കുക. യേശുവിന്റെ പ്രജനന പ്രക്രിയയിൽ (procreation) പങ്കില്ല എന്നുള്ളതൊഴിച്ച് ഒരു പിതാവ് നിർവഹിക്കുന്ന സകല ധർമ്മങ്ങളും

ഏറ്റവും വിശ്വസ്തതയോടും കാര്യക്ഷമതയോടും നിർവഹിച്ചു എന്നത് വിസ്മരിക്കാനാവുമോ.? യേശുക്രിസ്തുവിന്റെ ജനന സമയത്ത് ഏറെ വേദനപ്പെടുകയും, ഭാരപ്പെടുകയും ചെയ്തു എന്നു മാത്രമല്ല, മറിയാമിനു ആവശ്യമായ പരിചരണവും സഹായവും നൽകിയത് ആ പുണ്യവാനല്ലേ?. യൗസേഫിനെ കൂടാതെ മാതാവും ശിശുവും മാത്രമായി ചിത്രങ്ങളിൽ കാണാമെങ്കിൽ ചരിത്രത്തിൽ അങ്ങനെ ആയിരുന്നില്ലല്ലോ. ഹേരോദാവിന്റെ ഭീഷണി ഉയർന്നപ്പോൾ മാതാവിനെയും ശിശുവിനെയും കൂട്ടിക്കൊണ്ട് ഈജിപ്തിൽ അഭയം തേടുന്നതും പിന്നീട്, ഹേരോദാവിന്റെ കാലം കഴിഞ്ഞപ്പോൾ നസറേത്തിലേക്കു മടങ്ങിപ്പോയതിനും നേതൃത്വം നൽകിയത് യൗസേഫ് എന്ന "പിതാവ്" അല്ലേ?.

ഒരു ശിശുവിന്റെ വളർച്ചയിൽ മാതാവിനും പിതാവിനുമുള്ള പങ്ക് നമുക്കു ബോധ്യമുള്ളതാണ്. അങ്ങനെയെങ്കിൽ യേശുവിന്റെ വളർച്ചയിലും പരിശീലനത്തിലുമെല്ലാം യൗസേഫ് നിർണ്ണായകമായ സ്ഥാനം വഹിച്ചിരുന്നു. തോറായും, സങ്കീർത്തനങ്ങളുമെല്ലാം പഠിപ്പിക്കുന്നതിലും ഒരു തൊഴിൽ സ്വന്തമായി ചെയ്യുവാൻ അഭ്യസിപ്പിക്കുന്നതിലുമെല്ലാം ആ "പിതാവ്" പ്രവർത്തിച്ചിരുന്നു. യേശുവിന് ഈ ലോകത്തിൽ ഏറ്റവും കടപ്പാടുള്ള രണ്ടു വ്യക്തികൾ മാതാവും യൗസേഫുമാണ്. താൻ വളർന്നത് അവരുടെ കൂട്ടായ സംരക്ഷണയിലും ശിക്ഷണത്തിലുമാണ്. "നസറേത്തിൽ വന്ന് അവർക്കു കീഴടങ്ങിയിരുന്നു" (ലൂക്കോസ് 2:51)

വി. മറിയാം യൗസേഫിനു നൽകിയ സ്ഥാനവും ബഹുമാനവും സ്മരിക്കപ്പെടേണ്ടതാണ്. സുവിശേഷങ്ങളിൽ അതെപ്പറ്റി അധിക പരാമർശങ്ങൾ ഇല്ല. എങ്കിലും ഒരു പരാമർശമുള്ളത് ശ്രദ്ധേയമാണ്. യേശുവിനു പന്ത്രണ്ടു വയസ്സുള്ളപ്പോൾ തിരുക്കുടുംബം, അവരുടെ പതിവനുസരിച്ച് പെസഹാ പെരുന്നാളിൽ പങ്കെടുക്കാൻ യറുശലേം ദേവാലയത്തിലേക്ക് "തീർത്ഥയാത്ര" ചെയ്തു. പെരുന്നാളിന്റെ പരിപാടികൾ പൂർത്തീകരിക്കപ്പെട്ടപ്പോൾ തിരുക്കുടുംബവും മറ്റു തീർത്ഥാടകരൊടൊപ്പം സ്വന്ത സ്ഥലത്തേക്കു മടങ്ങിപ്പോയി. ഒരു ദിവസത്തെ യാത്ര പൂർത്തിയാക്കി വൈകിട്ടു വിശ്രമത്തിനൊരുങ്ങിയപ്പോൾ ബാലനായ യേശുവിനെ കൂട്ടത്തിൽ കണ്ടില്ല സഹയാത്രികരുടെ ഇടയിലും കാണാതായപ്പോൾ യേശുവിനെ അന്വേഷിച്ച് യറുശലേമിൽ മടങ്ങിയെത്തി. അപ്പോൾ അവർ കണ്ടത് റാബിമാരുടെ മദ്ധ്യേ ഇരിക്കുന്ന യേശുവിനെയാണ്. റാബിമാരോട് ചോദിച്ചും, അവരിൽനിന്നും കേട്ടും തന്റെ വിജ്ഞാനത്തിന്റെ ചക്രവാളം വിസ്തൃതമാക്കുകയായിരുന്നു.

അപ്പോൾ മാതാവായ മറിയാം ചോദിക്കുന്നു, "മകനേ, ഞങ്ങളോട് ഇങ്ങനെ ചെയ്തത് എന്ത്? നിന്റെ അപ്പനും ഞാനും വ്യസനിച്ചുകൊണ്ട് നിന്നെ തിരഞ്ഞു എന്നു പറഞ്ഞു". ഇവിടെ ശ്രദ്ധിക്കേണ്ടത്, എന്നോട് നീ ഇങ്ങനെ ചെയ്തത് എന്ത് എന്നല്ല, "ഞങ്ങളോട്" എന്നാണ്. കൂട്ടുത്തരവാദിത്തം വെളിപ്പെടുത്തുകയാണ്. കൂട്ടിച്ചേർത്തത് "നിന്റെ അപ്പനും ഞാനും" വ്യസനിച്ചു തിരഞ്ഞു എന്നാണ്. കുലീനയായ മറിയാം യൗസേഫിന്റെ സ്ഥാനവും മഹത്വവും വെളിപ്പെടുത്തുന്നു. "നിന്റെ അപ്പൻ" എന്നാണ് യേശുവിനോട് പറയുന്നത്. പിതാവിന്റെ സ്ഥാനത്ത് യൗസേഫിനെ കാണുകയും ആദരിക്കയും ചെയ്തുപോന്നു എന്നുള്ളതിന്റെ തെളിവാണ്. ഇപ്രകാരം ആദരിക്കപ്പെടുകയും അംഗീകരിക്കപ്പെടുകയും ചെയ്ത ഒരാളിനെ സഭ വിസ്മരിച്ചാൽ അത് മാതാവിനും, പുത്രനും അഹിതമായിരിക്കുമെന്നു മാത്രമല്ല പ്രതിഷേധവും ഉണ്ടാകാവുന്നതാണ്.

എന്തുകൊണ്ട് ഈ അവഗണന എന്നതിന് ഒരു മറുപടിയേ ഉള്ളു. കന്യകാ ജനനം എന്ന വിശ്വാസം കാത്തു സൂക്ഷിക്കുക, യൗസേഫിന്റെ പേര് പ്രത്യക്ഷപ്പെട്ടാൽ യഹൂദന്മാരും മറ്റു ആക്ഷേപിച്ചിരുന്ന പോലെ യേശു യൗസേഫിന്റെ മകനാണെന്നു ധരിക്കാൻ സാധ്യതയുണ്ട്. ആ അപകടം മറികടക്കാൻ, ചരിത്രത്തിനും യാഥാർത്ഥ്യത്തിനും നിരക്കാത്തതെങ്കിലും ജനനപ്പെരുന്നാൾ ശുശ്രൂഷകളിലെ പ്രർത്ഥനകളിൽനിന്നെല്ലാം ഒഴിവാക്കുകയായിരുന്നു.

കന്യകാ ജനനം ശക്തമായി വിശ്വസിക്കുന്ന റോമാ സഭയിൽ യൗസേഫിന് ഉചിതമായ സ്ഥാനം നൽകി ആദരിക്കുന്നു. എത്രയെത്ര ദേവാലയങ്ങളും സ്ഥാപനങ്ങളും അദ്ദേഹത്തിന്റെ നാമത്തിലുണ്ട്!. സാധാരണ വിശ്വാസിയുടെ ആത്മിക ചിന്തയിലും പ്രാർത്ഥനയിലും യൗസേഫിനു സ്ഥാനമുണ്ട്. "തിരുക്കുടുംബം" എന്ന ആശയം

OBITUARY

ആബൂനാ ദിയസ്ക്കോറസ് കാലം ചെയ്തു



ആസ്മാരാ (എറിത്രിയ): വടക്കു കിഴക്കൻ ആഫ്രിക്കൻ രാജ്യമായ എറിത്രിയയിലെ ഓർത്തഡോക്സ് സഭയുടെ പാത്രിയർക്കീസ് ആബൂനാ ദിയസ്ക്കോറോസ് കാലം ചെയ്തു. മുൻഗാമി ആബൂനാ അന്തോനിയോസിനെ വീട്ടുതടങ്കലിലാക്കിയശേഷം സർക്കാർ നിയമിച്ച പാത്രിയർക്കീസാണ് ദിയസ്കോറസ്. മതപരമായ കാര്യങ്ങളിൽ സർക്കാരിന്റെ കൈകടത്തലിനെ വിമർശിച്ച അന്തോനിയോസിനെ 2007 ജനുവരിയിലാണ് വീട്ടുതടങ്കലിലാക്കിയത്. ഇത് ആഗോളതലത്തിൽ കടുത്ത വമർശനങ്ങൾക്കിയാക്കിയിരുന്നു. ഇപ്പോഴും അന്തോനിയോസിനെ തന്നെയാണ് സഭയുടെ തലവനായി മറ്റ് ഓർത്തഡോക്സ് സഭകൾ അംഗീകരിക്കുന്നത്. ആറ് ഓറിയന്റൽ ഓർത്തഡോക്സ് സഭകളിലൊന്നാണ് 1993-ൽ സ്വതന്ത്രമായ എറിത്രിയൻ സഭ. ■

മലങ്കരസഭ മാസിക

വരിസംഖ്യ

ഒറ്റപ്രതി : ₹ 15
ഒരുവർഷം : ₹ 180
രണ്ട് വർഷം : ₹ 360
6 വർഷം : ₹ 1000
വിദേശത്തേക്ക്:
ഒരു വർഷം : ₹ 2000

Malankara Sabha Magazine
Devalokam Kottayam-04;
Ph:0481-2573234, 9947804477

ഉയർത്തിപ്പിടിച്ചുകൊണ്ട് കുടുബ ജീവിതത്തെ ശക്തിപ്പെടുത്താനുള്ള ശ്രമം അവിടെയുണ്ട്. "ഈശോ മറിയം യൗസേഫേ".. എന്നുള്ള ഫോർമുല അവരുടെ നാവിന്മേൽ ഉയരുന്നതാണ്. യൗസേപ്പു പിതാവ്, വിശ്വാസികളുടെ കുടുംബ ജീവിതത്തിലും പ്രവർത്തന മേഖലയിലും പ്രചോദനമാണ്. ആ പരിശുദ്ധന്റെ മദ്ധ്യസ്ഥത പ്രത്യേകമായി അപേക്ഷിക്കുന്നു.

സുറിയാനി സഭാ പാരമ്പര്യത്തിൽ പെട്ടുപോയ ഒന്ന് അതേപടി മലങ്കര സഭ പിന്തുടരണമോ? നമുക്ക് ഒരു സ്വകീയത ഇല്ലേ? സുറിയാനിക്കാർക്ക് വിവാഹത്തിനു മിന്നില്ല. അതുകൊണ്ട് വിവാഹ ശുശ്രൂഷാ ക്രമത്തിൽ മിന്നിനുവേണ്ടി പ്രാർത്ഥനയൊന്നും അവർ രൂപപ്പെടുത്തിയില്ല. നമ്മൾ 'മിന്ന്' ഹൈന്ദവ സമൂഹത്തിൽനിന്ന് കടമെടുത്തു. എന്നാൽ അതിന്റെ മേൽ കുരിശു വരയ്ക്കാനല്ലാതെ ഉചിതമായ ഒരു പ്രാർത്ഥന (കൈ ആവസിപ്പിച്ചുകൊണ്ടുള്ള പ്രാർത്ഥന) ഉണ്ടാക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. സ്തീ ജനങ്ങൾ എത്രമാത്രം പവിത്രമായും ശ്രേഷ്ഠമായും മിന്നിനെ കാണുന്നു എന്നു പറയേണ്ടതില്ലല്ലോ.

ഞാൻ പറഞ്ഞു വന്നത് സുറിയാനിക്കാർക്കില്ലാത്തത് ആവശ്യമുള്ളതും ഉത്തമമൂല്യമുള്ളതുമായാലും, നമുക്ക്- ഭാരതീയ സ്വതന്ത്ര സഭയ്ക്ക്-കൂട്ടിച്ചേർക്കുവാനോ, ഉൾക്കൊള്ളാനോ കഴിയുന്നില്ല എന്നുള്ളതാണ്.

സഭയുടെ സുന്നഹദോസ് അംഗങ്ങൾ ഗൗരവമായി എടുക്കേണ്ട വിഷയമുണ്ട്. ഏതായാലും പരിശുദ്ധ യൗസേഫിന്റെ സ്ഥാനം അംഗീകരിക്കപ്പെടുവാനും വിശ്വാസികളുടെ പ്രാർത്ഥനാനുഭവത്തിൽ യൗസേഫിന്റെ മദ്ധ്യസ്ഥതയ്ക്ക് സ്ഥാനം വരുത്താനും കഴിയണം. അതുപോലെ നസറേത്തിലെ തിരുക്കുടുംബം, സഭയിൽ കുടുംബ നവീകരണത്തിനും, ശാക്തീകരണത്തിനും പ്രചോദനമാക്കണം. ■

In Loving Memory of



Aleyamma George (6.03.2005)

P. C. George (12.01.2009)

Pakkandathil House,
Chandanapally

Inserted by

P.G. Joy & Fly (Kalina, Mumbai)

43-ാം ചരമ വാർഷികം ◦ 40-ാം ചരമ വാർഷികം



K.M.I. CHACKO

ALEYAMMA CHACKO

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവർ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Joe-Villa, Mancha, Nedumangad Trivandrum, Kerala-695541



പരിശുദ്ധ കാതോലിക്കാ ബാവാ
മോറാൻ മാർ ബസ്സേലിയോസ്
മർത്തോമാ പൗലോസ് ദ്വിതീയൻ

അഭിവന്ദ്യ
മാത്യൂസ് മാർ തേവോദോസ്യോസ്
മെത്രാപ്പോലീത്താ

അഭിവന്ദ്യ
ഡോ. മാത്യൂസ് മാർ തിമോത്തിയോസ്
മെത്രാപ്പോലീത്താ





ഫാ. മാത്യൂസ് കെ. ബർസൗമ
വികാരി

സെന്റ് ജോൺസ് ഓർത്തഡോക്സ് പള്ളി

നാലാംകോട്, മണലിത്തറ പി.ഒ., വടക്കാഞ്ചേരി, തൃശൂർ, ഫോൺ 04884 267147

കുന്നംകുളം ഭദ്രാസനം

ദേവാലയകൂദാശയും

പരിശുദ്ധ ബാവാതിരുമേനിക്കും അഭിവന്ദ്യ തിരുമേനിമാർക്കും സ്വീകരണവും

2016 ഫെബ്രുവരി 5, 6 (വെള്ളി, ശനി) തിയ്യതികളിൽ

കുന്നംകുളം ഭദ്രാസനത്തിലെ കിഴക്കൻ മേഖലയിൽ സ്ഥിതിചെയ്യുന്നതും 1957ൽ സ്ഥാപിതവുമായ, പുതുക്കി പണിത മണലിത്തറ സെന്റ് ജോൺസ് ഓർത്തഡോക്സ് ദേവാലയത്തിന്റെ കൂദാശാകർമ്മം പരിശുദ്ധ കാതോലിക്കാ ബാവാ മോറാൻ മാർ ബസ്സേലിയോസ് മർത്തോമാ പൗലോസ് ദ്വിതീയൻ തിരുമനസ്സുകൊണ്ട് നിർവ്വഹിക്കുന്നു. ഇടുക്കി ഭദ്രാസനാധിപൻ അഭി. മാത്യൂസ് മാർ തേവോദോസ്യോസ് മെത്രാപ്പോലീത്തായും യു.കെ., യൂറോപ്പ് , ആഫ്രിക്ക ഭദ്രാസനാധിപൻ അഭി. ഡോ. മാത്യൂസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്തായും സഹകാർമ്മികത്വം വഹിക്കുന്നു.കേവലം 50 ഭവനങ്ങൾ മാത്രമുള്ള ഈ ഇടവകയെ സഹായിച്ച എല്ലാ ഇടവകകൾക്കും, വ്യക്തികൾക്കും, സ്ഥാപനങ്ങൾക്കും നന്ദി സമർപ്പിക്കുകയും ഏവരേയും കൂദാശാകർമ്മങ്ങൾക്കായി ക്ഷണിക്കുകയും ചെയ്യുന്നു.

പ്രോഗ്രാം

5.2.2016 വെള്ളി

4.00 pm	മാലാക്ക സെന്ററിൽ നിന്നും പള്ളിയിലേക്ക് പരിശുദ്ധ ബാവാതിരുമേനിക്കും അഭിവന്ദ്യ പിതാക്കന്മാർക്കും സ്വീകരണം
5.00 pm	പാഴ്സനേജ് & കൊടിമരം സമർപ്പണം
5.30 pm	സന്ധ്യാനമസ്കാരം തുടർന്ന് ദേവാലയ കൂദാശ 1-ാംഘട്ടം

6.2.2016 ശനി

6.00 am	പ്രഭാത നമസ്കാരം
7.00 am	ദേവാലയ കൂദാശ 2-ാംഘട്ടം തുടർന്ന് വിശുദ്ധ കുർബ്ബാന
10.00 am	പൊതുസമ്മേളനം, കൂദാശ സ്മരണിക പ്രകാശനം സ്നേഹവിരുന്ന്

ഫാ. മാത്യൂസ് കെ. ബർസൗമ	ശ്രീ. ജോയി മാത്യു	ശ്രീ. രാജു സ്കറിയ	ശ്രീ. സി.വി. ഐസക്
വികാരി	ട്രസ്റ്റി	സെക്രട്ടറി	ജനറൽ കൺവീനർ

SERMON

ക്രൈസ്തവ സഭയുടെ മകുടം

വി. സ്തേഫാനോസ് സഹദാ

■ ഫാ. ബിനു ജോയി, ആറ്റുവ



അപ്പോസ്തോലിക കാലത്ത് ശ്രദ്ധയാകർഷിച്ച മഹാ വ്യക്തിത്വമാണ് സ്തേഫാനോസ് ശെമ്മാശൻ. ബൈബിളിൽ നിരവധി വിവരണങ്ങൾ അദ്ദേഹത്തെക്കുറിച്ചുണ്ട്. സ്വമനസ്സോടെ ക്രിസ്തുവിനുവേണ്ടി രക്തസാക്ഷിയാകുന്ന സ്തെഫാനോസ് എല്ലാറ്റിനും ഒരു ആരംഭമിടുകയാണ്. രക്തസാക്ഷികളുടെ തുടക്കമായി, ക്രിസ്തുവിനുവേണ്ടി സഹനമേൽക്കുന്നതിന്റെ പരിശീലകനായി, നീതിയുള്ള ഏറ്റുപറച്ചിലിന്റെ അടിസ്ഥാനമായി, സാക്ഷ്യമുള്ള പ്രഭാഷകനായി, വിശ്വാസ സംരക്ഷകനായി... മാതൃക നൽകിയ സ്തേഫാനോസ് ശെമ്മാശന് പകരക്കാരനാകുവാൻ ആരുമില്ല. ക്രിസ്തുവിനുവേണ്ടി ജീവിതം ഹോമിക്കുമ്പോൾ അദ്ദേഹത്തിനു 30 വയസ്സു മാത്രം. യെരുശലേമിലെ സഭാ ശുശ്രൂഷയിലേക്ക് ജനങ്ങളുടെ സാക്ഷ്യപ്രകാരം പന്തിരുവരാൽ നിയോഗിക്കപ്പെട്ട ഏഴുപേരിൽ പ്രധാനിയാണ്. വിശ്വാസവും പരിശുദ്ധാത്മ നിറവുമുള്ളവനായ സ്തേഫാനോസ്. പെന്തിക്കോസ്തിക്കു ശേഷമുണ്ടായ സഭയുടെ വളർച്ചയിൽ ജനത്തിൽ വളരെ അത്ഭുതങ്ങളും അടയാളങ്ങളും ചെയ്തു. യഹൂദ പ്രമാണിമാരുടെ അസഹിഷ്ണുത അദ്ദേഹത്തെ ന്യായാധിപ സംഘത്തിന്റെ മുമ്പാകെ എത്തിക്കുന്നു. ഇവരുടെ നടുവിൽ വി. സ്തെഫാനോസ് നടത്തിയ പ്രസംഗം സഭാ ചരിത്രത്തിൽ വേദവ്യാഖ്യാനത്തിന്റെ നാന്ദി കുറിയ്ക്കലായിരുന്നു. ഇന്നും ക്രിസ്തു സഭയുടെ മകുടമായി വിശുദ്ധ സ്തേഫാനോസ് വിളങ്ങി.

വിശ്വാസിയായ സ്തേഫാനോസ്

സഭയുടെ വളർച്ച, പിഢനത്തിന്റെയും ആരംഭഘട്ടമാണ്. യേശുവിനെ ക്രിസ്തു എന്ന് അപ്പോസ്തോലന്മാർ ദൈവാലയത്തിലും ഭവനങ്ങളിലും പ്രഘോഷിച്ചിരുന്നു. സ്തേഫാനോസ് ക്രിസ്തു യേശുവിനെ രക്ഷിതാവായി സ്വീകരിക്കുകയും ആ വിശ്വാസത്തിൽ ഉറപ്പോടെ നിലകൊള്ളുകയും ചെയ്തു. യേശുക്രിസ്തുവിനെ സ്വീകരിച്ചവരായ ആദിമ സഭയിലെ അംഗങ്ങളെ മറ്റുള്ളവർ വിശ്വാസികൾ എന്നു വിളിച്ചു. തന്റെ വിശ്വാസത്തിന്റെ പൂർണ്ണതയിലാണ് ആദിമ സഭയുടെ പ്രവർത്തനങ്ങളിൽ ഏറ്റവും തീക്ഷ്ണതയോടെ പ്രവർത്തിക്കുവാൻ സ്തേഫാനോസിന് സാധിച്ചത്. പരിശുദ്ധാത്മ നിറവിലല്ലാതെ വിശ്വാസ ജീവിതത്തിൽ വിജയകരമായി നിലനിൽക്കുവാൻ സാധ്യമല്ല. വിശ്വാസവും പരിശുദ്ധാത്മാവും നിറഞ്ഞ അദ്ദേഹം വിശുദ്ധ ശ്ലീഹന്മാരുടെ കൈവയ്പ്പോടുകൂടെ അധികം 'കൃപയും ശക്തിയും' പ്രാപിച്ച് വിശ്വാസികളുടെ ഇടയിൽ പ്രവർത്തിച്ചു. വിശ്വാസിയായി, ധൈര്യശാലിയായി സാക്ഷ്യത്തോടെ സ്തേഫാനോസ് മാതൃകയായി.

സുവിശേഷകനായ സ്തേഫാനോസ്

യേശുവിന്റെ മരണത്തിനും പുനരുത്ഥാനത്തിനും ശേഷം മനുഷ്യവർഗ്ഗത്തിനു കൈവന്ന ദിവ്യരക്ഷ എന്നാണ് ശ്ലീഹന്മാർ സുവിശേഷത്തെ

ക്കുറിച്ച് ഗ്രഹിച്ചത്. സുവിശേഷം ഓരോ വ്യക്തിയും വിശ്വാസത്തിൽ കൂടിയാണ് സ്വീകരിക്കേണ്ടത്. വിശ്വാസത്തിൽ ഉറച്ചവനായ സ്തേഫാനോസ് സംവേദിച്ച ജ്ഞാനത്തോടും ആത്മാവിനോടും എതിർത്തു നില്പാൻ യാഥാസ്ഥിതികരായ യഹൂദ പ്രമാണിമാർക്കു സാധിക്കുന്നില്ല. ജനത്തിന്റെ തുടർച്ചയായ അനുസരണക്കേടിനെതിരെ ധൈര്യപൂർവ്വം സ്തേഫാനോസ് സംസാരിക്കുന്നു. സുവിശേഷത്തിന്റെ അർത്ഥവ്യാപ്തി വിശദമാക്കുവാൻ അദ്ദേഹം നടത്തുന്ന ശ്രമമാണ് വലിയൊരു സുവിശേഷ പ്രഘോഷണത്തിന് കളമൊരുക്കുന്നത്. ചരിത്രത്തൊടൊപ്പം പൂർവ്വ പിതാക്കന്മാരെയും ചേർത്തു നിർത്തി ആരോപണങ്ങൾക്കു മറുപടിയും യഹൂദ നിലപാടിന്റെ ശക്തമായ ഖണ്ഡനവും യഹൂദ പ്രമാണിമാരുമായുള്ള വാദപ്രതിവാദത്തിനും ഏറ്റുമുട്ടലിനും കാരണമാവുന്നു. അബ്രഹാം മുതൽ ആരംഭിക്കുന്ന രക്ഷാ പദ്ധതി അനുസ്മരിച്ചാണ് സ്തേഫാനോസ് പ്രഭാഷണം ആരംഭിക്കുന്നത്.

ഗോത്ര പിതാക്കന്മാരുടെ കാലം മുതൽ അവർ ദൈവത്തെ നിരസിക്കുന്നതിനെ ഓർമ്മിപ്പിച്ചും ദൈവ നിയോഗത്താൽ കാലാകാലങ്ങളിൽ അവർക്കുണ്ടായ രക്ഷാകര നടപടികളെകുറിച്ചും പ്രസംഗിക്കുമ്പോൾ, വിമോചന കർമ്മത്തിനു നായകരായവരെ സ്തേഫാനോസ് നിരാകരിക്കുന്നു എന്ന ആരോപണം ഉളവാകുന്നു. സർവ്വ ശക്തനായ ദൈവത്തെ മനുഷ്യ സൃഷ്ടിയിലേക്ക് പരിമിതപ്പെടുത്തുന്നതിന്റെ ഭാഗമായി കാളക്കുട്ടിയുടെ വിഗ്രഹമുണ്ടാക്കി അന്യ ദൈവാരാധനയ്ക്കായുള്ള വ്യഗ്രത യിസ്രായേല്യരുടെ ആത്മീയ അന്ധകാരം വെളിപ്പെടുത്തുന്നുവെന്ന് ജനത്തിനു സ്തേഫാനോസ് വ്യാഖ്യാനിച്ചു നൽകുന്നതും എതിരിടുന്നവർക്ക് അനിഷ്ടമാവുന്നു. ദൈവത്തെക്കാൾ കൂടുതൽ ദൈവാലയ ഭക്തി കാട്ടുന്നത് നന്നല്ല എന്ന് ജനത്തെ ബോധിപ്പിക്കുന്നത് ശ്രോതാക്കൾക്ക് തൃപ്തികരമാവുന്നില്ല. ദൈവത്തെയോ ദൈവാലയത്തെയോ പൂർവ്വ പിതാക്കന്മാർ വഴിയായി ലഭിച്ച ധർമ്മ ശാസ്ത്രത്തെ സ്തേഫാനോസ് നിരാകരിക്കുന്നില്ല. നീതിമാനായ യേശുക്രിസ്തുവിൽ ഇതെല്ലാം പൂർത്തിയാവുന്നുവെന്ന പ്രഭാഷണസാരം മനസ്സിലാക്കാതെ സ്തേഫാനോസിനു വിരോധമായി കൂട്ടം കൂടുകയാണ്. അപ്പോസ്തോല പ്രവൃത്തികളിൽ രേഖപ്പെടുത്തിയിരിക്കുന്ന ഏറ്റവും ഹൃദ്യവും ആകർഷവും വിപുലവുമായ പ്രസംഗം സ്തേഫാനോസ് ശെമ്മാശന്റേതാണ്. വേദ വ്യാഖ്യാനങ്ങൾ നൽകി ധൈര്യപൂർവ്വം സ്തേഫാനോസ് സുവിശേഷ പ്രഘോഷണത്തിന്റെ അർത്ഥതലങ്ങൾക്ക് പുതിയ മാനം നൽകുന്നു. അതിനാൽ "ഓരോ ക്രിസ്ത്യനിയും ഓരോ സുവിശേഷകനാണ്, ജീവിതം സുവിശേഷവും".

സഹദയായ സ്തേഫാനോസ്

ക്രിസ്തീയ വിശ്വാസത്തിനുവേണ്ടി മരണപര്യന്തം പോരാടിയിട്ടുള്ളവരാണ് സഹദേന്മാർ. ജീവനു പ്രാധാന്യം കൽപ്പിക്കാതെ യേശുവിന്റെ സാക്ഷിയാകുവാൻ സ്വയം ഇറങ്ങി തിരിച്ചവർ. ക്രിസ്തുവിലുള്ള വിശ്വാസത്തെപ്രതി മരണം സ്വീകരിച്ചതുകൊണ്ട് വി. സ്തേഫാനോസ് വേദചരിത്രത്തിൽ പ്രാധാന്യമർഹിക്കുന്നു. തന്റെ പ്രസംഗത്തിൽ കോപാവിഷ്ഠരായ യഹൂദ സമൂഹം സ്തേഫാനോസിനെ കൊല്ലുവാൻ തീരുമാനിക്കുന്നു. ഈ സമയം സ്തേഫാനോസ് ഒരു ദൈവിക ദർശനം കാണുന്നു. ദൈവ മഹത്വവും ദൈവത്തിന്റെ വലത്തുഭാഗത്തു യേശു നിൽക്കുന്നതും കണ്ടു. താൻ കണ്ടതു പ്രസ്താവിക്കുന്ന സ്തേഫാനോസിനെ ജനം ദൈവദൂഷണം പറയുന്നു എന്ന് ആരോപിച്ചു, പട്ടണത്തിൽനിന്നും പുറത്താക്കി കല്ലെറിയുന്നു. "അവനോ മുട്ടുകുത്തി; കർത്താവെ അവർക്കു ഈ പാപം നിറുത്തരുതെ എന്നു ഉച്ചത്തിൽ നിലവിളിച്ചു". ഇതു പറഞ്ഞിട്ടു അവൻ നിദ്ര പ്രാപിച്ചു. സ്തേഫാനോസ് കല്ലേറു കൊണ്ട് മരിക്കാൻ നേരം യേശുവിന്റെ മാതൃകപ്രകാരം കുരിശിൽ കിടന്നു ക്രിസ്തു പ്രാർത്ഥിച്ചപോലെ സ്തേഫാനോസും പ്രാർത്ഥിക്കുകയാണ്. 'കാർത്താവായ യേശുവേ എന്റെ ആത്മാവിനെ കൈക്കൊള്ളണമെ'. യേശു ക്രൂശിൽ പിതാവായ ദൈവത്തിന് ആത്മാവിനെ ഭരമേൽപ്പിച്ച് നടത്തിയ പ്രാർത്ഥനയ്ക്കു തുല്യമാണിത്. കല്ലെറിയുന്നവർക്കായി 'കർത്താവെ അവർക്ക് ഈ പാപം നിറുത്തരുതെ' എന്ന് പ്രാർത്ഥിച്ചു. ക്രിസ്തുവിനോട് താദാത്മ്യപ്പെടുന്നതിന്റെ ഭാവമായി തന്നെ ദ്രോഹിക്കുന്നവരോട് ക്ഷമിക്കുന്നു. അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നു. അവരെ സ്നേഹിക്കുന്നു. പ്രാണനാഥനായ യേശുവിനെപ്പോലെ പ്രാർത്ഥിച്ച യേശുനാഥന്റെ മുഖം ദർശിച്ചും സ്തേഫാനോസ് ദൈവ സന്നിധിയിൽ കിരീടധാരിയാവുന്നു. സ്തേഫാനോസിന്റെ മരണം ക്രിസ്തീയ സഭയുടെ വ്യാപനത്തിനു ശക്തി പകർന്നു. ആദിമ സഭയുടെ വളർച്ചയ്ക്കും ഉയർച്ചയ്ക്കും സാക്ഷി മരണം വളമായി മാറുന്നു. "രക്തസാക്ഷികളുടെ രക്തം സഭയുടെ വിത്താകുന്നു" എന്ന സഭാ പിതാവായ തെർത്തുല്യന്റെ വാക്കുകൾ ശ്രദ്ധേയമത്രെ. കല്ലെറിയപ്പെട്ടില്ലായിരുന്നെങ്കിൽ സഭയിൽ പൗലോസിനെ ലഭിക്കുമായിരുന്നില്ല. സ്തേഫാനോസിന്റെ മരണം സഭയ്ക്കു വലിയ നേട്ടമായി. ക്രിസ്തുവിനുവേണ്ടി ജീവൻ നൽകിയ സ്തേഫാനോസ് വിശുദ്ധ സഹദായായി ശോഭിക്കുന്നു. വിശ്വാസിയാവുക, സുവിശേഷകനാവുക, സഹദായാവുക എന്ന് ഓർമ്മപ്പെടുത്തുന്നു.

"ജീവനേകിയില്ലെങ്കിലും ജീവിതമേകി എങ്കിലും സഹദായാവുകുവാൻ കഴിയണം".

സ്തേഫാനോസ് എ.ഡി 36ൽ രക്തസാക്ഷിത്വം വഹിച്ചു. എ.ഡി 415ൽ അദ്ദേഹത്തിന്റെ കബറിടം കണ്ടെടുത്തു. അവിടെനിന്നും തിരുശേഷിപ്പുകൾ യെരുശലേമിലേക്കും പിന്നീട് കുസ്തന്തിനോസ്പോലീസിലേക്കും കൊണ്ടുപോയി. സ്തേഫാനോസിന്റെ തിരുശേഷിപ്പുകൾ കണ്ടെത്തിയതിന്റെ അനുസ്മരണയായി സെപ്റ്റംബർ 15 പെരുന്നാളായി ആചരിക്കുന്നു. പടിഞ്ഞാറൻ സഭകൾ ഡിസംബർ 26നും ബൈസന്റിയൻ സഭകൾ ഡിസംബർ 27നും ഗ്രീക്ക് സഭകൾ ഓഗസ്റ്റ് 2നും മലങ്കര സഭ ജനുവരി 8നും സ്തേഫാനോസിന്റെ പെരുന്നാൾ ആചരിക്കുന്നു.

വി. സ്തേഫാനോസിന്റെ നാമത്തിൽ മുപ്പതിലധികം ദൈവാലയങ്ങൾ മലങ്കര ഓർത്തഡോക്സ് സഭയിലുണ്ട്. സ്തേഫാനോസിന്റെ നാമത്തിൽ അനേകം വിദ്യാഭ്യാസ സ്ഥാപനങ്ങളും ആതുര ശുശ്രൂഷാ കേന്ദ്രങ്ങളും ക്രൈസ്തവ സഭയിലുണ്ട്. ആദ്യത്തെ ക്രൈസ്തവ രക്തസാക്ഷിയായ സ്തേഫാനോസിനെ പറ്റി കൂടുതൽ പഠനങ്ങളും അന്വേഷണങ്ങളും അനിവാര്യമാണ്.

വി. കുർബ്ബാനയിൽ 4-ാം തുബ്ദേനിൽ സ്തേഫാനോസിന്റെ പേര് ഓർക്കുന്നു. "ശെമ്മാശന്മാരിൽ പ്രധാനിയും, സഹദേന്മാരിൽ മുമ്പനും, പരിശുദ്ധനും മഹത്വമുള്ളവനുമായ സ്തേഫാനോസ്".

■

ഉ|പ|ദ|ർ|ശ|നം

മായൽത്തൊ

റവ. ജോണി ജോർജ് കോറെപ്പിസ്ക്കോപ്പാ

മായൽത്തൊ (ഫെബ്രുവരി 2) നമ്മുടെ കർത്താവിന്റെ ദേവാലയ പ്രവേശനപ്പെരുന്നാളാണ്. യേശുക്കുഞ്ഞിനെ ദേവാലയത്തിൽ കാഴ്ചവച്ച ദിവസം. വൃദ്ധനായ മാർ ശെമഓന്റെ ഓർമ്മയും അന്നാണ് നടത്തുന്നത്. ആ ദിവസത്തെ 'വയോധിക ദിന'മായും സഭ ആചരിക്കുന്നു. 'മായൽത്തൊ' ഒന്നാം തരത്തിൽപെട്ട മാറാനായ പെരുന്നാളാണ്. അന്ന് വിശ്വാസികൾ വി. ശുശ്രൂഷകളിൽ സംബന്ധിക്കേണ്ടതാണ്; ലൗകിക വേലകളിൽനിന്ന് ഒഴിഞ്ഞിരിക്കേണ്ടതാണ്; ഞായറാഴ്ച പോല ആചരിക്കേണം. രണ്ടാം തരത്തിൽപെട്ട പെരുന്നാളുകൾ കർത്താവിന്റേതല്ലെങ്കിലും ഒന്നാം തരത്തിൽപ്പെട്ട പെരുന്നാളുകൾപോലെ തന്നെ കണക്കിടേണ്ടതാണ്. ഇവ നോമ്പു വീടുന്ന ദിവസങ്ങളിലാണ് വരുന്നത്. ഉദാ: ദൈവമാതാവിന്റെ ശൂനോയോ പെരുന്നാൾ; ശ്ലീഹാ നോമ്പിന്റെ അവസാനം-പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ ഓർമ്മ. മൂന്നാം ഗണത്തിൽപ്പെട്ട പെരുന്നാളുകൾ കർത്താവിന്റെയല്ലെങ്കിലും മാറാനായപോലെ കണക്കാക്കേണ്ടതാണ്. അന്ന് പള്ളിയിൽ പോയി ശുശ്രൂഷകളിൽ സംബന്ധിച്ചശേഷം ലൗകികമായ വേലകളിൽ ഏർപ്പെടാം. മാർത്തോമ്മാ ശ്ലീഹായുടെ പെരുന്നാൾ ഈ തരത്തിൽ പെടുന്നു. ഏതെങ്കിലും പരിശുദ്ധന്റെ ഓർമ്മപ്പെരുന്നാൾ ഇങ്ങനെ നടത്തേണ്ടതാണ്. ഉദാ: ഗീവർഗ്ഗീസ് സഹദായുടെ പെരുന്നാൾ. ഈ മൂന്നു തരത്തിലുള്ള പെരുന്നാളുകൾ ബുധനാഴ്ചയോ വെള്ളിയാഴ്ചയോ വന്നാൽ നോമ്പ് വേണ്ടെന്നും മാംസം മുതലായവ ഭക്ഷിക്കാമെന്നും പിതാക്കന്മാർ നിശ്ചയിച്ചിട്ടുണ്ട്.

മായൽത്തൊ പെരുന്നാളിൽ വി. കുർബ്ബാനയ്ക്ക് വായിക്കാൻ നിശ്ചയിച്ചിരുന്ന ഏവൻഗേലിയോൻ ഭാഗം വി. ലൂക്കോസ് 2:22-40 ആണ്. മോശയുടെ ന്യായപ്രമാണ പ്രകാരം ആദ്യജാതൻ

> വ്യക്തിയുടെ ശാരീരികവും, മാനസ്സികവും, ആദ്ധ്യാത്മികവും ആയ വളർച്ചയെയാണ് ഇന്ന് നമ്മൾ ഉന്നമാക്കുന്നത്. അതിന് ദൈവത്തിന്റെ കൃപ ആവശ്യമാണ്;

ദൈവത്തിന് പ്രതിഷ്ഠിക്കപ്പെട്ടവനാണ്. ആൺകുഞ്ഞും കടിഞ്ഞൂൽ പിറന്ന മൃഗവും ദൈവത്തിന് സമർപ്പിക്കപ്പെടേണ്ടതാണ് (പുറപ്പാട് 13:12). ഈ നിയമമനുസരിച്ചാണ് യേശുവിനേയുംകൊണ്ട് യരുശലേം ദേവാലയത്തിലേക്ക് പോകുന്നത്. ദൈവജനമായ യിസ്രായേലിലെ ഒരംഗമെന്ന നലയിൽ യേശുവും മോശയുടെ നിയമത്തിന് വിധേയനാണ് എന്ന് ഇത് വ്യക്തമാക്കുന്നു (ഗലാത്യർ 4:4). ഒരു ആൺകുഞ്ഞ് ജനിച്ചാൽ കുട്ടിയുടെ മാതാവ് 7 ദിവസത്തേക്ക് അശുദ്ധയായി കരുതപ്പെട്ടിരുന്നു. കുഞ്ഞിന്റെ പരിഛേദനയ്ക്കു ശേഷം 33 ദിവസങ്ങൾകൂടി അവൾ വീട്ടിൽത്തന്നെ പാർക്കേണ്ടിയിരുന്നു. 40-ാം ദിവസം അവൾ ദൈവാലയത്തിൽ പോയി കാഴ്ചകൾ സമർപ്പിക്കണം. അപ്പോൾ പുരോഹിതൻ അവളെ ശുദ്ധയായി പ്രഖ്യാപിക്കും. അതിനുവേണ്ടിയിട്ടായിരുന്നു കന്യക മറിയാം കുഞ്ഞുമായി ദൈവാലയത്തിൽ പോയത്.

അപ്പോഴാണ്, തങ്ങളുടെ ജീവിതത്തെ ദൈവത്തിനായി സമർപ്പിച്ച രണ്ട് വ്യക്തികളെ കണ്ടുമുട്ടുന്നത്. യിസ്രായേലിന് ആശ്വാസവും, യരുശലേമിന് രക്ഷയും കൈവരുമെന്നുള്ള പ്രതീക്ഷയിലായിരുന്നു അവർ ജീവച്ചിരുന്നത്. ശിമ്യോനും ഹന്നായുമായിരുന്നു അവർ. പരിശുദ്ധാത്മ നിറവിൽ യേശുക്കുഞ്ഞ് ആരെന്ന് അവർ തിരിച്ചറിഞ്ഞു. അവൻ സാക്ഷാൽ മശീഹായാണെന്നും അവനിൽകൂടി രക്ഷ കൈവരുമെന്നും അവർ സാക്ഷ്യപ്പെടുത്തി. ശിമ്യോൻ യേശുവിനെ പ്രകാശ

ബസേലിയോസ് അവാർഡ്

കുറിച്ചി: പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവായുടെ 52-ാമത് ഓർമ്മ കുറിച്ചി വലിയ പള്ളിയിൽ നടത്തി. പൊതു സമ്മേളനത്തിൽ കുറിച്ചി ബാവാ ഫൗണ്ടേഷൻ ഏർപ്പെടുത്തിയ ബസേലിയോസ് അവാർഡ്-2016, സാമൂഹിക ക്ഷേമ പ്രവർത്തനങ്ങളുടെ മുഖ്യ കാര്യദർശി പി.യു. തോമസിന് (നവജീവൻ ട്രസ്റ്റി) നൽകി. സമ്മേളനം ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് ഉദ്ഘാടനം ചെയ്തു.

ഓർത്തഡോക്സ് സഭാ വർക്കിംഗ് കമ്മറ്റി അംഗം കുരുവിള എം. ജോർജ് IRS, ദേവലോകം അരമന മാനേജർ ഫാ. എം.കെ. കുര്യൻ, പ. ബാവായുടെ സെക്രട്ടറിയായിരുന്ന റവ. റ്റി. എം. സഖറിയ കോർ എപ്പിസ്ക്കോപ്പാ, വികാരി ഫാ. വി.എം. ഏബ്രഹാം വാഴയ്ക്കൽ, ഫാ. ജോൺ ശങ്കരത്തിൽ എന്നിവർ പ്രസംഗിച്ചു. *Advt.*

40-ാം ചരമദിനം
23-01-2016



എം.എം. അലക്സാണ്ടർ
മുണ്ടുകുഴിയിൽ
ഗ്രേസ് വാലി
മാടപ്പള്ളി, ചങ്ങനാശ്ശേരി

സന്തപ്ത കുടുംബാംഗങ്ങൾ

മായും (യെശ്ശയ്യാവ് 42:6) എല്ലാ ജനതകളുടെയും രക്ഷയായും (യെശ്ശയ്യാ 52:10) പ്രവചന പൂർത്തീകരണമായി കാണുന്നു. ഹന്നായും യേശുക്കുഞ്ഞിന്റെ അടുത്തുചെന്ന് ദൈവത്തെ സ്തുതിച്ചു. "യെരുശലേമിന്റെ വീണ്ടെടുപ്പിനെ കാത്തിരുന്ന എല്ലാവരോടും അവനെക്കുറിച്ച് പ്രസ്താവിച്ചു"(38-ാം വാക്യം). യേശുവിനെപ്പറ്റി ആദ്യം സാക്ഷ്യം നൽകിയ സ്ത്രീയായിരുന്നു ഹന്ന. വൈധവ്യവും വാർദ്ധക്യവും ദൈവത്തെ സ്തുതിക്കുന്നതിൽനിന്ന് അവളെ പിന്മാറ്റിയില്ല. ലോകപ്രകാരം-പ്രത്യേകിച്ച് യഹൂദ വീക്ഷണത്തിൽ-ദൗർഭാഗ്യത്തിന്റെ പ്രതീകമാണ് ഹന്ന. കാരണം അവൾ വിധവയായിരുന്നു; മക്കളില്ലായിരുന്നു. പക്ഷേ, പ്രാർത്ഥനയുടെയും ഉപവാസത്തിന്റെയും ബലത്തിൽ ഒരു പ്രവാചകിയുടെ നിലയിലേക്ക് എത്തിച്ചേരുവാൻ അവൾക്കു കഴിഞ്ഞു.

പ്രതികൂല സാഹചര്യങ്ങളെ അതിജീവിച്ച് ദൈവിക സംസർഗ്ഗത്തിൽ കഴിയുന്നവർക്കാണ് യഥാർത്ഥമായ ദൈവിക ദർശനം ഉണ്ടാകുന്നത് എന്നാണ് ഹന്നായുടെ ജീവിതം സ്പഷ്ടമാക്കുന്നത്. ശിമ്യോന്റെ സ്തുതിഗീതം വ്യക്തമാക്കുന്നത് യേശു മശീഹായുടെ ആഗമനം യിസ്രായേലിന്റെ മാത്രമുള്ള രക്ഷയ്ക്കല്ല, പ്രത്യുത സർവ്വരുടെയും രക്ഷയ്ക്കാണ് എന്നത്രെ. മശീഹായുടെ മഹത്വ ദർശനത്തോടൊപ്പം ക്രൂശിന്റെ കരിനിഴലും അദ്ദേഹം കാണുന്നുണ്ട്. കർത്താവായ യേശു ക്രിസ്തുവിന്റെ കഷ്ടാനുഭവത്തെ സ്പർശിക്കാത്ത ഒരു സാക്ഷ്യവും അവന്റെ ആളത്വത്തെ ശരിയായി പ്രതിഫലിപ്പിക്കുകയില്ല എന്നതാണ് സത്യം.

യേശുവിന്റെ വളർച്ചാ കാലത്തെപ്പറ്റിപ്പറയുന്ന ഭാഗവും ശ്രദ്ധേയമാണ്. "പൈതൽ വളർന്നു; ജ്ഞാനം നിറഞ്ഞു; ആത്മാവിൽ ബലപ്പെട്ടുപോന്നു; ദൈവ കൃപയും അവന്റെ മേൽ ഉണ്ടായിരുന്നു" (വി. ലൂക്കോസ് 2:40) ഗ്രീക്കു പ്രതികളിൽ "പൈതൽ വളർന്നു; ശക്തി പ്രാപിച്ചു" എന്നാണ്. എന്നാൽ പ്ശീത്തോ ബൈബിളിൽ "ആത്മാവിൽ ശക്തി പ്രാപിച്ചു" എന്നാണ്. മറ്റ് ശിശുക്കളിൽനിന്ന് യേശുവിനെ വ്യത്യസ്തനാക്കുന്നത് അവൻ പരിശുദ്ധാത്മാവിനാൽ ശക്തി പ്രാപിച്ചവനാണ് എന്നതാണ്. ഇതേ അദ്ധ്യായത്തിന്റെ അവസാന വാക്യം ഇങ്ങനയാണ്. "യേശുവോ ജ്ഞാനത്തിലും വളർച്ചയിലും ദൈവത്തിന്റെയും മനുഷ്യരുടെയും കൃപയിലും മുതിർന്നു വന്നു". "സമഗ്ര വളർച്ച" (Development of the total person) എന്ന് ഇന്ന് നമ്മൾ പറയാറുണ്ട്.

വ്യക്തിയുടെ ശാരീരികവും, മാനസ്സികവും, ആദ്ധ്യാത്മികവും ആയ വളർച്ചയെയാണ് ഇന്ന് നമ്മൾ ഉന്നമാക്കുന്നത്. അതിന് ദൈവത്തിന്റെ കൃപ ആവശ്യമാണ്; മനുഷ്യരുടെ സഹകരണവും സന്തോഷവും ഉത്തേജനവും പ്രാർത്ഥനയും ഒഴിവാക്കാനാവാത്ത ഘടകങ്ങളുമാണ്. കർത്താവിന്റെ ദേവാലയ പ്രവേശനപ്പെരുന്നാൾ ആഘോഷിക്കുമ്പോൾ ഇക്കാര്യത്തിന് നമ്മൾ കൂടുതൽ ഊന്നൽ കൊടുക്കേണ്ടതാണ്. ■

മലങ്കര ഓർത്തഡോക്സ് സുറിയനി സഭ ക്ഷീരകർഷക ക്ഷേമ പദ്ധതി ദേവലോകത്ത് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്യുന്നു. ഫാ. ഒ.എസ്. കുര്യാക്കോസ്, ബാബു ജോർജ്, സഭാ സെക്രട്ടറി ഡോ. ജോർജ് ജോസഫ്, ജോൺ ജേക്കബ് വള്ളക്കാലി, തോമസ് ടി. ജോൺ, എൻ. എൻ. തോമസ് തുടങ്ങിയവർ സമീപം.

കുറിച്ചി വലിയ പള്ളിയിൽ നടന്ന പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ അനുസ്മരണ സമ്മേളനം ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് ഉദ്ഘാടനം ചെയ്യുന്നു. ദേവലോകം അരമന മാനേജർ ഫാ. എം.കെ. കുര്യൻ, വികാരി ഫാ. വി.എം. എബ്രഹാം വാഴയ്ക്കൽ, റവ.റ്റി.എം. സഖറിയ കോർഎപ്പിസ്ക്കോപ്പാ, നവജീവൻ ട്രസ്റ്റി പി.യു. തോമസ്, ഫാ. ജോൺ ശങ്കരത്തിൽ, ഓർത്തഡോക്സ് സഭാ വർക്കിംഗ് കമ്മറ്റി അംഗം ശ്രീ. കുരുവിള എം. ജോർജ് IRS, ഫാ. രാജൻ വർഗീസ് എന്നിവർ സമീപം.

ഉപകാരസ്മരണ



A.V. Kuruvilla & Family
Gokuldham, Mumbai

മദ്ധ്യതിരുവിതാംകൂർ ഓർത്തഡോക്സ് കൺവൻഷൻ -2016

മാക്കാംകുന്ന്, പത്തനംതിട്ട

99 -ാമത് കൺവൻഷനും, ഒരുവർഷം നീണ്ടുനിൽക്കുന്ന ശതാബ്ദി ആഘോഷങ്ങളുടെ ഉത്ഘാടനവും

2016 ജനുവരി 15 വെള്ളി മുതൽ 21 വ്യാഴം വരെ



● വി. അഞ്ചിന്മേൽ കുർബ്ബാന ● ധ്യാന-സുവിശേഷയോഗങ്ങൾ ● ആദ്ധ്യാത്മിക സംഘടനാ സംഗമങ്ങൾ ● സമർപ്പണ ശുശ്രൂഷകൾ ● സൗഖ്യദാന മദ്ധ്യസ്ഥപ്രാർത്ഥന ● കുടുംബ നവീകരണ സമ്മേളനം ● കുമ്പസാരം ● കൗൺസലിംഗ് ● ശതാബ്ദി വിളംബര റാലി

• ചിന്താവിഷയം •

ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്ന് നമ്മെ വേർപിരിക്കുന്നതാർ ? (റോമർ 8.35)

മുഖ്യാതിഥി

മലങ്കര സഭയിലെ പുരാതനവും പ്രസിദ്ധവുമായ **മദ്ധ്യതിരുവിതാംകൂർ ഓർത്തഡോക്സ് കൺവൻഷന്റെ 99-ാമത് സമ്മേളനവും ഒരു വർഷം നീണ്ടുനിൽക്കുന്ന ശതാബ്ദി ആഘോഷങ്ങളുടെ ഉത്ഘാടനവും 2016 ജനുവരി 15 മുതൽ 21 വരെ തീയതികളിൽ മാക്കാംകുന്ന് സെന്റ് സ്റ്റീഫൻസ് കത്തീഡ്രൽ മൈതാനിയിൽ നടത്തപ്പെടുന്നു.** പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനി, അഭിവന്ദ്യരായ കുറിയാക്കോസ് മാർ ക്ലീമ്മീസ്, ഡോ.യൂഹാനോൻ മാർ മിലിത്തിയോസ്, ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മാത്യൂസ് മാർ തേവോദോസ്യോസ്, ഡോ. ജോസഫ് മാർ ദിവന്യാസ്യോസ്, ഡോ. ജോഷ്വ മാർ നിക്കോദിമോസ്, ഡോ. ഏബ്രഹാം മാർ സെറാഫിം എന്നി മെത്രാപ്പോലീത്താമാരും പ്രഗത്ഭരായ വൈദീകരും വിവിധ സമ്മേളനങ്ങളിൽ പങ്കെടുക്കും.

അർമേനിയൻ ഓർത്തഡോക്സ് ചർച്ച് ആർച്ച് പ്രീസ്റ്റ് വെരി. റവ. സാവെയ്ൻ സർഗീസ് യാഫിച്ചാൻ മുഖ്യാതിഥിയായിരിക്കും

സഭാ വിശ്വാസത്തിനെതിരെ ആഞ്ഞടിച്ച നവീകരണ ആശയങ്ങളേയും പ്രതികൂലതകളേയും അതി ജീവിക്കുന്നതിനും, വിശ്വാസികളെ സത്യവിശ്വാസത്തിൽ ഉറപ്പിച്ചു നിർത്തി ദൈവരാജ്യത്തിന്റെ സുവിശേഷം പ്രഘോഷിക്കുന്നതിനും കൺവൻഷന് സാധിച്ചു. കൂടാതെ അദ്ധ്യാത്മിക സാമൂഹിക വിദ്യാഭ്യാസ മണ്ഡലങ്ങളിൽ ഭദ്രാസനം കൈവരിച്ച നേട്ടങ്ങൾക്കു പിന്നിലും കൺവൻഷന് അദ്വിതിയമായ സ്ഥാനമുണ്ട്.

1918ൽ ആരംഭിച്ച കൺവൻഷൻ ശതാബ്ദി ആഘോഷിക്കുവാൻ ഒരുങ്ങുകയാണ്. അതിന്റെ ഭാഗമായി എല്ലാ മാസവും വിവിധ പരിപാടികൾ നടത്തുവാൻ കർത്താവിൽ ശരണപ്പെടുന്നു.

വി. മൂന്നു നോമ്പിന്റെ ദിനങ്ങളിൽ നിനവെ നിവാസികളെപ്പോലെ അനുതാപത്തോടും വ്യതശുദ്ധിയോടും കൂടി കൺവൻഷൻ യോഗങ്ങളിൽ സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കുവാൻ എല്ലാ വിശ്വാസികളെയും ദൈവ നാമത്തിൽ സ്വാഗതം ചെയ്യുന്നു.

ഫാ. ബിജു മാത്യൂസ്
മണ്ണാരക്കുളഞ്ഞി
വികാരി & കൺവൻഷൻ പ്രസിഡന്റ്
Mob : 9447063949

സണ്ണി വർഗ്ഗീസ്
ചരുവിളപുത്തൻവീട്
ജനറൽ കൺവീനർ
Mob : 9495435050

റ്റി. ജെ. ചെറിയാൻ
തെക്കെമുത്തേരിൽ ചെറി ഗാർഡൻസ്
പ്രോഗ്രാം കമ്മറ്റി കൺവീനർ
Mob : 9496849262

ജന്മശതാബ്ദി



> സഭാ വിജ്ഞാനീയത്തേയും ആരാധനാ പാരമ്പര്യങ്ങളേയും വിശുദ്ധ ജീവിതത്തേയും സാമൂഹിക പ്രതിബദ്ധതയേയും സമന്വയിപ്പിക്കുന്ന ദൈവശാസ്ത്രപരമായ മാർഗ്ഗദർശനങ്ങളാണ് ഈ പിതാവ് നമുക്ക് നൽകിയിട്ടുള്ളത്.

വേദശാസ്ത്ര ചിന്തകൾ

■ ഫാ. ഡോ.കെ.എൽ മാത്യു വൈദ്യൻ കോറെപ്പിസ്ക്കോപ്പാ

"മക്കളേ, ഒരു കടലാസ് എടുത്തേ. ഒരു പേനായും എടുക്കുക. ചക്കര എന്നെഴുതുക. വീണ്ടും ചക്കരയെന്നെഴുതുക. കടലാസു നിറയെ ചക്കര എന്നെഴുതി. നക്കി നോക്കുക. മധുരമുണ്ടോ?". മാത്യൂസ് ദ്വീതിയൻ ബാവായുടെ പ്രസംഗങ്ങളിൽ ആവർത്തിച്ചു പറയുന്ന ഒരു ഉദാഹരണമാണിത്. ദൈവാനുഭവമാണ് ദൈവശാസ്ത്ര പഠനത്തേക്കാൾ പ്രധാനമെന്ന് അദ്ദേഹം വിശ്വസിക്കുകയല്ല പഠിപ്പിക്കുകയും ചെയ്തു.

ആത്മ സംസ്കരണം.

സഭയുടെ പാരമ്പര്യ ദൈവശാസ്ത്രത്തിന്റെ ശക്തനായ വക്താവും വിശ്വാസ മർമ്മങ്ങളുടെ വിദഗ്ദനായ വ്യാഖ്യാതാവുമാണ് മാത്യൂസ് ദ്വിതീയൻ ബാവാ. ക്രിസ്തീയ സഭാ പിതാക്കന്മാരുടെ ജീവിതവും ചിന്തകളും സ്വാംശീകരിച്ച ഗുരുവായിരുന്നു അദ്ദേഹം. വിശുദ്ധരുടെ ജീവചരിത്ര ഗ്രന്ഥങ്ങളിൽ ശ്രദ്ധേയമായ കാര്യങ്ങൾ താൻ അടിവരയിട്ട് സൂക്ഷിച്ചിരുന്നതായി സ്വകാര്യ ഗ്രന്ഥ ശേഖരത്തിൽ കാണാം. വിശുദ്ധിയാണ് തത്വങ്ങളേക്കാൾ പ്രധാനമെന്ന് അദ്ദേഹം വിശ്വസിച്ചു. മൗനത്തിന്റെയും മനനത്തിന്റെയും ഉപ നയനത്തിന്റെയും ആദ്ധ്യാത്മികത ധ്യാന നിഷ്ഠകളിലൂടെ പ്രായോഗികമാക്കിരുന്നു. ആത്മ സംസ്ക്കരണത്തിനുള്ള ധ്യാന ചിന്തകളാണ് പകർന്നു തന്നത്.

വിശുദ്ധ കൂദാശകൾ.

ദൈവശാസ്ത്രം സാന്ത്വനത്തിനുതകണമെന്ന ചിന്തയോടെയാണ് അദ്ദേഹം ധർമ്മ സ്ഥാപനങ്ങളും, ആശ്രമങ്ങളും തുടങ്ങിയത്. ബസീലിയൻ ഓർഡർ അനുസരിച്ച് പഠനം, അദ്ധ്വാനം, ധ്യാനം, വചന പ്രബോധനം, ആരാധന, സേവന ശുശ്രൂഷകൾ ഇവയ്ക്ക് ദൈവശാസ്ത്രത്തിൽത്തന്നെ സ്ഥാനമുണ്ടെന്ന് അദ്ദേഹം അനുസ്മരിപ്പിച്ചു. ക്രിസ്തുവിന്റെ മനുഷ്യാവതാരവും വിശുദ്ധ സഭാ സ്ഥാപനവും സഭയുടെ അനന്തര വളർച്ചയും പരിശുദ്ധാത്മാവിന്റെ നടത്തിപ്പുമെല്ലാം ഒരുമിച്ച് തുടർച്ചയുടെ വിവിധ രൂപ ഭേദങ്ങളായി അദ്ദേഹം കണ്ടു. വിശുദ്ധ കൂദാശകളാണ് ദൈവശാസ്ത്രമെന്ന് അദ്ദേഹം പഠിപ്പിച്ചു. കർമ്മശുദ്ധി, വാക്ശുദ്ധി, ആത്മശുദ്ധി ഇവ പാലിക്കുന്നവരാണ് ദൈവ ശാസ്ത്രജ്ഞന്മാർ എന്ന് ഓർമ്മിപ്പിച്ചു.

തേജസ്ക്കരണം

താബോർ മലയിലെ തേജസ്ക്കരണാനുഭവമാണ് ഒരു ക്രിസ്തീയ വിശ്വാസിയുടെ മുഖമുദ്ര എന്ന് നിരന്തരം പ്രബോധിപ്പിച്ചു. മഹർഷിയും മനീഷിയും ദൈവശാസ്ത്ര പണ്ഡിതനുമായിരുന്ന ബാവാ സഭാ പാരമ്പര്യങ്ങളെ അവഗണിക്കുന്ന വേദ വിപരീതികൾക്കെതിരെ ഗർജ്ജിച്ചു. സാങ്കേതിക വിദ്യയും ശാസ്ത്ര പുരോഗതിയുമെല്ലാം ദൈവ ദാനമാണെന്നും അവ ഉത്തരവാദിത്തത്തോടെ ഉപയോഗിക്കേണ്ടതാണെന്നും വിശ്വസിച്ചു. ഊഷ്മളമായ എക്യൂമെനിക്കൽ ബന്ധങ്ങൾ മത സൗഹാർദ്ദം ഇവ നിലനിന്നു കാണുവാൻ ആഗ്രഹിച്ച ബാവാ ദൈവശാസ്ത്രം ചലനാത്മകമാകണമെന്നും (Dynamic) പറയുമായിരുന്നു. പരിസ്ഥിതി സൗഹാർദ്ദത്തെ അവഗണിച്ചുകൊണ്ടുള്ള ചൂഷണങ്ങളെ നഖശിഖാന്തം എതിർത്ത ബാവാ പ്രകൃതിയും ദൈവവും തമ്മിൽ ഐതര്യം (alienation) പാപമാണെന്നും ചിന്തിച്ചിരുന്നു. നാം ദൈവീകരിക്കപ്പെട്ടു ദൈവമക്കളായിത്തീരുക എന്ന പൗരസ്ത്യ സഭാ പിതാക്കന്മാരുടെ ദർശനം മാത്യൂസ് ദ്വിതീയൻ ബാവാ നമ്മെ സദാ അനുസ്മരിപ്പിച്ചുകൊണ്ടിരുന്നു.

സഭാ പിതാക്കന്മാരുടെ ദർശനങ്ങൾ.

തന്റെ കൃതികളിലൂടെയും ഇടയ ലേഖനങ്ങളിലൂടെയും പ്രഭാഷണങ്ങളിലൂടെയും സഭാ പിതാക്കന്മാരുടെ ചിന്തകൾ സ്വാംശീകരിച്ചു നൽകുന്നു. *കൃപയുടെ നീർച്ചാലുകൾ, ദിവ്യ രക്ഷാ മർമ്മം, ശിശു സ്നാനം തള്ളേണ്ടതോ കൊള്ളേണ്ടതോ, കുരിശ് വന്ദ്യമോ നിന്ദ്യമോ* തുടങ്ങിയ ലഘു കൃതികളിൽ ക്രിസ്തു ശിഷ്യന്മാർ സ്ഥാപിച്ച സഭകളിലേക്ക് ലിഖിതവും അലിഖിതവുമായി ലഭിച്ച സഭാ പിതാക്കന്മാരുടെ സഭാ പാരമ്പര്യങ്ങളെ സഭ മുറുകെപ്പിടിക്കണമെന്ന് ഉദ്ബോധിപ്പിക്കുന്നു. പെട്രിസ്റ്റിക്സ് എന്ന ദൈവശാസ്ത്ര ശാഖയെ പരിപോഷിപ്പിക്കുവാൻ നമ്മുടെ സെമിനാരികൾ ശ്രദ്ധിക്കണമെന്നും ആവശ്യപ്പെട്ടു. പാരമ്പര്യ ദൈവശാസ്ത്രത്തിലും പിതാക്കന്മാരുടെ ദർശനങ്ങളിലും അധിഷ്ഠിതമായ ഒരു സഭാ ശാസ്ത്രമാണ് മാത്യൂസ് ദ്വിതീയൻ ബാവായുടേത്. പാശ്ചാത്യ നവീകരണ സിദ്ധാന്തങ്ങളെ അദ്ദേഹം എതിർത്തിരുന്നു.

പൗരോഹിത്യ ശുശ്രൂഷയുടെ പ്രാധാന്യം.

വാങ്ങിപ്പോയ സാക്ഷികളുടെ സമൂഹവും ദൃശ്യ സഭയുടെ അംഗങ്ങളും ഒത്തുചേർന്ന് ദൈവത്തെ മഹത്വപ്പെടുത്തുന്ന വലിയ കൂട്ടായ്മയായി (macro-level fellowship) സഭയെ അദ്ദേഹം കാണുന്നു. ജീവനോടെയിരിക്കുന്നവർ സഭയിൽ ന്യൂനപക്ഷമാണെന്നും, ദൈവകൃപ ആവശ്യമില്ലാത്ത ഒരു നിമിഷവും ഒരു വ്യക്തിയുമില്ലെന്നും അദ്ദേഹം പഠിപ്പിക്കുന്നു. അറിവല്ല, അനുഭവവും രൂപാന്തരവുമാണ് യഥാർത്ഥ ദൈവശാസ്ത്രം. ആരാധനയിൽ മാലാഖമാരുടെ പാട്ടു കേൾക്കുവാൻ കഴിയണം. ക്രിസ്തുവിന്റെ മനുഷ്യാവതാരത്തേയും അതുമൂലം ചരിത്രത്തിലുണ്ടായ സഭയേയും രണ്ടായി കാണാൻ പാടില്ല. സഭയുടെ പരിപാലനത്തിന് കർത്താവു കല്പിച്ചു ക്രമീകരിച്ച പൗരോഹിത്യ ശുശ്രൂഷയുടെ പ്രാധാന്യം അംഗീകരിക്കണം. അപ്പോസ്തോലിക കൈവപ്പ് സഭയിൽ നിലനിർത്തണം. അപ്പോസ്തോലിക പിന്തുടർച്ച മെത്രാന്മാരുടെ കുട്ടുത്തരവാദിത്തത്തിലൂടെ നിറവേറുന്നു.

വിശുദ്ധ കുർബ്ബാനാനുഭവം ദൈവ ശാസ്ത്രത്തിന്റെ കേന്ദ്ര ബിന്ദു.

അപ്പോസ്തോലന്മാർക്കും അവരിലൂടെ സഭയ്ക്കും കൈമാറിക്കിട്ടിയ പാപമോചനാധികാരം നാം ഉൾക്കൊള്ളണം. ഈ പാപമോചനാധികാരം ഇല്ലാത്ത സഭ അപ്പോസ്തോലിക സഭയല്ല. വിശുദ്ധ കുർബ്ബാനാനുഭവം സഭാജീവിതത്തിന്റെ കേന്ദ്രബിന്ദുവാണ്. ആരാധനയും വിശുദ്ധ കുർബ്ബാനയും കാണുവാനും കേൾക്കുവനും മാത്രമുള്ളതല്ല, രുചിക്കാനുള്ളതാണ്. വിശുദ്ധ ബലിയുടെ സ്നേഹാധിഷ്ഠിതമായ ഐക്യമാണ് സഭയുടെ ഐക്യം. വിശ്വാസാചാരങ്ങളുടെ പൂർണ്ണത സഭയുടെ ജീവനാണ്. ക്രിസ്തുവിലുള്ള ജീവിതത്തിലെ ഭാഗഭാഗിത്വമാണ് ദൈവശാസ്ത്രം. സഭയുടെ കൗദാശിക ജീവിതത്തിലൂടെയാണ് ഇതു സാദ്ധ്യമാകുന്നത്. ദൈവത്തെ സ്വാധീനിക്കുക എന്നതല്ല, ദൈവിക ജീവനിൽ ഭാഗഭാക്കാകുക എന്നതാണ് ആരാധനയുടെ അർത്ഥം. പ്രാർത്ഥന ദുഷ്ട ശക്തികളെ ഓടിച്ചുകളയുന്നു. അതിനാൽ നിശ്ചിത യാമങ്ങളിൽ നാം പ്രാർത്ഥിക്കണം.

ആരധനാ പശ്ചാത്തലത്തിലാണ് ദൈവശാസ്ത്രം അർത്ഥവത്താകുന്നത്.

മാത്യൂസ് ദ്വിതീയൻ ബാവാ ആവർത്തിച്ച് ഓർമ്മിപ്പിച്ചിരുന്ന ഒരു വേദവാക്യമാണ് അപ്പോ. 13:2-3. "അവർ കർത്താവിനെ ആരാധിച്ചും ഉപവസിച്ചുംകൊണ്ടിരിക്കുമ്പോൾ ഞാൻ ബർന്നബാസിനെയും ശൗലിനെയും വിളിച്ചിരിക്കുന്ന വേലക്കായിട്ട് അവരെ എനിക്കു വേർതിരിപ്പീൻ എന്ന് പരിശുദ്ധാത്മാവ് പറഞ്ഞു. അങ്ങനെ അവർ ഉപവസിച്ച് പ്രാർത്ഥിച്ച് അവരുടെമേൽ കൈവച്ച് അവരെ പറഞ്ഞയച്ചു". ബൈബിൾ വചനങ്ങൾ രൂപപ്പെട്ടത് ക്രിസ്തീയ സഭയുടെ ആരാധനാ പശ്ചാത്തലത്തിലാണ്. അതിനാൽ ആരാധനാ ജീവിതത്തിന്റെ ചക്രവാളത്തിലേക്ക് ഇറങ്ങിച്ചെന്ന് ജീവിച്ചെങ്കിൽ മാത്രമേ ആ രചനകളുടെ ആഴവും പരപ്പും അർത്ഥവും ഗ്രഹിക്കാൻ കഴിയൂ. ആരാധനയെക്കുറിച്ച് പഠിപ്പിക്കുവാൻ കഴിവുള്ള ആളല്ല, ആരാധിക്കുന്ന ആളാണ് ദൈവശാസ്ത്രജ്ഞൻ. ആദിമ സഭ മോശയുടെ ന്യായപ്രമാണവും പ്രവാചക പുസ്തകങ്ങളും ആധാരമാക്കി യേശുവിനെക്കുറിച്ച് വിവരിച്ചു. അവയെ ആധാരമാക്കിത്തന്നെയാണ് ആരാധിച്ചതും. ഇന്നത്തെ സഭയ്ക്കും ഇക്കാര്യം ബാധകമാണ്.

ആചാരങ്ങളും അനുഷ്ഠാനങ്ങളും ദൈവശാസ്ത്രംതന്നെ.

സഭയുടെ പാരമ്പര്യങ്ങൾ കൈമാറി ലഭിച്ചിരിക്കുന്നത് വാമൊഴിയും വരമൊഴിയുമായിട്ടാണ്. ലിഖിതമായിക്കിട്ടിയ വേദപുസ്തകം സഭയുടെ പാരമ്പര്യത്തിന്റെ ഒരു പ്രധാന

9th Death Anniversary
11th January 2016



06-08-1972 11-01-2007

In Loving Memory of

Our JOLLYKUTTAN

(ALEX THARAKAN K. J.)
KALAPURACKAL, Gurukripa 12/626
G.N.R.A. 82, Pazhava Veedu P.O.,
Alapuzha-688 009

By Sorrowing Family

Tenth Year of Demise of (13-01-2016)
Our Beloved Chachan



Prof. Dr. Varghese Padiyara
Padiyara House,
V.Kottayam P.O., Pathanamthitta

"Still remains gloriously in our hearts.."

Inserted by:
Wife : Mrs. Susamma Jacob (Rtd. Principal)
Children:
Dr.Smitha Sara Padiyara, Prof. Thomas George, Jerry and Joshy, Vadakkethalackal Thengumvilayil, Pannivizha, Adoor.
Sunitha Mariam Padiyara, Dr. George Varghese, Thomas and Varghese, Karimarathinal, Mallassery, Pathanamthitta

ഭാഗവും അടിസ്ഥാന ഘടകവും ഉരകല്ലുമാണ്. അപ്പോസ്തേലന്മാർ സ്ഥാപിച്ച സഭകളിൽ ആചാരങ്ങളായും അനുഷ്ഠാനങ്ങളായും മറ്റും ഈ പാരമ്പര്യങ്ങൾ നിലവിലിരുന്നു. ഇവ കൈമാറി തലമുറകൾക്ക് ലഭിച്ചു. ഈ ആചാരങ്ങളും അനുഷ്ഠാനങ്ങളും സഭയുടെ ദൈവശാസ്ത്രംതന്നെ. ആചാരപരമായ പൂർണ്ണത (Ritualistic perfection) മാത്യൂസ് ദ്വിതീയൻ ബാവായുടെ സവിശേഷതയാണ്. ആരാധനയിൽ ഒരക്ഷരം പോലും വിടുകയില്ല. ഒരു കുമ്പിടീൽപോലും കുറയ്ക്കുകയില്ല. ശരീരംകൂടി ആരാധനയിൽ പങ്കെടുക്കുന്നുവെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. "നിങ്ങൾ ഇപ്രകാരം ചെയ്യുവീൻ" എന്നു കല്പിച്ച കർത്താവ് അനുഷ്ഠാനങ്ങളുടെ പ്രാധാന്യം ഊന്നിപ്പറയുകയായിരുന്നു.

സഭയുടെ പ്രതീകങ്ങളും നിറക്കൂട്ടുകളും ദൈവശാസ്ത്രംതന്നെ.

ചിഹ്നങ്ങളും പ്രതീകങ്ങളും എണ്ണമറ്റ ആശയങ്ങൾ പ്രതിബിംബിക്കുന്നു. അറിവും അനുഭവവും പകർന്നുകൊടുക്കുന്നതിൽ സഭയുടെ മാധ്യമങ്ങളും പ്രതീകങ്ങളും സഹായിക്കുന്നു. പ്രതീകങ്ങൾ ആശയങ്ങൾ ഉദ്ഘോഷിക്കുന്നു പ്രതീകങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള ആഘോഷങ്ങളും കർമ്മങ്ങളും സഭയുടെ സമ്പർക്ക, സംവേദന മാധ്യമങ്ങളാണ്. ഐക്കൺ ഉദാഹരണം. പ്രതീകങ്ങൾ പ്രഭാഷണങ്ങൾ തന്നെ. ആശയ സംവേദനത്തിനുള്ള ഇത്തരം പ്രതീകങ്ങൾ ദൈവശാസ്ത്രമാണ്. കുരിശ് വന്ദ്യമോ നിന്ദ്യമോ എന്ന ലേഖനത്തിൽ മാത്യൂസ് ദ്വിതീയൻ ബാവാ കുരിശ് വന്ദിക്കുന്നതിന്റെ ദൈവശാസ്ത്ര മാനങ്ങൾ വിശദീകരിക്കുന്നു.

പങ്കിടലും സ്നേഹശുശ്രൂഷയും ജീവകാരുണ്യവും ദൈവശാസ്ത്രമാണ്.

സഭയുടെ ഭക്തി മാർഗ്ഗവും ജ്ഞാന മാർഗ്ഗവും കർമ്മമാർഗ്ഗത്തിലേക്കു നയിക്കണം. ക്രിസ്തീയ പ്രമാണങ്ങൾ പ്രായോഗിക തലത്തിൽ കൊണ്ടുവന്നില്ലെങ്കിൽ പഠിക്കുന്നതിലും വ്യാഖ്യാനിക്കുന്നതിലും അർത്ഥമില്ല. സമൂഹത്തെ ഉദ്ധരിക്കുന്നതിനും വികസനോന്മുഖമാക്കുന്നതിനുമുള്ള പദ്ധതികൾ ദൈവശാസ്ത്രം തന്നെ. വിശുദ്ധ കുർബ്ബാനയെന്ന ബലിയർപ്പണം പ്രായോഗിക പങ്കിടലിലേക്കും അദ്ധ്വാനത്തിന്റെ ഫലം സമൂഹത്തിന്റേത് എന്ന അനുഭവത്തിലേക്കും നയിക്കണം. ഭവനദാന പദ്ധതിക്കും വിവാഹ സഹായ നിധികളും വിദ്യാഭ്യാസ സ്ഥാപനങ്ങളും ആരോഗ്യ പരിപാലനത്തിനുള്ള ആതുരാലയങ്ങളും അനാഥർക്കുള്ള ഭവനങ്ങളും മറ്റും സ്ഥാപിച്ച് ബാവാ ദൈവശാസ്ത്രം അർത്ഥസമ്പൂർണ്ണമാക്കി. Orthodoxy is Orthopraxis എന്ന് അദ്ദേഹം സ്വജീവിതത്തിലൂടെ കാണിച്ചുതന്നു.

ദൈവശാസ്ത്രം ദൈവീകരണവും ദൈവരാജ്യാനുഭവവുമാണ്.

ഓർത്തഡോക്സ് സഭാപിതാക്കന്മാർ മോശയുടെ സീനായ് പർവ്വതത്തിലേക്കുള്ള യാത്രയെപ്പറ്റി വിശദീകരിക്കാറുണ്ട്. മാത്യൂസ് ദ്വിതീയൻ ബാവായുടെ ഒരു പ്രധാന പ്രസംഗ വിഷയമാണിത്. പർവ്വതത്തിന്റെ അടുക്കലേക്ക് വരിക, ബദ്ധപ്പെട്ട് മുകളിലേക്ക് കയറുക, അന്ധതമസ്സിലകപ്പെടുക, മുഖം പ്രകാശിതമാവുക, ദൈവീകരിക്കപ്പെടുക തുടങ്ങിയ സന്ദേശങ്ങൾ ദൈവവിജ്ഞാനീയത്തിന്റെ അടിസ്ഥാന തത്വങ്ങളാണ്. നന്മയിലുള്ള നിരന്തര വളർച്ചയാണ് ദൈവീകരണം. അതുതന്നെയാണ് ദൈവശാസ്ത്രം. ഒരു ക്രിസ്തീയ വിശ്വാസിയുടെ ആത്യന്തിക ലക്ഷ്യം മറുരൂപപ്പെടുക എന്നതാണ്. ദൈവവുമായുള്ള ഏകീകരണാനുഭവത്തെയും അലിഞ്ഞുചേരലിനെയും നിത്യജീവൻ പ്രാപിക്കലെന്നും ദൈവരാജ്യാനുഭവമെന്നും വിവക്ഷിക്കുന്നു.

സഭാ പാരമ്പര്യങ്ങളുടെ പ്രാധാന്യം.

"ഞാൻ കർത്താവിൽനിന്നു പ്രാപിക്കയും നിങ്ങൾക്ക് ഏല്പിക്കയും ചെയ്തത് എന്തെന്നാൽ......" എന്നു പറഞ്ഞുകൊണ്ടാണ് വിശുദ്ധ പൗലോസ് കൊരിന്തിലെ സഭയെ അഭിസംബോധന ചെയ്യുന്നത്. (1 കൊരി. 11:23). ക്രിസ്തു ശിഷ്യന്മാർ സ്ഥാപിച്ച സഭകളിലേക്ക് അവർ പ്രാപിച്ച പാരമ്പര്യങ്ങൾ ഏല്പിച്ചുകൊടുത്തു. കണ്ടും കേട്ടും അറിഞ്ഞും ആചരിച്ചും ഈ പാരമ്പര്യങ്ങൾ അതാതു സഭകളിൽ നിലനിന്നു. അത് അടുത്ത തലമുറകളിലേക്ക് കൈമാറി കൊടുക്കുകയും ചെയ്തു. ക്രിസ്തു പറഞ്ഞതെല്ലാം എഴുതപ്പെട്ടിട്ടില്ല. അപ്പോസ്തോലന്മാരും അവരുടെ ശിഷ്യന്മാരും ചേർന്ന് തൂലികകൊണ്ട് എഴുതിത്തന്നിട്ടുള്ളവയെ അനുസരിപ്പാൻ നമുക്ക് എത്രമാത്രം കടപ്പാടുണ്ടോ അതുപോലെതന്നെ വിവിധ ദേശങ്ങളിൽ അവർ നേരിട്ടു ചെന്ന് സ്ഥാപിച്ച സഭകളിൽ ഉപദേശിച്ചും പഠിപ്പിച്ചും ഭരമേല്പിച്ചും ഉള്ള പാരമ്പര്യങ്ങളെ അനുസരിപ്പാനും വിശ്വാസികൾക്ക് കടപ്പാടുണ്ട്. സഭാ പാരമ്പര്യ ദൈവശാസ്ത്രത്തിന്റെ ഈ തത്വങ്ങൾ മാത്യൂസ് ദ്വിതീയൻ ബാവാ വിശ്വസിച്ച് ശക്തിയോടെ കൈമാറിത്തരുന്നു. ബൈബിൾ ഇന്നത്തെപ്പോലെ ക്രോഡീകരിക്കപ്പെടാതിരുന്ന ആദിമ നൂറ്റാണ്ടുകളിൽ വിശ്വാസികൾ ജീവിച്ചതും ആരാധിച്ചതും അനേകർ രക്തസാക്ഷികളായി മരിച്ചതും എഴുതപ്പെട്ടതും എഴുതപ്പെടാത്തതുമായ സഭാ പാരമ്പര്യങ്ങളിൽനിന്നുള്ള പ്രചോദനം കൊണ്ടാണ്. പാരമ്പര്യ ദൈവശാസ്ത്രത്തിലധിഷ്ഠിതമായ ഒരു സഭാ ശാസ്ത്രമാണ് ബാവാ മുറുകെപ്പിടിച്ചത്.

ദൈവശാസ്ത്രവിജ്ഞാനത്തിന്റെ പ്രായോഗികത.

സഭാംഗങ്ങൾക്ക് ദൈവശാസ്ത്ര വിജ്ഞാനം പകർന്ന് പ്രായോഗിക തലത്തിൽ അത് ഫലപ്രദമാക്കിത്തീർക്കുവാനാണ് മാത്യൂസ് ദ്വിതീയൻ ബാവാ ശാസ്താംകോട്ടയിൽ സെന്റ് ബേസിൽ ബൈബിൾ സ്കൂൾ സ്ഥാപിച്ചത്. അതിന്റെ ലക്ഷ്യങ്ങൾ ഇവയാണ്. വേദപുസ്തക വിജ്ഞാനം ശരിയായ രീതിയിൽ പകർന്നു കൊടുക്കുക. സഭാംഗങ്ങളുടെ ആത്മീയ പുഷ്ടിക്കും ധാർമ്മികോന്നമനത്തിനുമായി യത്നിക്കുക. പൗരസ്ത്യ ഓർത്തഡോക്സ് ആദ്ധ്യാത്മിക, വേദപുസ്തക സന്ദേശങ്ങൾ, ആരാധനാക്രമങ്ങൾ, സഭാപിതാക്കന്മാരുടെ ദർശനം, ഭാരത സാംസ്കാരിക പാരമ്പര്യങ്ങൾ തുടങ്ങിയ വിഷയങ്ങളെപ്പറ്റി ഗവേഷണ പഠനം പ്രോത്സാഹിപ്പിക്കുക, പ്രാർത്ഥന, നോമ്പ്, ധ്യാനം തുടങ്ങിയ ആദ്ധ്യാത്മിക നിഷ്ഠകൾ പാലിക്കുവാൻ പരിശീലിപ്പിക്കുക, ആദ്ധ്യാത്മിക നിഷ്ഠകൾ പാലിക്കുന്ന ദൈവവിളിയുള്ളവരെ കണ്ടുപിടിച്ച് സഭാ സേവനത്തിന് പ്രോത്സാഹിപ്പിക്കുക, കുടുംബജീവിതം വ്യക്തിജീവിതം ഇവയോടു ബന്ധപ്പെട്ട അനുരഞ്ജന ശുശ്രൂഷകൾ നിർവ്വഹിക്കുക, സഭാംഗങ്ങളെ വിശ്വാസാചാരങ്ങളിൽ ഉറപ്പിച്ചു നിർത്തുവാനായി വിശ്വാസ സംരക്ഷണ പരിശ്രമങ്ങൾ നടത്തുക, ബൈബിൾ സഭാ പിതാക്കന്മാരുടെ കൃതികൾ ഇവയുടെ ആനുകാലിക പ്രസക്തമായ വ്യാഖ്യാനങ്ങൾ രചിക്കുക, സഭയുടെ ആരാധനാ പാരമ്പര്യങ്ങൾ അർത്ഥവത്തായി പുനരുദ്ധരിച്ച് അനുഭവാത്മമാക്കുക, സഭൈക്യ സംരംഭങ്ങളേയും മതാനുഭവ പങ്കിടലിനെയും പ്രോത്സാഹിപ്പിക്കുക ഒരു സത്സംഗവേദി ഒരുക്കുക, പൗരസ്ത്യ ആദ്ധ്യാത്മിക പാരമ്പര്യങ്ങളുടെ സമന്വയ ദർശനങ്ങളെപ്പറ്റി പഠനം നടത്തുക, ദൈവവിജ്ഞാനീയത്തിന്റെ കർമ്മ പഥങ്ങളാണ് മാത്യൂസ് ദ്വിതീയൻ ബാവാ വിഭാവനം ചെയ്ത ഈ പാഠ്യ പദ്ധതി. ■



ചെന്നൈ പ്രളയം നൽകുന്ന പാഠങ്ങൾ

> "വലിയൊരു ലോകം മുഴുവൻ നന്നാവാൻ
> ചെറിയൊരു സൂത്രം ചെവിയിലോതാം ഞാൻ
> സ്വയം നന്നാവുക" - *കുഞ്ഞുണ്ണി മാഷ്*

■ **മാമ്മൻ ജോസഫ്, പുതുശ്ശേരി**

സത്യത്തിൽ മദ്രാസ് പട്ടണത്തെപ്പറ്റി ഇപ്പോൾ മറ്റെന്ത് പറയാൻ. നവംബർ മാസം 7-ാം തീയതിവരെ പ്രതാപത്തിന്റെ പരകോടിയിൽ എത്തിയിരുന്ന ഒരു നഗരം...ഭാരതത്തിന്റെ 11-ാമത്തെ വലിയ സംസ്ഥാനമായ തമിഴ്നാടിന്റെ തലസ്ഥാനനഗരം.... എന്തിനും ഏതിനും മുൻപന്തിയിൽ തന്നെ നിലകൊണ്ട നഗരം...ഭാരതത്തിന്റെ കലാകായികസംസ്കാരിക രാഷ്ട്രീയ രംഗത്ത് അതിന്റേതായ മുഖമുദ്ര പതിപ്പിച്ച നഗരം... ഇന്ത്യയുടെ 'Golden Quadrilateralൽ ദക്ഷിണേന്ത്യയുടെ സാന്നിദ്ധ്യം അറിയിച്ച നഗരം... SEBI യുടെ ദക്ഷിണേന്ത്യയിലെ തലസ്ഥാനകേന്ദ്രം. അനേക മഹത്വ്യക്തികളെ വ്യവസായ മേഖലയിലേക്കും സിനിമാലോകത്തേക്കും കൈപിടിച്ചുയർത്തിയ മദിരാശി നഗരം. തുറമുഖത്തിന് തുറമുഖം.... വിമാനത്താവളത്തിന് വിമാനത്താവളം.... റയിൽവേസ്റ്റേഷനുകൾക്ക് റയിൽവേസ്റ്റേഷനുകൾ...മെട്രോക്ക് മെട്രോ... സബ് - അർബൻ ട്രെയിനുകൾക്ക് അതും...അങ്ങനെ ഒന്നിനും ഒരു കുറവുണ്ടായിരുന്നില്ല... പക്ഷേ ഇതൊന്നും ഒന്നിനെയും പൂർണ്ണമാക്കുന്നില്ല എന്ന് ഇപ്പോൾ പഠിപ്പിച്ചത് ബൈബിളല്ല... ഖുറാനല്ല... മഹാഭാരതവുമല്ല... കേവലം ഒരു മഴമാത്രമാണ്... അതെ പറയുന്നത് മറ്റൊന്നിനെപ്പറ്റിയും അല്ല... കഴിഞ്ഞ ഒന്നരമാസം തമിഴകത്ത് സംഹാരതാണ്ഡവമാടിയ അതിവർഷത്തെപ്പറ്റി... ഇതിനെ തടുക്കാൻ എല്ലാംനേടി എന്ന് ധരിച്ചിരുന്ന മനുഷ്യർക്കോ മനുഷ്യനിർമ്മിത വസ്തുക്കൾക്കോ ഉപകരണങ്ങൾക്കോ ഒന്നും തന്നെ സാധിച്ചില്ലാ എന്ന് മാത്രമല്ല അവയെ നശിപ്പിക്കുകയും ചെയ്തു. "ഇനി എല്ലാം ഒന്നിൽനിന്ന് " എത്ര നാൾ വേണ്ടിവരും ഈ ചാരത്തിൽ നിന്ന് പഴയ പ്രതാപകാലത്തിലേക്ക് തിരിച്ചെത്താൻ എന്ന ചോദ്യം മാത്രം അവശേഷിക്കുന്നു.

അനേക നാശനഷ്ടങ്ങൾ വിതച്ചുകൊണ്ടാണ് ഈ അതിവർഷം അവസാനിക്കുന്നത്. കഴിഞ്ഞ ശതാബ്ദത്തിൽ ഇന്നേവരെ മദ്രാസ് നഗരം കണ്ടിട്ടില്ലാത്ത തരത്തിൽ ഒരു മഴക്കാലം... ഇതിൽ മഴവെള്ളത്തോടൊപ്പം ഒലിച്ച് പോയതിന്റെ കണക്കുകൾ ഞെട്ടിപ്പിക്കുന്നതാണ്... ചിലത് അതിന്റെ അപ്പുറത്തും. മക്കളെ നഷ്ടപ്പെട്ട മാതാപിതാക്കൾ, മാതാപിതാക്കളെ നഷ്ടപ്പെട്ട മക്കൾ, ജീവിതപങ്കാളിയെ നഷ്ടപ്പെട്ടവർ. ഇങ്ങനെ നികത്താനാവാത്ത കണക്കുകൾ അപ്പുറത്തും... മന:സാക്ഷിയുള്ള ഏതൊരുത്തനെയും ഞെട്ടിക്കുന്ന വാർത്തകൾ... ഇതിൽ നിന്ന് കരകയറുക അത്ര നിസ്സാരവുമല്ല... പക്ഷെ... എന്റെ എളിയ അഭിപ്രായത്തിൽ ഇതെല്ലാം ഒരു ഓർമ്മപ്പെടുത്തലാണ്... മനുഷ്യന് അവന്റെ ജീവിതക്രമത്തിലേക്ക് ഒന്ന് തിരിഞ്ഞുനോക്കി തിരുത്തുവാനുള്ള ഓർമ്മപ്പെടുത്തൽ..

എല്ലാം നേടിയെന്ന് സ്വയം അഹങ്കരിക്കുന്ന മനുഷ്യർ... അപരനെ കരുതാതെ സ്വാർത്ഥചിന്തയിൽ സ്വന്തം ജീവിതം കെട്ടിപടുക്കുവാൻ ശ്രമിക്കുമ്പോൾ അതിലെ ദൈവാനുഗ്രഹവും ദൈവസാന്നിദ്ധ്യവും പലപ്പോഴും വിസ്മരിച്ച് പോകുന്നു.. അടുത്തിടെ ഒരു സിനിമയിൽ കേട്ടപോലെ "ഇതെന്റെ കോൺഫിഡൻസ് അല്ലാ, എന്റെ അഹങ്കാരമാണ് " അഹന്തയിൽ മുങ്ങിക്കഴിയുന്ന ആധുനിക ജനതയ്ക്ക്മുമ്പിൽ 'ചെന്നൈ' ഇന്ന് ഒരു പാഠവിഷയമാക്കേണ്ടിയിരിക്കുന്നു. പുതുതലമുറയ്ക്ക് പുതിയ പാഠ്യേതരപദ്ധതികളോടൊപ്പം മോറൽ സയൻസിലും, വാല്യു എഡ്ക്യൂക്കേഷനിലും, എൺവയോമെന്റൽ സയൻസിലും ഉൾപ്പെടുത്തേണ്ട ഒരു പാഠ്യവിഷയം.

മദ്രാസ് നമുക്ക് നൽകുന്ന ഒരു പാഠം എന്നത് "ജീവിതം എന്നാൽ പണം സമ്പാദിക്കുക മാത്രമല്ല" എന്നാണ്. പണം ഉണ്ടാക്കുന്നത് ഉപയോഗിക്കുവാൻ വേണ്ടിയാണല്ലോ. എന്നാൽ മനുഷ്യന്റെ അത്യാവശ്യഘട്ടത്തിൽപ്പോലും അത് അവന് ലഭിക്കുന്നുണ്ടായിരുന്നില്ല. ബാങ്കുകൾ പൂട്ടികിടന്നു, എ.ടി.എം.കൾ നിശ്ചലമായി.... ദൈവം ധനവാനോട് ചോദിച്ചതുപോലെ "ഇന്ന് രാത്രി ഞാൻ നിന്റെ ജീവനെടുത്താൽ, നീ സമ്പാദിച്ചതൊക്കെ ആർക്ക് കൊടുക്കും." ഇനിയെങ്കിലും പഠിക്കുക!!! സമ്പാദ്യത്തിന്മേൽ മനുഷ്യന് ഒരവകാശവും ഇല്ല. നാം ഇതിന്റെ കാവൽക്കാർ മാത്രമാണ്. ധനവാന്റെ കൊട്ടാരത്തിൽ നിന്ന് വീഴുന്ന അപ്പകഷണങ്ങൾക്കായി ലാസർ കാത്തിരുന്നപോലെ ധനികരും ദരിദ്രനെപ്പോലെ ഹെലികോപ്റ്ററുകളിൽനിന്ന് വീഴുന്ന റൊട്ടികഷണങ്ങൾക്കായി കാത്തിരിക്കുന്നു. വൈരുദ്ധ്യങ്ങളുടെ ജീവിതപരമ്പരയ്ക്ക് അവിടെ തുടക്കമായി.... Mc Donald's Burgerകളുടെ കാലത്ത് റൊട്ടികഷണങ്ങൾക്ക് വൻഡിമാന്റ് ... Oreo Biscuitഉം, Dark Fantacy യും ഒക്കെ മാർക്കറ്റ് അടക്കി വാഴുന്ന സമയത്ത് എല്ലാവരും മറന്ന പാർലെ-ജി യും ടൈഗർ ഉം, ആരോറൂട്ടും ഒക്കെ രാജാക്കന്മാരാകുന്നു. ഇൻവർട്ടറുകളുടെ കാലത്ത് 10 രൂപയുടെ മെഴുകുതിരി 120 നും മേടിക്കുവാൻ തയ്യാറായി നിൽക്കുന്ന കൂട്ടർ വേറെ!! കാലം പകരം ചോദിച്ചോ എന്നൊരു സംശയം.. ആകുന്നതൊക്കെ കൂട്ടിവച്ച് ഒരു Hi-Tech ലോകത്തെ സ്വപ്നം കണ്ടവർക്ക് പഴമയുടെ ലോകത്തേക്ക് തിരികെ പോകേണ്ടിവന്നില്ലേ? ഓർക്കുക... നാം എന്തുകൊണ്ട് അഹങ്കരിക്കുന്നു? സമ്പത്തോ അതോ...?എല്ലാം നശ്വരമാണ്... ഇങ്ങനെയൊരു അവസ്ഥയിൽ അറിയാതെ പാടിപ്പോകും "നശ്വരമാം വീടേ... എന്തിനേ നീ എന്നെ മോഹിപ്പിച്ചു." എന്ന്.

ചെന്നൈ നൽകുന്ന മറ്റൊരു പാഠം രാഷ്ട്രീയ നേതാക്കന്മാർക്കുള്ള ഓർമ്മപ്പെടുത്തലായിരുന്നു... ജാതിയുടെയും സമുദായത്തിന്റെയും പേരിൽ ഭാരതത്തെ കീറിമുറിച്ച് സ്വാർത്ഥതാൽപ്പര്യങ്ങൾക്ക് കൊടിപിടിക്കുന്നവർക്കുള്ള ഓർമ്മപ്പെടുത്തൽ ... "ഇന്ത്യ ഒരു മതവും ഭരണഘടന അതിലെ വിശുദ്ധപുസ്തകമാണ് " എന്ന് നമ്മുടെ പ്രധാനമന്ത്രി പറയുമ്പോഴും അദ്ദേഹത്തിന്റെ അനുയായികൾ അത് കൈക്കൊണ്ടില്ലെങ്കിലും ചെന്നൈ അതിനെ അക്ഷരംപ്രതി ഏറ്റെടുത്തു. വല്ലവന്റെയും അടുക്കളയിൽ കയറി 'ബീഫ്' ഉണ്ടോ എന്ന് തിരയുകയല്ല മറിച്ച് ഒരുമിച്ച് കൈകോർക്കുകയാണ് ആവശ്യം എന്ന് ചെന്നൈ ഭരതത്തെ പഠിപ്പിച്ചു. ഭൂരിപക്ഷ സമുദായത്തിന്റെ അവകാശങ്ങൾ അടിച്ചമർത്തപ്പെട്ടോ എന്നോ ന്യൂനപക്ഷപ്രീണനം ഉണ്ടായോ എന്നോ അവർ ചിന്തിച്ചില്ല.. ഒരുമയുടെയും മതേതരത്വത്തിന്റെയും പര്യായമായി അവർ മാറി. ജാതിമതസമുദായ വ്യത്യാസം കൂടാതെ സഹായഹസ്തങ്ങൾ അവർ നീട്ടി. ഹിന്ദുവിന്റെ വീട്ടിൽ മുസ്ലീമും മുസൽമാൻ ഹൈന്ദവനും ഹൈന്ദവർ ക്രിസ്ത്യാനികൾക്കും പരസ്പരം അങ്ങോട്ടും ഇങ്ങോട്ടും അഭയം നൽകി. ഹൈന്ദവരല്ലാത്തവർ നാടുകടന്നോളു എന്നുള്ള പ്രസ്താവനകളൊന്നും ആരും നടത്തിയുമില്ല. കാശ്മീർ മുതൽ കന്യാകുമാരി വരെ നീണ്ടുകിടക്കുന്ന ഈ ഭരതമെന്ന നാനാത്വത്തിൽ ഏകത്വം ദർശിച്ച ഈ ഭാരത ഭൂമിയെ സ്വാർത്ഥതാൽപ്പര്യങ്ങൾക്കുവേണ്ടി കീറിമുറിക്കുക എന്നത് മലർപ്പൊടിക്കാരന്റെ സ്വപ്നം മാത്രമാണെന്ന് മദ്രാസ് കാണിച്ചുകൊടുത്തു. ബീഫോ അവകാശങ്ങളോ ഒന്നുമല്ല വിഷയം എന്ന് വിദ്യാഹീനർപോലും ഉൾക്കൊണ്ടു....

മദ്രാസ് പഠിപ്പിക്കുന്ന മറ്റൊരു പാഠം തീർത്തും പാരിസ്ഥിതികമാണ്. ഇപ്രകാരമുള്ള ഒരു അതിവർഷത്തിന് ശാസ്ത്രജ്ഞന്മാർ ചൂണ്ടിക്കാണിക്കുന്ന കാരണങ്ങളിലൊന്ന് ആഗോളതാപനമാണ്. ഇനിയും മുംബൈയിലെയും ചെന്നൈയിലേയും ആന്ധ്രയിലെയും പോലെയുള്ള മഴക്കെടുതികൾ ഇന്ത്യൻ Southern Peninsula യിൽ ഉണ്ടാകുമെന്ന് അവർ ചൂണ്ടിക്കാണിക്കുന്നു. അടുത്തത് കേരളമായിക്കൂടായെന്ന് ഇല്ല? കൃഷി രഹിതനും ഭൂമിയിലെ മേന്മണ്ണ് ഒലിച്ചുപോകുവാൻ ഇത് കാരണമാകും എന്ന് അവർ ഓർമ്മിപ്പിക്കുന്നു. വയലുകളും തണ്ണീർതടങ്ങളും നികത്തി ഫ്ളാറ്റുകൾ നിർമ്മിച്ച മദ്രാസ് പട്ടണത്തിലെ കെട്ടിടങ്ങളുടെ 3 ഉം 4 ഉം നിലകൾവരെ വെള്ളത്തിലായിരുന്നു എന്ന് നാം വിസ്മരിച്ച് പോകരുത്. വെള്ളത്തിന് ഊഴ്ന്നിറങ്ങാൻ കൃഷിയിടങ്ങളും വയലുകളും തണ്ണീർത്തടങ്ങളും മറ്റ് ഭൂപ്രദേശങ്ങളും എല്ലാം ഉണ്ടാകണം. ആ ഭൂപ്രദേശങ്ങളിൽ കൃഷിയുമുണ്ടാകണം. ആറന്മുള എന്ന ഹരിതഗ്രാമത്തിലെ തണ്ണീർതടങ്ങളും വയലുകളും എല്ലാം മൂടി നികത്തി വിമാനത്താവളം നിർമ്മിക്കുവാൻ മുന്നിട്ടിറങ്ങുന്നവർക്ക് ഇതൊരു പാഠമാകട്ടെ. നമ്മുടെ നാടിനെ ദയവുചെയ്ത് അടുത്ത ചെന്നൈ ആക്കരുതേ എന്ന് മാത്രം അപേക്ഷിക്കുന്നു. കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ ഇതിൽനിന്നുള്ള പാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ട് പ്രകൃതിയെ ഹനിക്കാത്ത വിധത്തിൽ ആയിരിക്കണം എന്ന് നമുക്ക് നിശ്ചയിക്കാം. നടന്നുകൊണ്ടിരിക്കുന്ന പാരീസ് പാരിസ്ഥിതിക ഉച്ചകോടിയിലെങ്കിലും ഇതൊരു നിയമമാകട്ടെ എന്ന് ആശിക്കുന്നു. മറിച്ചായാൽ നിയന്ത്രിക്കാൻ ആവാത്ത വിധം അത് നമ്മോട് പകരം ചോദിക്കും. സുസ്ഥിരമായ വികസനത്തിൽ നമുക്ക് വേരൂന്നി നിൽക്കാം. ■

മാതൃദേവാലയത്തിന്റെ ആദരം: പൗരോഹിത്യ സുവർണ്ണജൂബിലി ആഘോഷിക്കുന്ന സഭാ മാനേജിംഗ് കമ്മറ്റി അംഗം ഫാ. കെ. വി. ജോണിനെ (കട്ടപ്പുറം) പ. ബസേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ ഉമയാറ്റുകര സെ. തോമസ് വലിയ പള്ളിയിൽ വച്ച് പൊന്നാട അണിയിക്കുന്നു. മുൻ എം.പി. തോമസ് കുതിരവട്ടം, വികാരി ഫാ. ഫിലിപ്പ് ജേക്കബ്, ജൂണി തോമസ് (ട്രസ്റ്റി), സഖറിയ പി.എസ്. (സെക്രട്ടറി) എന്നിവർ സമീപം.

ബ്രോഡ്‌വേ കത്തീഡ്രൽ ശതാബ്ദി നിറവിൽ

19-ാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ ഉപരിപഠനത്തിനായും കച്ചവടത്തിനായും ഓർത്തഡോക്സ് സഭാംഗങ്ങളായവർ മദിരാശിയിൽ വന്നിരുന്നു. പിന്നീട് കൂടുതൽ ആളുകൾ ജോലി തേടിയും വിദ്യാഭ്യാസത്തിനായും വന്നു. മലങ്കര നസ്രാണികളുടെ എണ്ണം വർദ്ധിച്ചപ്പോൾ പ്രാർത്ഥിക്കുവാനുമായി സ്വന്തമായി ഒരു ദേവാലയം അവർ അന്വേഷിച്ചു. 1912 മുതൽ മദിരാശിയിൽ എത്തുന്ന വൈദികരുടെ സേവനം ഉപയോഗപ്പെടുത്തി. 1916-ൽ സ്ഥിരമായി ഒരു വൈദികന്റെ സേവനവും ആഗ്രഹിച്ചു മലങ്കര മെത്രാപ്പോലീത്തായായിരുന്ന വട്ടശ്ശേരിൽ ഗീവർഗ്ഗീസ് മാർ ദിവന്നാസ്യോസ് തിരുമേനിക്ക് നിവേദനം സമർപ്പിച്ചു. അതിൻ പ്രകാരം വട്ടശ്ശേരിൽ തിരുമേനി ഔഗേൻ റമ്പാനെ (പിന്നീട് ഔഗേൻ ബാവാ) വികാരിയായി നിയമിച്ചു. സ്ഥിരമായി ആരാധന നടത്തുവാൻ മദ്രാസിലെ ബ്രോഡ്‌വേയിലുള്ള ഹോളി ഇമ്മാനുവേൽ ചർച്ച് ഓർത്തഡോക്സ് സഭയുടെ ഉപയോഗിത്തിനുവേണ്ടി അനുവദിക്കുവാൻ ഉന്നത വ്യക്തികൾ അന്നത്തെ മദ്രാസ് ബിഷപ്പായിരുന്ന ഡോ. വൈറ്റ് ഫീൽഡിനെ കണ്ട് അറിയിച്ചു.

ബ്രിട്ടീഷ് പട്ടാളക്കാരുടെ ആരാധനയ്ക്കുവേണ്ടി ഉപയോഗിച്ചിരുന്ന ഗാരിസൺ ദേവാലയമായിരുന്നു ഇത്. ഈ ദേവാലയത്തിന് 1858-ൽ തറക്കല്ലിടുകയും 1862-ൽ പണികൾ പൂർത്തീകരിച്ച് കൂദാശ ചെയ്തതാണ്. മദ്രാസിലെ ആംഗ്ലിക്കൻ ബിഷപ്പായിരുന്ന ഡോ.വൈറ്റ് ഫീൽഡ് ഹോളി ഇമ്മാനുവേൽ ചർച്ച് ഓർത്തഡോക്സ് സഭയുടെ ആരാധനയ്ക്കായി അനുവദിച്ചു. 1916 ഒക്ടോബറിലാണ് ഹോളി ഇമ്മാനുവേൽ പള്ളി ആരാധനയ്ക്കായി ഔദ്യോഗികമായി ലഭിച്ചത്. വിശുദ്ധ കുർബ്ബാനയ്ക്ക് ഉപയോഗിക്കുന്നതിനുവേണ്ടി കുരിശ് ഉൾപ്പെടെയുള്ള പള്ളി ഉപകരണങ്ങൾ കുന്നംകുളം ആർത്താറ്റ് പള്ളിയിൽ നിന്നും കൊണ്ടുവന്നതായി ചരിത്രം സാക്ഷിക്കുന്നു.

ആദ്യകാലങ്ങളിൽ അംഗങ്ങളുടെ എണ്ണം കുറവായതിനാൽ കൊച്ചിയിലും തിരുവിതാംകൂറിലുമുള്ള സഭാംഗങ്ങളെ സമീപിച്ച് സംഭാവന വാങ്ങിയാണ് പള്ളി ചെലവിലേക്കുള്ള ധനസമാഹരണം നടത്തിയത്. കുന്നംകുളം, പഴനി, തൃശ്ശൂർ, ചെറായി, അയ്യംപള്ളി, എറണാകുളം തുടങ്ങിയ സ്ഥലങ്ങളിൽ നിന്നെല്ലാം സംഭാവന വാങ്ങി.

1925മുതൽ വിദ്യാഭ്യാസത്തിനായി മദിരാശിയിൽ വരുന്ന വൈദികരെ വികാരിമാരായി നിയമിച്ചു. 1941-ൽ പള്ളിയുടെ സിൽവർ ജൂബിലി ആഘോഷിച്ചു. അതിനോടനുബന്ധിച്ച് പുറത്തിറക്കിയ ജൂബിലി സ്മരണികയിൽ ഓർത്തഡോക്സ് സഭയിൽ ആദ്യമായി ഒരു പള്ളിയുടെ സുവനീർ പ്രസിദ്ധീകരിച്ചത് മദ്രാസ് ബ്രോഡ്‌വേ പള്ളിയാണെന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

ശതാബ്ദിയുടെ നിറവിൽ ബ്രോഡ്‌വേ സെ. തോമസ് കത്തീഡ്രൽ സമൂഹ വിവാഹം, സൗജന്യ ഹൃദയ ശസ്ത്രക്രിയ തുടങ്ങി ഒട്ടനവധി ജീവകാരുണ്യ പദ്ധതികൾ നടത്തിവരുന്നു. മാസങ്ങളായി നടന്നു വരുന്ന ശതാബ്ദി പരിപാടികൾക്ക് സമാപനം കുറിച്ചുകൊണ്ട് 2016 ജനുവരി 24 ഞായറാഴ്ച പരിശുദ്ധ കാതോലിക്ക ബാവാ തിരുമേനിയുടെ മുഖ്യകാർമ്മികത്വത്തിൽ വിശുദ്ധ മൂന്നിന്മേൽ കുർബ്ബാനയും തുടർന്ന് പൊതു സമ്മേളനവും നടക്കും. ബാഹ്യകേരള ഭദ്രാസനത്തിലെ ആദ്യ ദേവാലയം ശതാബ്ദി ആഘോഷിക്കുമ്പോൾ മലങ്കര സഭയ്ക്ക് ബാഹ്യകേരളത്തിലുണ്ടായ നേട്ടങ്ങളെയും അനുഗ്രഹങ്ങളെയും അഭിമാനത്തോടെ അനുസ്മരിക്കാം.

– ഫാ. ജിജി മാത്യു വാകത്താനം

ST. GEORGE ORTHODOX CATHEDRAL
P.O. Box 883, Abu Dhabi, UAE

കെയർടേക്കറിന്റെ തസ്തികയ്ക്കുള്ള അപേക്ഷ ക്ഷണിക്കുന്നു

അബുദാബി സെ. ജോർജ് ഓർത്തഡോക്സ് കത്തീഡ്രൽ ഇടവകയിൽ 'കെയർടേക്കർ' ആയി ജോലി ചെയ്യുവാൻ ആഗ്രഹിക്കുന്ന, താഴെ കൊടുത്തിരിക്കുന്ന നിബന്ധനകൾക്കു വിധേയരായിട്ടുള്ള വ്യക്തികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകൾ 2016 ജനുവരി 31-നു മുമ്പായി താഴെ കൊടുത്തിരിക്കുന്ന വിലാസത്തിൽ ലഭിക്കണം.

നിബന്ധനകൾ

1. അപേക്ഷകൻ മലങ്കര ഓർത്തഡോക്സ് സഭാ അംഗവും, സൽസ്വഭാവിയും നല്ല വ്യക്തിഗത പെരുമാറ്റവും ആരോഗ്യസ്ഥിതിയും ഉണ്ടായിരിക്കണം.
2. അപേക്ഷകൻ 35 നും 45 നും മദ്ധ്യേ പ്രായമുള്ള വിവാഹിതനായിരിക്കണം. പാസ്സ്പോർട്ട് കോപ്പി അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം.
3. അപേക്ഷകന് SSLC വിദ്യാഭ്യാസം എങ്കിലും ഉണ്ടായിരിക്കുന്നത് അഭികാമ്യമായിരിക്കും.
4. വിശുദ്ധ മദ്ബഹായിലെ ശുശ്രൂഷകളെപ്പറ്റിയുള്ള അറിവും പരിചയവും ഒരു അധിക യോഗ്യത ആയിരിക്കും. ശുശ്രൂഷകനായി പ്രവർത്തിച്ചിട്ടുള്ളവർക്ക് മുൻഗണന ഉണ്ടായിരിക്കും.
5. മേൽ ചോദിച്ച 1,4 വിഷയങ്ങളെപ്പറ്റിയും അപേക്ഷകന്റെ സാമ്പത്തിക സ്ഥിതിയെപ്പറ്റിയും ഒരു സാക്ഷ്യപത്രം അപേക്ഷകന്റെ ഇടവക വികാരിയിൽ നിന്നും അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം.
6. അപേക്ഷകന്റെ വിദ്യാഭ്യാസയോഗ്യത, വയസ്സ് ഇവ ബോധ്യപ്പെടുത്തുന്ന സർട്ടിഫിക്കേറ്റുകളുടെ പകർപ്പ് അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം. ഈ തസ്തികയ്ക്കു single status ആയിരിക്കും ഉള്ളത്.
7. സെലക്റ്റ് ചെയ്യുന്ന പക്ഷം, വിവരം അപേക്ഷകനെ നേരിട്ട് അറിയിക്കുന്നതും ആവശ്യമുള്ള പക്ഷം അപേക്ഷകന്റെ വിദ്യാഭ്യാസ സർട്ടിഫിക്കേറ്റ് UAE Embassy യിൽ നിന്നും അറ്റസ്റ്റ് ചെയ്തു തരേണ്ടതുമാണ്.
8. അപേക്ഷയോടൊപ്പം ഏതെങ്കിലും തരത്തിലുള്ള ശുപാർശ കത്തുകളും അപേക്ഷ അയച്ചതിനു ശേഷമുള്ള കത്തിടപാടുകളും അപേക്ഷ പരിഗണിക്കാതിരിക്കാനുള്ള കാരണങ്ങൾ ആയിരിക്കുന്നതാണ്.
9. കെയർടേക്കറായി നിയമിതനാകുന്ന വ്യക്തിയുടെ സേവനകാലാവധി 2016 ഏപ്രിലിൽ ആരംഭിച്ച് രണ്ട് വർഷം ആയിരിക്കുന്നതും, അബുദാബി ഇടവകയുടെ standing instruction അനുശാസിക്കുന്ന എല്ലാ ജോലികളും കൃത്യതയോടെ ചെയ്യേണ്ടതുമാണ്.
10. ഇടവകയുടെ standing instruction അനുശാസിക്കുന്ന ശമ്പളവും ആനുകൂല്യങ്ങളും യഥാസമയം ലഭിക്കുന്നതുമാണ്. ഈ വിഷയത്തെപ്പറ്റിയുള്ള അബുദാബി ഇടവകയുടെ പൊതുയോഗം അനുശാസിച്ചിരുന്ന പ്രകാരം Managing Committee യുടെ തീരുമാനം അന്തിമം ആയിരിക്കുന്നതാണ്.
11. കവറിനു മുകളിൽ 'Application for the post of caretaker' എന്ന് എഴുതിയിരിക്കണം.

അപേക്ഷ അയയ്ക്കേണ്ട വിലാസം:
The Vicar,
P.O. Box-883
Abu Dhabi, UAE
or CV & details mail to : vicar@sgocad.com

സമഗ്ര ചികിത്സ സാധാരണക്കാർക്കും നൽകണം

കോട്ടയം:- ആതുര സേവനരംഗം കേന്ദ്രീ കൃതവും കോർപ്പറേറ്റുകളുടെ നിയന്ത്ര ണ ത്തിലും ആകുന്നത് കടുത്ത ചൂഷണത്തിന് വഴി വെയ്ക്കുമെന്നും ദരിദ്രർക്കും പാർശ്വവത്ക്കരി ക്കപ്പെട്ട വർക്കും പ്രാപ്യമായവിധം വികേന്ദ്രീ കൃത സേവനം ലഭ്യമാക്കാൻ സർക്കാരും സഭകളും ശ്രമിക്കണമെന്നും പരിശുദ്ധ ബസേലിയോസ് മാർ ത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോ ലിക്കാ ബാവാ. ശരീര ആത്മ മനസ്സു കളുടെ സമ്പൂർണ്ണവും സമഗ്രവുമായ ആരോഗ്യം സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ജനങ്ങളെ ബോധവത്ക്കരിക്കേണ്ടത് അത്യാവശ്യ മാണെന്നും അദ്ദേഹം പറഞ്ഞു. മലങ്കര ഓർത്തഡോക്സ് സഭ ആവിഷ്കരി ക്കുന്ന സമഗ്ര സൗഖ്യ വർഷാചരണ ത്തിന്റെ സഭാതല ഉദ്ഘാടനം നിർവ ഹിച്ച് പ്രസംഗിക്കുകയായിരുന്നു പരിശുദ്ധ ബാവാ.

സഭാംഗങ്ങളുടെ ഇന്റർനെറ്റ് കൂട്ടായ്മയായ ഐക്കൺ ചാരിറ്റീസ് സഭയുടെ മാനവശാക്തീകരണ വിഭാ ഗവും ചേർന്ന് ഏർപ്പെടുത്തിയ സമർത്ഥരും സാമ്പത്തിക ക്ലേശം അനുഭവിക്കുന്നതുമായ വിദ്യാർത്ഥി കൾക്കായുള്ള ഐക്കൺ എക്സലൻസ് അവാർഡ് പരിശുദ്ധ കാതോലിക്കാ ബാവാ വിതരണം ചെയ്തു. 513 വിദ്യാർത്ഥികൾക്കായി 55 ലക്ഷം രൂപയുടെ സമ്മാനം നൽകി. ഡോ. മാത്യൂ പാറയ്ക്കൽ മുഖ്യ പ്രഭാഷണം നടത്തി.

ഫാ. ഡോ. കെ.എം ജോർജിന്റെ അദ്ധ്യക്ഷതയിൽ ഫാ. ഡോ. ബിജേഷ് ഫിലിപ്പ്, ഫാ. പി.എ.ഫിലിപ്പ്, ഡോ. വർഗീസ് പുന്നൂസ്, ഉമ്മൻ കാപ്പിൽ, പ്രൊഫ. പി.സി. ഏലിയാസ്, ഡോ. സിബി തരകൻ എന്നിവർ പ്രസംഗിച്ചു. ആതുര സേവനരംഗത്ത് നൽകിയ സമഗ്ര സംഭാവനക്കായി ഡോ. എൻ.എം. മത്തായി (കോഴിക്കോട് മെഡി.കോളേജ് പ്രഥമ ശിശുരോഗ വിഭാഗം അദ്ധ്യക്ഷൻ), ഡോ. ജോർജ് ജേക്കബ് (കോട്ടയം മെഡി.കോളേജ് കാർഡിയോളജി വകുപ്പ് മുൻ മേധാവി), ഡോ. കെ.സി മാമ്മൻ (കോലഞ്ചേരി മെഡിക്കൽ മിഷൻ പ്രഥമ ഡയറക്ടർ), ഡോ. എൽസി ഫിലിപ്പ് (തിരുവനന്ത പുരം മെഡി.കോളേജ് മുൻ പ്രിൻസി പ്പൽ), ഡോ. വി.കെ. അന്നമ്മ (മുൻ ഗൈനോക്കോളജി പ്രൊഫസർ), ഡോ. പി.കെ.അലക്സാണ്ടർ (മുൻ പത്തനം തിട്ട ഡി.എം.ഒ), ഡോ. മാത്യൂ പാറയ്ക്കൽ എന്നിവർക്ക് പരിശുദ്ധ കാതോലിക്കാ ബാവാ അവാർഡ് നൽകി ആദരിച്ചു. ■

സഭയുടെ ആദരം: ത്രിതല പഞ്ചായത്തു തെരഞ്ഞെടുപ്പിൽ വിജയികളായ മാവേലിക്കര ഭദ്രാസന അംഗങ്ങളെ അനുമോദിച്ചപ്പോൾ...ഡോ. ജോഷ്വാ മാർ നിക്കോദിമോസ് മെത്രാപ്പോലീത്താ, ഫാ. മത്തായി വിളനിലം, ഭദ്രാസന സെക്ര ട്ടറി ഫാ. എബി ഫിലിപ്പ്, ജില്ലാ പഞ്ചായത്തംഗങ്ങളായ ജോൺ തോമസ് (മുട്ടം), ജേക്കബ് ഉമ്മൻ (പത്തിച്ചിറ) തുടങ്ങിയ വർ സമീപം.

ഗലീലാക്കുന്ന് സെന്റ്മേരീസ് ഓർത്തഡോക്സ് പള്ളി ഊരമന

കണ്ടനാട്‌വെസ്റ്റ് ഭദ്രാസനം

വി. ദേവാലയ കൂദാശയും

പ്രധാന പെരുന്നാളും

2016 ജനുവ്രി 29,30,31 തീയതികളിൽ

പുതിയതായി നിർമ്മിച്ച ഊരമന ഗലീലാക്കുന്ന് സെന്റ്. മേരീസ് ഓർത്തഡോക്സ് പള്ളിയുടെ കൂദാശയും പ്രധാന പെരുന്നാളും 2016 ജനുവരി മാസം 29, 30, 31 (വെള്ളി,ശനി,ഞായർ) തീയതികളിലായി പരി. ബസ്സേലിയോസ് മാർത്തോമ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവയുടെ പ്രധാന കാർമ്മികത്വത്തിലും മെത്രാപ്പോലീത്തമാരായ അഭി. ഡോ. മാത്യൂസ് മാർ സേവേറിയോസ്, അഭി. ഡോ. മാത്യൂസ് മാർ തീമോത്തിയോസ് എന്നീ തിരുമേനിമാരുടെ സഹകാർമ്മികത്വത്തിലുമായി നടത്തുവാൻ കർത്താവിൽ ശരണപ്പെടുന്നു.

വിശ്വാസികളേവരും പ്രാർത്ഥനാപൂർവം വന്ന് സംബന്ധിക്കുവാൻ ക്ഷണിച്ചുകൊള്ളുന്നു

ഒരുക്കധ്യാനം | വിളംബര ജാഥ | സ്വീകരണ ഘോഷയാത്ര | പൊതുസമ്മേളനം

ഫാ. ജോസഫ് മലയിൽ, വികാരി



ദുഃഖവെള്ളിയും വചനിപ്പും ഒരുമിച്ചു വന്നാൽ...?

ദുഃഖവെള്ളിയാഴ്ചയും വചനിപ്പുപെരുന്നാളും ഒരുമിച്ചുവരുന്നത് 52-ാം പ്രാവശ്യം; ഇനി 141 വർഷം കഴിഞ്ഞ് 2157-ൽ !

■ വർഗീസ് ജോൺ തോട്ടപ്പുഴ

പതിനൊന്നു വർഷത്തെ ഇടവേളയ്ക്കുശേഷം 2016 മാർച്ച് 25ന് ദുഃഖവെള്ളിയാഴ്ചയും വചനിപ്പുപെരുന്നാളും ഒരുമിച്ചു വരികയാണ്. മലങ്കര സുറിയാനി സഭ ഗ്രിഗോറിയൻ കലണ്ടർ സ്വീകരിച്ചതിനു (1953) ശേഷം രണ്ടാം തവണയാണ് ഇതു സംഭവിക്കുന്നത്. ഇനി 141 വർഷം കഴിഞ്ഞ് 2157ൽ മാത്രമേ ഇങ്ങനെ വരികയുള്ളൂ. അതുകഴിഞ്ഞ് 2168, 2214, 2225, 2236 തുടങ്ങിയ വർഷങ്ങളിലും വരും.

ദുഃഖവെള്ളിയാഴ്ച വിശുദ്ധ കുർബാന അർപ്പിക്കാൻ പാടില്ല എന്നാണല്ലോ സഭയുടെ പാരമ്പര്യം. എന്നാൽ അന്നു വചനിപ്പു പെരുന്നാൾ (മാർച്ച് 25) വന്നാൽ വി. കുർബാന കഴിഞ്ഞേ ദുഃഖവെള്ളിയാഴ്ചയുടെ ശുശ്രൂഷകൾ നടത്തുകയുള്ളൂ. വിരളമായി മാത്രമേ ഇവ ഒരുമിച്ചു വരാറുള്ളൂ.

ഏറ്റവും അവസാനം 2005 മാർച്ച് 25നാണ് ഇവ ഒരുമിച്ചുവന്നത്. അതിനു മുമ്പ് 1597, 1608, 1687, 1692, 1771, 1782, 1855, 1866, 1877, 1939, 1950 തുടങ്ങിയ വർഷങ്ങളിൽ ഓദോർ 25 (സുറിയാനി കണക്കിന് മീനം 25)ന് ഇവ ഒരുമിച്ചു വന്നിട്ടുണ്ട്. മലങ്കര സുറിയാനി സഭ ഗ്രിഗോറിയൻ കലണ്ടർ സ്വീകരിക്കുന്നതിനു (1953) മുമ്പുള്ള കാലമാണിത്. ഗ്രിഗോറിയൻ കലണ്ടർ പ്രകാരം കണക്കാക്കുമ്പോൾ ഏപ്രിൽ നാലിനും (1597, 1608, 1687, 1692) അഞ്ചിനും (1771, 1782) ആറിനും (1855, 1866, 1877) ഏഴിനും (1939, 1950) ആണ് ഇവ ഒരുമിച്ചു വന്നത്. ജൂലിയൻ കലണ്ടർ അനുസരിച്ചുള്ള പഴയ രീതി പ്രകാരം തീയതി കണക്കാക്കുന്നതാണ് ഗ്രിഗോറിയൻ കലണ്ടറിലെ തീയതി വ്യത്യാസത്തിനു കാരണം. സുറിയാനി കണക്കും (ജൂലിയൻ കലണ്ടർ) പാശ്ചാത്യ കണക്കും (ഗ്രിഗോറിയൻ കലണ്ടർ) തമ്മിൽ 16, 17 നൂറ്റാണ്ടുകളിൽ പത്തും 18-ാം നൂറ്റാണ്ടിൽ പതിനൊന്നും 19-ാം നൂറ്റാണ്ടിൽ പന്ത്രണ്ടും 20, 21 നൂറ്റാണ്ടുകളിൽ പതിമൂന്നും 22-ാം നൂറ്റാണ്ടിൽ പതിനാലുമാണ് വ്യത്യാസം.

നിഖ്യാസുന്നഹദോസ് (എ.ഡി. 325) മുതൽ പോപ്പ് ഗ്രിഗറി 13-ാമന്റെ കലണ്ടർ പരിഷ്കരണം (എ.ഡി.1582) വരെ എല്ലാ ക്രൈസ്തവരും ഒരേ തീയതികളിൽ തന്നെ വിശേഷ ദിവസങ്ങൾ ആചരിച്ചിരുന്നതായി കരുതുന്നു. ഈ കാലഘട്ടത്തിൽ 39 പ്രാവശ്യം (343, 354, 365, 376, 438, 449, 460, 533, 544, 623, 628, 707, 718, 791, 802, 813, 875, 886, 897, 908, 970, 981, 992, 1065, 1076, 1155, 1160, 1239, 1250, 1323, 1334, 1345, 1407, 1418, 1429, 1440, 1502, 1513, 1524) മാർച്ച് 25 നു ദുഃഖവെള്ളിയാഴ്ചയും വചനിപ്പു പെരുന്നാളും ഒരുമിച്ചു വന്നിട്ടുണ്ട്. ആ നിലയ്ക്ക് എ.ഡി. 325 മുതൽ 2016 വരെ 52 പ്രാവശ്യം ഇവ ഒരുമിച്ചു വന്നതായി കണക്കാക്കാം.

മലങ്കര സുറിയാനി സഭയിലെ പാത്രിയർക്കീസ് പക്ഷം (ബാവാകക്ഷി) 1952 ഡിസംബർ 15 ന് യൽദോ നോമ്പാരംഭത്തിനും കാതോലിക്കാപക്ഷം (മെത്രാൻ കക്ഷി) 1953 മേയ് 14ന് സ്വർഗാരോഹണ പെരുന്നാളിനുമാണ് ഗ്രിഗോറിയൻ കലണ്ടർ (പുതിയ രീതി) സ്വീകരിച്ചത്.

സിറിയക് ഓർത്തഡോക്സ് (അന്ത്യോഖ്യൻ സിറിയൻ) സഭ പാശ്ചാത്യ രാജ്യങ്ങളിലും ഇന്ത്യയിലും 2016 മാർച്ച് 25ന് ഈ വിശേഷദിവസങ്ങൾ ഒരുമിച്ച് ആചരിക്കുമെങ്കിലും പശ്ചിമേഷ്യൻ (മദ്ധ്യപൂർവ) രാജ്യങ്ങളിൽ ഇനിയും (1950നു ശേഷം) ഒരിക്കലും ഇവ ഒരുമിച്ചു വരികയില്ല. എന്നാൽ വിശുദ്ധ നാടുകളിൽ 1961ലും 1972ലും ഇവ ഒരുമിച്ചു വന്നിട്ടുണ്ട്. ഒരേ സഭയിൽ തന്നെ പ്രാദേശികാടിസ്ഥാനത്തിൽ ജൂലിയൻ - ഗ്രിഗോറിയൻ കലണ്ടറുകൾ മൂന്നു വ്യത്യസ്ത രീതികളിൽ ഉപയോഗിച്ചിരുന്നതാണ് കാരണം.

വസന്ത വിഷുവം ആയ മാർച്ച് 21നോ അതിനു ശേഷമോ വരുന്ന പൗർണമിയുടെ പിറ്റേ ഞായറാഴ്ചയാണ് ഈസ്റ്റർ. ഈ പൗർണമി (പെസഹാ ചന്ദ്രൻ) ഞായറാഴ്ച വന്നാൽ ഈസ്റ്റർ അതിനടുത്ത ഞായറാഴ്ചയായിരിക്കും. നിഖ്യാ സുന്നഹദോസ് (എ.ഡി. 325) ആണ് ഈ തീരുമാനം എടുത്തത്. ഈസ്റ്റർ വരാവുന്ന ഏറ്റവും നേരത്തെയുള്ള തീയതി മാർച്ച് 22 ആണ്. ഉദാ:- 2285. ഏറ്റവും താമസി

ശേഷം 41-ാം പേജിൽ

Guest

അതിഥി

യുവജനോത്സവ വേദികൾ കീഴടക്കിയ കലാപ്രതിഭ എത്തിയത് സിവിൽ സർവീസിൽ. പഠനത്തോടൊപ്പം കലയും സാഹിത്യവും ഉൾക്കൊണ്ട ദിവ്യ എസ്. അയ്യർ ഡോക്ടറായി. പിന്നെ സിവിൽ സർവ്വീസും. ജീവിതത്തിന്റെ നേർക്കാഴ്ച പങ്കിടുന്നു...

പ്രകാശം പരത്തുന്ന പ്രതിഭ

ഡോ. ദിവ്യ എസ്. അയ്യർ ഐ.എ.എസ്.

പൊതുജനങ്ങളുമായും പുതു/യുവതലമുറയുമായും വേഗത്തിൽ ആശയ വിനിമയം നിർവ്വഹിക്കുവാനുള്ള ഉപാധിയായി സാമൂഹ്യ മാധ്യമങ്ങൾ മാറുന്നുണ്ട്. ഈ വിഷയത്തിൽ എന്താണ് കാഴ്ചപ്പാട്.

സാമൂഹ്യ മാധ്യമങ്ങളിൽ നിന്ന് ആർക്കും ഓടിപ്പോവാൻ സാധിക്കുകയില്ല എന്നത് സത്യമായ വസ്തുതയാണ്. എന്നാൽ സാമൂഹ്യ മാധ്യമങ്ങളിലെ ഗുണവും ദോഷവും യുവതലമുറ മനസ്സിലാക്കുന്നില്ല എന്നത് വ്യക്തിപരമായി ആശങ്കയുണ്ടാക്കുന്നു. മനുഷ്യന്റെ തനതായ സിദ്ധികൾ മറന്ന് സാങ്കേതികത്വത്തിന്റെ മാത്രം പിറകേ പോവുന്നത് ശരിയാണോ എന്ന് ചിന്തിക്കണം. മനുഷ്യമനസ്സിനെ വളരാൻ സഹായിക്കുന്ന സാങ്കേതികത്വമാണ് നമുക്ക് ആവശ്യം. എന്നാൽ നല്ല കാര്യങ്ങൾ മൂടിവയ്ക്കപ്പെടുകയും ചീത്തക്കാര്യങ്ങൾ കാട്ടുതീപോലെ പടരുകയുമാണ് ചെയ്യുന്നത്. മാത്രമല്ല എന്നാണ് സോഷ്യൽ മീഡിയ 'paid'ആക്കുക എന്ന് അറിയില്ല. അതിന്റെ ആധികാരികതയിലും സുതാര്യതയിലും സംശയമുണ്ട്. ജനങ്ങളുമായി സംവേദനം നടത്തുവൻ തക്കവണ്ണം ആത്യന്തികമായ പരിഹാരമാണോ സാമൂഹ്യ മാധ്യമങ്ങൾ എന്ന് സംശയമുണ്ട്.

ബാല്യകാലം മുതൽ IAS ഒരു സ്വപ്നമായിരുന്നു എന്ന് കേട്ടിട്ടുണ്ട്? എന്നാൽ എന്തുകൊണ്ടാണ് ആദ്യം വൈദ്യശാസ്ത്രം തിരഞ്ഞെടുത്തത്

ബാബുപോൾ (ഡോ.ഡി.ബാബു പോൾ IAS) സാറിനെ കണ്ടതു മുതലാണ് ഐ.എ.എസ്. എന്ന് കേൾക്കുന്നത്. മോഹം അന്ന് മുതൽ മനസ്സിൽ ഉണ്ടായിരുന്നു. ബയോളജി ഒരുപാട് ഇഷ്ടമായിരുന്നു. ജ്ഞാനാന്വേഷണം ഇന്നും ഒരു അഭിനിവേശമാണ്. ലോകത്തേക്കുറിച്ചും സമൂഹത്തേക്കുറിച്ചും ഒരുപാട് കാര്യങ്ങൾ അറിയുവാൻ ആവലാതിപ്പെടുന്നുണ്ട്. എന്നാൽ നമ്മുടെ ശരീരം, മനസ്സ് നമ്മുടെ ഉള്ളിലുള്ളതിനേക്കുറിച്ച് അറിയുവാനുള്ള കൗതുകം വളരെയേറെയുണ്ടായി. പത്താം ക്ലാസ്സിൽ പഠിക്കുമ്പോൾ വെല്ലൂർ സി.എം.സി.യിൽ മെഡിസിന് ചേരണം എന്ന് ആഗ്രഹമായിരുന്നു. വെല്ലൂർ സി.എം.സി.യിൽ മെഡിസിന് ജനറൽ സീറ്റുകൾ ആകെ ഏഴെണ്ണമേ ഉണ്ടായിരുന്നുള്ളു. അത് ഒരു പ്രശ്നമായിരുന്നു. അതേ സമയം തന്നെ ആളുകളെ കാണുവാനും സംസാരിക്കുവാനും അവരുടെ കാര്യങ്ങളിൽ ഇടപെടുവാനും താത്പര്യമായിരുന്നു. വലിയ ഈശ്വര കരുണകൊണ്ട് ഹൃദയത്തിന്റെ ഉള്ളിൽ മൊട്ടിട്ട ആഗ്രഹങ്ങൾ ഇന്നുവരെ സാധിച്ചു എന്നു പറയാം.

മാധ്യമങ്ങൾ സ്വകാര്യത നഷ്ടപ്പെടുത്തുന്നുണ്ടോ?

ജീവിതത്തിൽ എല്ലാം വേണം എന്ന് നിർബന്ധം പിടിക്കാൻ പാടില്ല. ജനങ്ങളിലേക്ക് എത്താനുള്ള ശക്തമായ മുഖാന്തിരമാണ് മാധ്യമങ്ങൾ. ജനജീവിതത്തിൽ സജീവമായി പ്രവർത്തിക്കാൻ ആഗ്രഹിക്കുന്ന വ്യക്തികൾ മാധ്യമങ്ങളെ വെറുത്തിട്ട് കാര്യമില്ല. മാധ്യമങ്ങൾ ജീവിതത്തിന്റെ ഭാഗമാണ്. മാധ്യമങ്ങളെ വളരെ പോസിറ്റീവായിട്ടാണ് കാണുന്നത്.

ശാസ്ത്രീയ സംഗീതം, കഥകളി, അഭിനയം, ഒഡീസി നൃത്തം, മോണോ ആക്ട്, പെയിന്റിംഗ്, പുസ്തക വായന, പഠനം.. ഇപ്പോഴും ഇതെല്ലാം എങ്ങനെ ഒരുമിച്ചു കൊണ്ടുപോകുന്നു.

ആദ്യമായി ഇതിനെല്ലാം മാതാപിതാക്കളോടാണ് നന്ദി പറയുന്നത്. ചെറുപ്പം മുതൽ ഇക്കാര്യങ്ങളിൽ പങ്കെടുപ്പിച്ചത് അവരാണ്. ബാല്യകാലം മുതൽ 'വെറുതേ ഇരിക്കുക' എന്നൊരു പരിപാടി ഇല്ലായിരുന്നു. സ്കൂളിൽ നിന്ന് വരുമ്പോൾ മറ്റേതെ

ങ്കിലും ഒരു ക്ലാസ്സ്, പ്രാക്ടീസ് അങ്ങനെ എന്തെങ്കിലും കാണും. സഭാ കമ്പം ഒട്ടും തന്നെ ഇല്ലായിരുന്നു. ഹോളി ഏഞ്ചൽസ് സ്കൂളിലെ സിസ്റ്റേഴ്സും അധ്യാപകരും ഒരുപാട് പ്രോത്സാഹനം നൽകി. അങ്ങനെ ലഭിച്ച കഴിവുകൾ നഷ്ടപ്പെടാതെ കാത്ത് സൂക്ഷിക്കുവാൻ മാതാപിതാക്കൾ ആവും വിധം ശ്രദ്ധിച്ചു. കൃത്യമായ വിശ്രമം ഇല്ല. ജോലി ചെയ്യുമ്പോൾ വിശ്രമമില്ലാതെ ജോലി ചെയ്യുക. വിശ്രമം ലഭിക്കുമ്പോൾ നന്നായി വിശ്രമിക്കുക. അതാണ് എന്റെ രീതി. സമയത്തിന് ശ്രദ്ധ കൊടുത്താൽ നിങ്ങളുടെ പ്രവർത്തനത്തെ അത് ബാധിക്കും. ക്ലോക്കിൽ നോക്കി പഠിക്കാതിരിക്കുക. ക്ലോക്കിൽ നോക്കി പഠിക്കുന്നവർ യഥാർത്ഥത്തിൽ ക്ലോക്കിൽ നോക്കുകയേയുള്ളൂ. ശരിയായി പഠിക്കാൻ എത്ര സമയമെടുത്താലും കുഴപ്പമില്ല. എന്റെ ഓഫീസിൽ പോലും ഒരു ക്ലോക്കില്ല. ക്ലോക്കിൽ നോക്കി സമയ ക്രമീകരണം നടത്താൻ കഴിയില്ല.

ജനങ്ങൾ പ്രതീക്ഷിക്കുന്ന IAS-നോട് എപ്രകാരം നീതി പുലർത്താൻ സാധിക്കും.

ഒരു IAS ഓഫീസർ എന്ന നിലയിൽ തന്നെ ജനങ്ങൾക്ക് എന്തെല്ലാം ചെയ്യാൻ സാധിക്കും എന്ന് ചിന്തിക്കണം. ഒരു പ്രശ്നത്തിന് പല പരിഹാരങ്ങൾ കാണും. എന്നാൽ പരിഹാരം ലഭിക്കേണ്ട ആളിന് പ്രയോജനം ലഭിക്കേണ്ട തരത്തിലുള്ള പരിഹാരം ലഭിക്കുമ്പോൾ അവരോട് നാം നീതി പുലർത്തി എന്ന് പറയാൻ സാധിക്കും.

അഴിമതി എന്ന് പറയുന്നത് പണ സംബന്ധമായ ഒന്നാണ് എന്നാണ് നാം ധരിച്ചിരിക്കുന്നത്. നിങ്ങളുടെ വിശുദ്ധി, മനസ്സ്, ഇതെല്ലാം അഴിമതി കാണിക്കുന്ന വ്യക്തിക്ക് നഷ്ടമാവുന്നുണ്ട്. പണപരമായ കാര്യങ്ങളേക്കാൾ ഇത് വലുതല്ലേ. സ്വാധീനങ്ങളിൽ വഴങ്ങാതിരിക്കുവാൻ ചിന്താശേഷി, ചിന്താവൈഭവം എന്നിവയ്ക്ക് മൂർച്ച കൂട്ടണം. അതല്ലെങ്കിൽ നാം പെട്ടെന്ന് കബളിക്കപ്പെടും.

'Path finder' എന്ന പുസ്തകം ഒക്ടോബറിൽ പ്രസിദ്ധീകരിച്ചു. എന്താണ് അത് പ്രസിദ്ധീകരിക്കുവാനുള്ള സാഹചര്യം.

തിരുവനന്തപുരം എൻ.എസ്.എസ്. അക്കാഡമി ഓഫ് സിവിൽ സർവ്വീസിലാണ് ഞാൻ IAS-നായി പഠിച്ചിരുന്നത്. ആ വർഷം സിവിൽ സർവ്വീസ് സിലബസ് പുതുക്കിയ വർഷമാണ്. പുതിയ സിലബസ്സിന് രൂപരേഖയ്ക്കായി പഠന സമയത്ത് തന്നെ തയ്യാറാക്കിയ പുസ്തകമാണിത്. ആ സമയത്ത് പുതിയ സിലബസ് പ്രകാരമുള്ള പുസ്തകങ്ങൾ ഇല്ലായിരുന്നു. റ്റി.പി. ശ്രീനിവാസൻ, അലക്സാണ്ടർ ജേക്കബ് മുതലായ മഹാരഥന്മാരുടെ പ്രചോദനം ഇക്കാര്യത്തിൽ ഉണ്ടായിരുന്നു. ഡി.സി. ബുക്സ് പ്രസിദ്ധീകരിക്കാം എന്ന് പറഞ്ഞു. ജൂൺ മാസത്തിലാണ് പുസ്തകം ഇറക്കണം എന്ന ആലോചന വരുന്നത്. നവംബറിലാണ് മെയിൻ പരീക്ഷ. പരീക്ഷയ്ക്കു മുൻപ് പുസ്തകം ഇറങ്ങിയെങ്കിലേ പ്രയോജനം ഉണ്ടായിരുന്നുള്ളൂ. ഒക്ടോബർ മൂന്നാം തീയതി പുസ്തകം പ്രസിദ്ധീകരിച്ചു. ഇതിന്റെ കാര്യം പലരോടും പറയുമ്പോൾ അവർ പറയുമായിരുന്നു. ആദ്യം IAS ലഭിക്കട്ടെ. പിന്നീട് പുസ്തകം ഇറക്കാം എന്ന്. അതിന് കാരണമായി പറഞ്ഞത് നമ്മുടെ പഠന രഹസ്യങ്ങൾ മറ്റുള്ളവർക്ക് ലഭിക്കും എന്നതും IAS എടുത്തിട്ടില്ലാത്തതിനാൽ പുസ്തകം വിജയമാകില്ല എന്നതുമാണ്. എന്നാൽ ഞാൻ IAS ഉടൻ എടുക്കുമെന്നും പുസ്തകത്തിന് അതിന്റേതായ മൂല്യം ഉണ്ടാകുമെന്നും എനിക്ക് ഉറപ്പായിരുന്നു. അറിവ് പകർന്നു കൊടുക്കുന്നതുകൊണ്ട് കൂടുകയേ ഉള്ളൂ എന്നാണ് ഞാൻ ഇപ്പോഴും കരുതുന്നത്. പുസ്തകം ഇറക്കുവാൻ വേണ്ടി കൂടുതൽ പഠിച്ചു. അത് പരീക്ഷയ്ക്ക് എളുപ്പമായി കലാശിച്ചു എന്നതും സത്യം.

'സിവിൽ സർവ്വീസ് -രാഷ്ട്രീയം' രാഷ്ട്രീയ സമ്മർദ്ദങ്ങൾ പ്രവർത്തനത്തെ ബാധിക്കാറുണ്ടോ?

കേരളത്തിൽ ഒരു രാഷ്ട്രീയ പ്രവർത്തകനും നിയമപരമല്ലാത്ത ഒരു കാര്യം ചെയ്യണം എന്ന് ആവശ്യപ്പെടില്ല. അത്ര നല്ല സംരക്ഷണം കേരളത്തിൽ സിവിൽ സർവ്വീസ് ഉദ്യോഗസ്ഥർക്കുണ്ട്. ചില സമയത്ത് ഉദ്ദേശിക്കുന്ന അതേ രീതിയിൽ പ്രവർത്തിക്കാൻ പറ്റാതെ വരും. എന്നാൽ കാര്യങ്ങൾ ചെയ്യുന്നതിന് മറ്റൊരു സമ്മർദ്ദങ്ങളും തടസ്സമാവില്ല. കേരളത്തിൽ ജനപ്രതിനിധികളും രാഷ്ട്രീയ പ്രവർത്തകരും വിദ്യാസമ്പന്നരാണ്. അതുകൊണ്ട് തന്നെ രാഷ്ട്രീയ സമ്മർദ്ദങ്ങൾ പ്രവർത്തനത്തെ ബാധിക്കും എന്ന് പറയാൻ കഴിയില്ല.

ശുചിത്വ-ആരോഗ്യ പ്രശ്നങ്ങൾക്ക് മുൻഗണന കൊടുക്കുന്നുണ്ട്. ഒരു ഡോക്ടർ കൂടി ആയതുകൊണ്ടാണോ അങ്ങനെ ചെയ്യുന്നത്?

എന്റെ മെഡിക്കൽ ബാക്ക്ഗ്രൗണ്ട് എന്റെ പ്രവർത്തനങ്ങളിൽ ഒരുപാട്

ശേഷം 33-ാം പേജിൽ

ഡോ. ദിവ്യ എസ്. അയ്യർ

1984 ഒക്ടോബർ 16-ന് തിരുവനന്തപുരത്ത് ജനനം.
തിരുവനന്തപുരം ഹോളി എഞ്ചൽസ് സ്കൂളിൽ പഠനം. 2000-ൽ SSLC യ്ക്ക്-3-ാം റാങ്ക്.
ശാസ്ത്രീയ സംഗീതം, കഥകളി, അഭിനയം, ഒഡീസി നൃത്തം, മോണോ ആക്ട്, പെയിന്റിംഗ്, യുവജനോത്സവത്തിൽ കലാതിലകമായിരുന്നു.
വെല്ലൂർ സി.എം.സി.യിൽ നിന്ന് എം.ബി.ബി.എസ്.
2014-ൽ 49-ാം റാങ്കോടെ കേരള കേഡറിൽ IAS .
ഇപ്പോൾ കോട്ടയം അസി. കളക്ടർ.
മാതാപിതാക്കൾ : ശേഷ അയ്യർ, ഭഗവതി അമ്മാൾ.
സഹോദരി: നിത്യ അയ്യർ.

- ഫാ. ദീപു ഫിലിപ്പ്
deepu.ellalayil@gmail.com

BRIDE GROOM WANTED

Orthodox NRI parents seek alliance for their daughter 24yrs, B.Tech (CS) with MBA from Symbiosis Institute of Business Management, Pune, recently placed as HR Manager at a reputed bank in Mumbai (transferable) invites proposals from well qualified professionals with good family background from around India or abroad.

Contact: 9495503228, M4 ID: 4105351

BRIDE WANTED

Parents from an ancient aristocratic orthodox family invite proposals for their Son 29 yrs/ 175cm, B.Tech runs own IT firm based in TVM, from girls of educational backgound.

Contact :
9447728481
9446548579

BRIDE GROOM WANTED

Ahmedabad based Marthomite parents invite proposals for their daughter 27 years, 152 cms, wheatish, B.Com, MBA (Finance) LLB, working as Legal Manager in reputed firm at Ahmedabad, from parents of God fearing, qualified and well employed Marthomite/ Orthodox/Jacobite/Catholic boys (preferably settled in Ahmedabad). Contact :
09727058878, 9974381871
shantamma@hdesai.com

BRIDE WANTED

ഓർത്തഡോക്സ് യുവാവ് 34/5'8"
സഹകരണ ബാങ്ക് ജോലി
സാധാരണ കുടുംബം.
ആലോചന ക്ഷണിയ്ക്കുന്നു.

Contact :
0481-2524521

BRIDE WANTED

Ex. NRI Malankara Catholic parents settled in Ernakulam invite proposals for Son 30/182. B.Tech from Rajagiri MBA from Canada, PR Holder. Employed in Canada (MNC), seeks alliance from Software Engineer (any christian denomination)

Contact :
9745366448
M4 ID: 3893421

BRIDE WANTED

വിവാഹശേഷം എട്ടാം ദിവസം വേർപിരിയേണ്ടിവന്ന വീണ്ടും വിവാഹത്തിനു സഭാകേന്ദ്രത്തിൽനിന്നും അനുമതി ലഭിച്ചിട്ടുള്ള കൊച്ചിയിൽ സ്ഥിരതാമസമാക്കിയിട്ടുള്ള സാമ്പത്തികഭദ്രതയുള്ള ഓർത്തഡോക്സ് മറൈൻ എഞ്ചിനീയർ (BTech Mec.+mem) 30/ 167 വിദ്യാഭ്യാസവും ദൈവഭയവുമുള്ള പെൺകുട്ടികളുടെ മാതാപിതാക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു. B.Tech, MTech പാസായിട്ടുള്ളവർക്ക് മുൻഗണന. ജോലി നിർബന്ധമില്ല.

Contact : 9995806192, 0484-2318226

അതിഥി

18-ാം പേജിൽ നിന്നു തുടർച്ച...

പ്രയോജനം ആവുന്നുണ്ട്. വെല്ലൂർ സി. എം.സി.യിൽ നിന്ന് പഠിച്ചിറങ്ങിയ ഒരു ഡോക്ടർ എന്ന നിലയിൽ ജനങ്ങളുടെ ഒരുപാട് വേദനകളും പ്രയാസങ്ങളും തിരിച്ചറിയാൻ കഴിയുന്നു. വെല്ലൂരിൽ രോഗീ-ഡോക്ടർ ബന്ധം വളരെ ശക്തമാണ്. ജീവിതത്തിന്റെ ഭാഗമായേ രണ്ട് കൂട്ടം ആളുകളും പരസ്പരം കാണുകയുള്ളു. ജീവന്റെ നഷ്ടത്തിന്റെ, വിയർപ്പിന്റെ, കണ്ണീരിന്റെ വില-മനസ്സിലാക്കിയ ഒരു വ്യക്തി സമൂഹത്തിന്റെ ഏതൊരു പ്രശ്നത്തേയും നോക്കിക്കാണുന്നത് വേറൊരു ലെൻസിലൂടെ ആയിരിക്കും അതിന്റെ ആത്മാവ് സിവിൽ സർവ്വീസിലേക്കും കൊണ്ടുവരണം എന്നാണ് എന്റെ ആഗ്രഹം. ആരോഗ്യം-ശുചിത്വം എന്നിവയ്ക്ക് കാര്യമായ പ്രാധാന്യം കൊടുക്കുന്നില്ല എന്നത് എന്നെ അത്ഭുതപ്പെടുത്തുന്നുണ്ട്. മനുഷ്യന്റെ ആന്തരിക ആവശ്യങ്ങളിൽ നിന്ന് മാറി നിൽക്കുന്നത് ഭാരത സംസ്ക്കാരമല്ല. അകത്തുള്ളതിന്റേയും പുറത്തുള്ളതിന്റേയും മധ്യത്തിലുള്ളതാണല്ലോ ശരീരം. അതും ആരോഗ്യവും നാം മറക്കുന്നു. പണ്ട് ഉണ്ടായിരുന്ന പ്രാധാന്യം ഇന്ന് ആരും ഈ രംഗങ്ങളിൽ കൊടുക്കുന്നില്ല. ആശുപത്രികൾക്കല്ല കോടികൾ ചിലവാക്കേണ്ടത്. ശുചിത്വത്തിനും ആരോഗ്യ സംരക്ഷണത്തിനുമാണ്. പ്രാഥമിക ആവശ്യങ്ങൾക്ക് പ്രാധാന്യം നൽകണം എന്നാണ് എന്റെ പക്ഷം.

സ്ത്രീ ആയതുകൊണ്ട് സാമൂഹ്യ പ്രശ്നങ്ങളിലേക്ക് കൂടുതൽ ഇറങ്ങി ചെല്ലുവാൻ കഴിയുന്നില്ലേ?

ഒരു സ്ത്രീ ആയതിൽ വളരെ അഭിമാനം ഉണ്ട്. ഒരു പെൺകുട്ടിയെ വളർത്തുമ്പോൾ എന്തൊക്കെ ചെയ്യാൻ പറ്റില്ല എന്നാണ് ആദ്യം പഠിപ്പിക്കുന്നത്. സ്ത്രീകളുടെ പ്രശ്നങ്ങൾ, ബലഹീനതകൾ പർവ്വതീകരിച്ചുകാണിക്കാനാണ് ശ്രമിക്കുന്നത്. മറിച്ച് എന്തെല്ലാം കാര്യങ്ങൾ സ്ത്രീകൾക്ക് ചെയ്യാൻ സാധിക്കും എന്ന് ചിന്തിക്കുന്നേയില്ല. സ്ത്രീകൾക്കും കുട്ടികൾക്കും മറ്റൊരു സ്ത്രീയെ കാണുമ്പോൾ ലഭിക്കുന്ന സുരക്ഷിതത്വം ഒരു പുരുഷനെ കാണുമ്പോൾ ലഭിക്കും എന്ന് തോന്നുന്നില്ല. ലജ്ജ കൂടാതെ സംസാരിക്കാൻ സ്ത്രീകൾക്ക് തമ്മിൽ സാധിക്കും. ഒരു അമ്മയുടെ വാത്സല്യവും സ്നേഹവും ഏതൊരു സ്ത്രീയിലും കാണും.

ആൾക്കൂട്ടത്തിലും നമ്മുടെ ആളത്വം കാത്തുസൂക്ഷിക്കുക എന്നതാണ് വെല്ലുവിളി. ഐൻസ്റ്റിൻ പറയുന്നതുപോലെ 'ജീവിതം ഒരു സൈക്കിളാണ്. ബാലൻസ് ചെയ്യുവാൻ സൈക്കിൾ മുൻപോട്ട് നീങ്ങിക്കൊണ്ടിരിക്കണം'.

■

B R I D E G R O O M W A N T E D

Orthodox parents invite proposals for their daughter, 26/165, working in Delhi, BCA, Diploma in Graphic Animation, requires professional boys.

Contact :
09829924590
simmythomas67@yahoo.in

മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് ക്രിസ്ത്യൻ മെഴ്സി ഫെലോഷിപ്പ്

(MGOCMF)
Reg. No. 36/1999

ഓർത്തഡോക്സ് ക്രിസ്ത്യൻ സ്റ്റുഡന്റ്സ് സെന്റർ തിരുവനന്തപുരം

വട്ടശ്ശേരിൽ മാർ ദിവന്ന്യാസ്യോസ് ബൈബിൾ ക്വിസ് - 2015 - 16

(അനുപാ ഏബ്രഹാം മെമ്മോറിയൽ റോളിംഗ് ട്രോഫിക്കുവേണ്ടി)

2016 ഫെബ്രുവരി 20 ശനിയാഴ്ച 10 മണി

തിരുവനന്തപുരം ഓർത്തഡോക്സ് സ്റ്റുഡന്റ്സ് സെന്ററിൽ

ഒന്നാം സമ്മാനം	- Rs. 8000/-
(ബൈബിൾ പ്രതിഭാപട്ടവും ചാമ്പ്യൻഷിപ്പ് ട്രോഫിയും)	
രണ്ടാം സമ്മാനം	- Rs. 6000/-
മൂന്നാം സമ്മാനം	- Rs. 5000/-
നാലാം സമ്മാനം	- Rs. 3000/-
അഞ്ചാം സമ്മാനം	- Rs. 2000/-

- എഴുത്തു പരീക്ഷ, മുഖാമുഖ പ്രശ്നോത്തരി, വ്യക്തിഗത ചോദ്യാവലി എന്നിവയ്ക്കുശേഷം വിജയികളെ നിശ്ചയിക്കുന്നതാണ്.
- ഒരു ദേവാലയത്തിൽ നിന്നും രണ്ടുപേർ അടങ്ങുന്ന ഒരു ടീമിന് (പ്രായഭേദമെന്യേ) പങ്കെടുക്കാം.

അപേക്ഷ ഫാറത്തിന് 2016 ഫെബ്രുവരി 15-നു മുമ്പ് ബന്ധപ്പെടുക.

കെ.റ്റി. കോശി
കൺവീനർ
MGOCMF ബൈബിൾ ക്വിസ്
17, കെ.കെ. ഗാർഡൻസ്
പേരൂർക്കട, തിരുവനന്തപുരം
9447657773

ഫാ. ഗീവർഗീസ് മേക്കാട്ട്
ഡയറക്ടർ
ഓർത്തഡോക്സ് സ്റ്റുഡന്റ് സെന്റർ
തിരുവനന്തപുരം, ചെയർമാൻ
MGOCMF,ബൈബിൾ ക്വിസ്
9496800217

Advt.



Breaking The Word

2016 ജനുവരി 24

കൊഹനെ ഞായർ

വി: മത്താ. 24:42-51

വൈദികനായ തന്റെ പിതാവിനെ കുറിച്ചുള്ള ഓർമ്മകൾ ഡോ.ഡി.ബാബു പോൾ അടയാളപ്പെടുത്തിയതിങ്ങനെ, *"അച്ചനെ ഓർമ്മിക്കുമ്പോൾ നെറ്റിയിൽ അദ്ദേഹം കുരിശടയാളം വരക്കുന്നത് പോലെ തോന്നും"* ജീവിതത്തിന്റെ കർമ്മ ഭൂമികയിലേക്ക് അങ്ങിനെയാണ് ആ വൈദികൻ തന്റെ മകനെ അയച്ചിരുന്നത്. ഒന്നോർ ത്താൽ ക്രൈസ്തവ സ്നേഹത്തിന്റെ മുദ്ര പതിഞ്ഞ ഈ സ്നേഹമന്ത്രണത്തിന്റെ

സ്മൃതിബോധമില്ലാത്തത് സഭാജീവിതത്തിൽ നിന്നു വിദൂരസ്ഥരായ ആളുകൾക്ക് മാത്രമായിരിക്കും.അങ്ങിനെ നമുക്കായി പ്രാർത്ഥിച്ച പിതാക്കന്മാർ മുഴുവൻ സ്മരിക്കപ്പെടുകയാണ്. അഹറോന്റെ കാലവിയോഗത്തിൽ ഓർമ്മകഴിച്ച(സംഖ്യാ 20.22) ഇസ്രായേൽക്കാരെ പോലെ സഭ മുഴവൻ വാങ്ങിപ്പോയ പുരോഹിതന്മാരുടെ ഓർമ്മ നടത്തുകയാണ്. ധ്യാനപ്രമേയമായ വേദഭാഗത്തിന്റെ ചില പ്രധാന മുന്നറിയിപ്പുകൾ കുറിക്കുന്നു.

വേദബോധനം

ഫാ. മാത്യു വർഗീസ് കുളങ്ങാട്ടിൽ, കുന്നംകുളം

1. വിവേചനമില്ലായ്മയുടെ പതനങ്ങൾ

തപശ്ചര്യകൊണ്ട് ശരീരത്തെ പീഡിപ്പിക്കുന്നവരുണ്ട്, എന്നാൽ വിവേചമില്ലായ്മ അവരിൽ ചിലരെ ദൈവത്തിൽ നിന്ന് അടർത്തിമാറ്റുന്നുവെന്ന് പറഞ്ഞത് സന്യാസ ശ്രേഷ്ഠനായ അന്തോണിയോസാണ്.പുരോഹിതന്മാരെ മുഴുവൻ ഓർക്കുന്ന ഈ ദിനത്തിലെ സന്ദേശം എല്ലാവർക്കും ബാധകമാണ്. വിവേചനം ഉറങ്ങുമ്പോൾ പ്രവേശിക്കുന്ന വീഴ്ച്ചകളെ കുറിച്ചുള്ള വേദസൂചനകൾ നിരവധിയാണ്. നിനച്ചിരിക്കാതെ എത്തുന്ന ഒരാൾക്ക് വേണ്ടി നമുക്ക് ഉണർന്നിരിക്കാനാവുമോ? ഒരു നാളം കെടാതിരിക്കുവാൻ അണച്ചു പിടിക്കുന്നത് പോലെ ശ്രമകരമാണിത്. ഇത് നിത്യജീവനുവേണ്ടിയുള്ള ഉണർവ്വാണ് *"ദൈവത്തിന് ദാസന്മാരായിരിക്കുകയാൽ നിങ്ങൾക്കു ലഭിക്കുന്ന ഫലം വിശുദ്ധീകരണവും അതിന്റെ അന്തം നിത്യജീവനും* ആകുന്നു"(റോമ 6.22) എന്ന വചനഭാഗം ഓർമ്മിക്കുക.

ബിഷപ്പ് ഫുൾട്ടൻ ജീൻ *വൈദികൻ അഭിഷേകവേളയിൽ ഉദീപ്തമാകുന്ന ബലിസത്ത ശരീരം, അനുഷ്ഠിക്കേണ്ട ബലി സപര്യയിൽ നിന്ന് പിൻതിരിയാതിരിക്കുവാൻ ദൈവത്തെ വിവേചിക്കുവാനാകണം എന്ന് എഴുതിയിട്ടുണ്ട്.* പുരോഹിത സമൂഹം *യേശുവിന്റെ ജീവൻ ഞങ്ങളുടെ ശരീരത്തിൽ വെളിപെടേണ്ടതിന് യേശുവിന്റെ മരണം ശരീരത്തിൽ വഹിക്കുന്നവരും... ജീവിച്ചിരിക്കുന്ന ഞങ്ങൾ എല്ലായ്പ്പോഴും യേശുനിമിത്തം മരണത്തിന് ഏൽപ്പിക്കുന്നവരും ആയിരിക്കണം. (2 കൊരി 4.10). ആയതിനാൽ* വൈദീകൻ അവനു സ്വന്തമല്ല എന്ന് വരുന്നു. ആയതിനാൽ ലോകത്തെ വിവേചിക്കുവാൻ കഴിഞ്ഞെങ്കിൽ മാത്രമെ നിയോഗം നിവർത്തിക്കുവാനാകൂ. അങ്ങിനെ ലോകത്തിന്റെ തിന്മകളെ വിവേചിച്ചുപേക്ഷിച്ചവരാണ് നാമോർക്കുന്ന പിതാക്കന്മാർ മിക്കവരും

2. അഭക്തിയുടെ ആലസ്യങ്ങൾ..

ഭക്തി ഉണർവ്വും അഭക്തി ആലസ്യവുമാണെന്ന് പറയാം. പുത്രനഷ്ടത്തിൽ വ്യഥിതനായ പൂന്താനം ഗുരുവായൂരിൽ താമസിച്ച് സന്താനഗോപാലം എന്ന കൃതി രചിച്ചിരുന്ന കാലം. ഒരു ദിവസം , പണ്ഡിതനായ മേൽപ്പത്തൂർ ഭട്ടതിരിയെ കാണിക്കുവാൻ രചനയുടെ ഏതാനും ഭാഗങ്ങളുമായി പൂന്താനമെത്തി. മേൽപ്പത്തൂർ പരിഹസിച്ചുകൊണ്ടു പറഞ്ഞു, "അതിൽ അബദ്ധമല്ലാതെ എന്തെങ്കിലും കാണുമോ? പൂന്താനത്തിന് ആണെങ്കിൽ വിഭക്തി ഉറച്ചിട്ടുമില്ല". ആളുകൾ കേൾക്കെയുള്ള ഈ പരിഹാസത്തിൽ പൂന്താനം പൊട്ടിക്കരഞ്ഞു. ഈ സമയം ശ്രീകോവിലിനുള്ളിൽ നിന്ന് ഒരു അശരീരിയുണർന്നു, *"പൂന്താനത്തിന് ഭട്ടതിരിയോളം വിഭക്തിയുറച്ചിട്ടില്ലെങ്കിലും ഭക്തിയുറച്ചിട്ടുണ്ട്."*

ഭക്തിയുറയ്ക്കുമ്പോഴാണ് ഉണർവ്വ് സൂക്ഷിക്കാനാവുക. ഭക്തിയിൽ ദൈവത്തോടും,തൊഴിലിനോടും,ജീവിതത്തോടും ഒക്കെയുള്ള അഭിനിവേശവും,സമർപ്പണവും ഉണ്ട്. ബേത്‌ലഹേമിലെ ഒരു അതിർത്തിഗ്രാമത്തിന്റെ പേര് *ബേത്സഹൂർ* എന്നാണ്. *'രാത്രി കാവലിന്റെ ഇടം'* എന്നാണ് അതിന്റെ അർത്ഥം. ഈ ഉണർവ്വ് ഇടയന്മാരുടെ പ്രധാന ഗുണമായിരുന്നു. അവരുടെ നാമത്തിലുള്ള ഒരു പള്ളി ഇവിടെയുണ്ട്. കാവാലാളായി തീരുന്നവർ ഉറങ്ങേണ്ടവരായിരിക്കരുത്. ഇന്ന് ലോകം ആത്മീയതയ്ക്ക് ആലസ്യം നൽകുന്നു

3. വിലപിക്കേണ്ടി വരുന്ന കാപട്യങ്ങൾ

പുരോഹിതൻ ഹൃദയ വാതിലിൽ ദൈവത്തിന്റെ സ്വരമറിഞ്ഞ് വാതിൽ തുറന്നവനാണ്. എന്നാൽ നിയോഗത്തിൽ നിലനിൽപ്പാനുള്ള സ്ഥൈര്യമില്ലെങ്കിൽ *അടയുന്ന വാതിലും, നിങ്ങളെ ഞാൻ അറിയുകില്ല എന്ന കഠിനശബ്ദവും നാം കേൾക്കേണ്ടി വരുമെന്ന ഓർമ്മപ്പെടുത്തലാണ്* അവസാനത്തെ വാക്യം.

യൂദാസ് ഇത്തരം പൗരോഹിത്യ ശുശ്രൂഷയുടെ പ്രതീകമാണ്. യേശു

വിനെയും അവന്റെ ഇഷ്ടാനിഷ്ടങ്ങളും പരിചിതമായിട്ടും വഞ്ചക ഗണത്തിലുൾപ്പെടുമ്പോൾ (മത്ത 27.5) മരണവും കരച്ചിലും വിരുന്നെത്തുന്നത് ഒരു നടുക്കത്തോടെ നാമറിയുന്നു. തിരഞ്ഞെടുക്കപ്പെട്ട രാജകീയപുരോഹിത വംശം കർത്തൃവഞ്ചകരാവുന്നുണ്ടോ എന്ന് പരിശോധിക്കാം. വിശ്വസ്തതയ്ക്ക് അധികം താലന്ത് ഭരമേൽപ്പിക്കപ്പെടുന്നു. എന്നാൽ അവിശ്വാസത്തിനും കാപട്യങ്ങൾക്കും ഉള്ളതും കൂടി ബലി കഴിക്കേണ്ടി വരുമെന്ന് ഓർത്തിരിക്കുക.

2016 ജനുവരി 31

ആനീദെ ഞായർ

വി: ലൂക്കോ. 12 : 32 – 48

വെട്ടിയ വൃക്ഷ കുറ്റി ജലത്തിന്റെയും,വായുവിന്റെയും സഹായത്താൽ വീണ്ടും കിളിർത്ത് ഇലയും കായും പുറപ്പെടുവിക്കുമെങ്കിൽ വിശ്വാസത്താൽ നിദ്രകൊണ്ട പരേതർ ദൈവപുത്രന്റെ ശരീരമാകുന്ന വി.കുർബ്ബാനയുടെ ശക്തിയാൽ ജീവസമൃദ്ധിയും ആനന്ദവും പ്രാപിക്കുമെന്ന് വി. അപ്രേം പിതാവിന്റെ വാക്കുകൾ. വാങ്ങിപ്പോയ സർവ്വവിശ്വാസികളെയും നാമിന്ന് ഓർക്കുകയാണ്. *തിരുബലിയുടെ വിശുദ്ധമായ കൃപാവർഷത്തിൽ വാങ്ങിപോയവർക്ക് പുനർജനിയുടെ ഓർമ്മവസന്തമാണ് ആനീദെ ഞായർ.*

1. ശാന്തിഗൃഹങ്ങൾക്കൊരു ശ്രദ്ധാഞ്ജലി

നവംബർ 15ന് കുന്നംകുളം-പഴഞ്ഞി ഭാഗങ്ങളിൽ ഓർത്തഡോക്സ്-തൊഴിയൂർ സഭാംഗങ്ങൾ ആചരിച്ച് വരുന്ന അന്നീദാ പെരുന്നാൾ ശ്രദ്ധേയമാണ്. നിൻ ശരണേ മൃതരാം താത സഹോദരരിൽ ചൊരിയണമെ മോദപ്പനി-നീരെൻ നാഥാ എന്ന ഗീതത്തെ ഓർമ്മിപ്പിക്കുന്ന സെമിത്തേരിയിൽ വെള്ളം തളിക്കുന്ന ഒരു ശുശ്രൂഷയും ഈ ദിവസം നടത്താറുണ്ട്. കലണ്ടർമാറ്റം വരുംമുമ്പുള്ള (ജൂലിയൻ കലണ്ടറിൽ നിന്ന് ഗ്രീഗോറിയൻ കലണ്ടറിലേക്ക്) രീതിയനുസരിച്ചുള്ള ആചരണത്തിന്റെ ശേഷിപ്പാണിത്.

ശ്രാദ്ധമെന്ന പദം വികലമായി ഉപയോഗിച്ച് ചാത്തമായി മാറി; അന്നിച്ചാത്തമെന്നതും ഇങ്ങിനെ രൂപപെട്ട പദമാണ്. ശ്രാദ്ധമെന്നതിനർത്ഥം *ശ്രദ്ധയോട് കൂടിയ ദാന കർമ്മം* എന്നാണ്. പിതാക്കന്മാർ നിത്യതയിലുറങ്ങുന്ന ശാന്തിഗൃഹങ്ങൾക്കിത് പരിശുദ്ധ സഭയുടെ ശ്രദ്ധാഞ്ജലി.

ഓർമ്മയനുഷ്ഠാനത്തിന്റെ ഈ പിതൃകർമ്മ വേളയിൽ ശ്ലേമ്മൂൻ നമ്മെ ഓർമ്മിപ്പിക്കുന്നത് *മനുഷ്യൻ തന്റെ ശാശ്വതഭവനങ്ങളിലേക്ക് പ്രവേശിക്കുമെന്നാണ്*(സഭാ.പ്ര 12.5) *മരണം നിനക്കുള്ള ഓഹരിയാണ്. മുമ്പന്മാരും പിമ്പന്മാരും നിന്നോട് കൂടെയുണ്ട് എന്നോർത്ത് ധൈര്യപ്പെട്ടുകൊള്ളുകയെന്ന്*(ബാറാസീറാ 41.3) കുറിച്ചുകൊണ്ട് ഈ ശാശ്വതഭവനത്തെ ഓർമ്മിപ്പിക്കുന്നു. ആരാധന പാരമ്പര്യങ്ങളിൽ *ധാർമ്മിഷ്ഠന്മാർ തൻ ഗാത്രം നിദ്രാവിശ്രമമേൽക്കുന്നുവെന്ന്* വിശേഷിപ്പിക്കപ്പെടുന്ന് നാം പാടുന്നുണ്ടല്ലോ. ഇതെല്ലാം പിതാക്കന്മാരോട് ചേരുന്ന അനുഭവമായി മരണം വീക്ഷിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നുണ്ട്(അപ്പ.പ്രവൃ 13.36)

മരണമെന്ന ഈ ശാശ്വതസത്യത്തോളം *തന്നെതന്നെ താഴ്ത്തിയത് മൂലം യേശുവിന്റെ നാമത്തിങ്കൽ സ്വർഗലോകത്തിന്റെയും ഭൂലോകരുടെയും അധോലോകരുടെയും മുഴങ്കാൽ ഒക്കെയും മടങ്ങുകയും എല്ലാം നാവും യേശുക്രിസ്തു കർത്താവ് എന്ന് പിതാവാം ദൈവത്തിന്റെ മഹത്വത്തിനായി പറയുകയും ചെയ്യേണ്ടി വരുന്നു*(ഫിലി 2.10,11). ആയതിനാൽ യേശുവിന്റെ ജീവൻ ഞങ്ങളുടെ ശരീരത്തിൽ വെളിപെടേണ്ടതിന് യേശുവിന്റെ മരണം ശരീരത്തിൽ എപ്പോഴും വഹിക്കുന്നവരായി നാം തീരണം(2 കൊരി 4.10).

2. വിത്തുകൾ പോൽ മണ്ണിലമർന്നവർ

ചില കത്തോലിക്കാ സെമിത്തേരികളുടെ പേര് *ഉത്ഥാനത്തോട്ടമെന്നാണ്.* അരിമത്യകാരനായ യൗസേഫിന്റെ തോട്ടത്തിൽ *വിത്തുകൾ പോൽ മണ്ണിലമർന്ന കർത്താവ് മൂന്നാം നാളിൽ ഉയർത്തേഴുന്നേറ്റു.* ഇത് പ്രത്യാശയുടെ സൗന്ദര്യം സെമിത്തേരികൾക്ക് നൽകുന്നു. മരണമെന്നത് ഒരു പാലം കടക്കലായി പലരും നിരീക്ഷിച്ചിരുന്നു. പാലം ഒരു കടത്ത് വഴിയാണ്. ആരും അവിടെ താമസിക്കുന്നില്ല. ഈ ഭൗമവാസവും അതുപോലെയാണ്.

സഭയുടെ ഈ ഓർമ്മയനുഷ്ഠാനങ്ങളിൽ പുനരുത്ഥാനത്തിന്റെ വാതായനങ്ങളുടെ പ്രത്യാശയുണ്ട്. *ഒരു മഞ്ഞു തുള്ളി ഒരു നീലതടാകത്തിലലിയുന്നത്* കണക്ക് സ്വാഭാവികമായ ഒരു പ്രത്യാശയാണിത്. മശിഹായുടെ മരണം മൂലം മുള്ളുകൾ അടർന്നുപോയ ഒന്നായി മരണം മാറി. അത് ഇനി നമ്മെ അത്രമേൽ മുറവേൽപ്പിക്കുകയില്ല. *ഒരു മനുഷ്യൻ വഴി മരണം ഉണ്ടായത് പോലെ ഒരു മനുഷ്യൻ വഴി പുനരുത്ഥാനവും ഉണ്ടായി* (2 കൊരി 15.21) ഈ പുനരുത്ഥാന പ്രത്യാശ ക്രിസ്തീയ ജീവിതത്തിന്റെ സുഗന്ധമായതിനാൽ *എനിക്ക് ജീവിക്കുന്നത് ക്രിസ്തുവും മരണം നേട്ടവുമായി തീരുന്നുവെന്ന്*(ഫിലി 1.21) വി.പൗലോസ് അടയാളപ്പെടുത്തി. ഈ വിജയത്തിന്റെ ആഹ്ലാദമാണ് ആരാധന ഗാനങ്ങളിൽ *മണ്ണിലമർന്നിടുമാ ഗാത്രം പുനരുത്ഥാന ദിനത്തിലെണീറ്റ്* ഉടയോനെ കീർത്തിക്കുമെന്ന് പാടി കൊണ്ട് പ്രഖ്യാപിക്കുക.

3. തലമുറകളിലൂടെ പ്രവേശിക്കുന്നവർ

'മനുഷ്യൻ തന്റെ പുരാതന മുൻഗാമികളുടെ ചിന്തകളും വികാരങ്ങളും ജീനുകളിലൂടെ സംവഹിക്കുന്നുവെന്ന്' നരവംശ ശാസ്ത്രജ്ഞനായ *കാൾസാഗൻ* തന്റെ റിപ്പോട്ട് ടു ഗ്രേക്കോയിൽ അടയാളപ്പെടുത്തി. ഒരു കുമിളജീവിതമല്ല നമ്മുടേത് എന്ന് കൃത്യമായി ഈ ദിനം ഓർമ്മിപ്പിക്കുന്നു.

ശരീരികമായ വേർപാടിലും വേർപെടുത്തുവാൻ പാടില്ലാത്ത എന്ത് മാത്രം കാര്യങ്ങളാണ് ഉള്ളത്. ഒരു *വാതിലടയുന്നതും,തിരി കെടുന്നതുമൊക്കെ* വേർപാടുകളുടെ ഓർമ്മപ്പെടുത്തലാണ്. മരണമെന്ന വാതിലിനപ്പുറം നിത്യജീവനുണ്ട് എന്നതും, ജീവിതത്തിന്റെ തിരി കെടും നേരം ഒരാളുടെ ജീവിതംപ്രകാശിക്കുന്നതും സൂചിപ്പിക്കുന്ന സംഭവങ്ങളനേകമുണ്ട്. നയീനിലെ വിധവയുടെ മകനിലും(ലൂക്ക 7.14) ലാസറിലും(യോഹ11.4) കള്ളനോടുള്ള വാഗ്ദത്തത്തിലും (ലൂക്കോ 23.43) നാമിത് വായിക്കുന്നു.

സ്നേഹിതനായ വയോധികയോട് സൗഹൃദത്തോടെ പരി.മാത്യൂസ് ദ്വിതിയൻ ബാവ പറയാറുണ്ടായിരുന്നു, *'എടോ നമ്മളെ ഈ ഒരു വർഷം കൂടി വെട്ടാതെ നിറുത്തിയിരിക്കുകയാ അല്ലേ?'* ആ വാക്കുകൾ ഓർമ്മിച്ചത്, നമ്മളാകുന്ന ജീവിതവൃക്ഷം വെട്ടാതരിക്കാനുള്ള കാരണം വി.ലൂക്കോ 13 അദ്ധ്യായം പങ്കിടുന്നു. *കർത്താവേ ഞാൻ അതിനുചുറ്റും കിളച്ചു വളം ഇടവോളം ഈ ആണ്ടും കൂടെ നിൽക്കട്ടെ. മേലാൽ*

കായ്ച്ചെങ്കിലോ- ഇല്ലെങ്കിൽ വെട്ടികളയാം. നമ്മുടെ ആയുഷ്ക്കാലം അനശ്വരതയുടെ ഒരുക്ക കാലമാണ്. അതിനാൽ ജീവിതവൃക്ഷം ഫലസമൃദ്ധമാകണം. ഫലം നൽകാതിരിക്കുമ്പോൾ നിലം പാഴാക്കുക കൂടെയാണ്. ഈ ഭൂമികയിൽ നിലനിൽക്കാനായതിനാൽ നാം പ്രാപിച്ച കൃപയ്ക്ക് കൃതജ്ഞതയർപ്പിക്കാം. ഈ നിലപാടുഭൂമിക നമുക്ക് സമ്മാനിച്ച പൂർവ്വീകരുടെ ജീവിത പച്ചപ്പുകളെ ഓർത്ത് ദൈവത്തിന് മഹത്വമർപ്പിക്കാം.

2016 ഫെബ്രുവരി 7

കൊത്ത്നേ ഞായർ

വി: യോഹ. 2:11-11

ഒരു സൂഫി ഗുരു താമസിച്ചിരുന്ന വീടിന് തീ പിടിച്ചു. താൻ പുതച്ചിരുന്ന പുതപ്പുമെടുത്ത് അയാൾ പതിയെ നടക്കുവാൻ തുടങ്ങവെ, ഒരാൾ അയാളോട് ചോദിച്ചു, *ഗുരോ തീ കെടുത്തുവാൻ മുതിരാതെ അങ്ങ് എവിടേക്ക് പോകുന്നു?* അയാൾ ഉത്തരം പറഞ്ഞു, *നശിച്ചുപോകേണ്ട പാർപ്പിടത്തെ വിട്ടു പോകാതെ ഞാനെങ്ങിനെയാണ് വ്രതസ്ഥനാണെന്ന് പറയുക?.* ക്രിസ്തു *തന്റെ നാഴികയിലേക്ക്* പ്രവേശിക്കുന്ന വചന വായനയിലൂടെ നോമ്പ് കാലത്തിലേക്ക് സഭയും പ്രവേശിക്കുകയായി. അതിലേക്ക് പുത്രൻ തമ്പുരാനെ ഉപനയിക്കേണ്ട നിയോഗവും കന്യാമറിയം അമ്മയ്ക്കായിരുന്നു. അമ്മ തന്റെ പുത്രന്റെ നിയോഗങ്ങളാകുന്ന പീഡാനുഭവത്തിന്റെ സമയത്തിലേക്കാണ് ക്ഷണിക്കുന്നത് എന്ന് സാരം. നശിച്ചുപോകുന്ന ലോകത്തെ ഉപേക്ഷിക്കുവാനും, അനശ്വരമായവയെ കാംക്ഷിക്കുവാനും നമുക്ക് കഴിയുന്ന യൽദോ നോമ്പ് കാലമാണിത്. യേശു ഭക്ഷണപാനീയങ്ങൾ ഉണ്ടാക്കുന്ന അപൂർവ്വത്ഭുതങ്ങളിൽ ഒന്നാണ് കാനാവിലെ ഈ കല്ല്യാണവിരുന്ന്. വ്രതക്കാലം ദൈവഹിതത്തിന്റെ രുചിയറിയുന്ന നാഴികയാവുന്നതിന്റെ സൂചനകൂടിയാണിത്.

1. ആദ്യാത്ഭുതത്തിലെ ദൈവപക്ഷം

ദൈവത്തിന് പക്ഷമുണ്ടായിരുന്നെങ്കിലത്, പാവങ്ങളുടെയും പട്ടിണികാരന്റെയും പക്ഷമാണ്. യേശുവിന്റെ ആദ്യാത്ഭുതം ആർക്കുവേണ്ടി? എന്ന ചോദ്യം ഇവിടെ ഉയരുന്നു. ഒരു ഉത്തരം അത് പാർശ്വവത്കൃതർക്കും പെൺമയ്ക്കും നൽകിയ ആദരവിന്റെ അത്ഭുതമാണ് എന്നാണ്. പുരുഷാധിപത്യമായിരുന്നു യഹൂദമതത്തിന് പഥ്യം. പുരുഷനായി സൃഷ്ടിച്ചതിന് ദൈവത്തെ സ്തുതിക്കുന്ന പുരുഷന്മാർ, പോരെങ്കിൽ ആത്മാവില്ലാത്ത ജീവികളായി സ്ത്രീകളെ വീക്ഷിക്കുന്ന തത്വബോധ്വും.!യേശു പാർശ്വവത്കൃതരോട് കൂടെയായിരുന്നു എന്ന് വാദിക്കുന്നവർ പറയുന്ന വ്യാഖ്യാനത്തിലേക്ക്..

ST. MARY'S EMBROIDERY

Palace Road, Changanacherry-686101, Kerala

Prop: SAJU CHACKO ✆ - 0481-2425444,
Res. 2724224, 2727788
(Mob.) 9447136388

കാപ്പ, വിരിക്കൂട്ട്, ചിത്തോല, തിരശീല, മുതലായവ ഓർഡർ അനുസരിച്ചും റെഡി മെയ്ഡും ലഭ്യമാണ്.

വിദേശ തുണിയിൽ തയ്ച്ച കാപ്പ എല്ലാ കളറിലും റെഡി മെയ്ഡ് ലഭ്യമാണ്.

ഇന്ത്യയിൽ ഏതുഭാഗത്തും ഓർഡർ അനുസരിച്ച് ഞങ്ങൾ സാധനങ്ങൾ എത്തിച്ചു തരുന്നു

യഹൂദ വിവാഹഘോഷങ്ങളിൽ പ്രധാന വിഭവമാണ് വീഞ്ഞ്. പല തരത്തിലുള്ള വീഞ്ഞുകൾ ഉണ്ട്. ഒന്നാം തരം, രണ്ടാം തരാം, മൂന്നാം തരമെന്നിങ്ങനെ. ഇതിൽ ആരായിരിക്കും അവസാന തരം വീഞ്ഞ് കഴിക്കുക? സാധാരണയായി പരിചാരകർ, യാചകർ, പാവപ്പെട്ടവർ എന്നിവർക്കായിരിക്കും അതിന് നിയോഗം. യഹൂദ രീതിയൽ സ്ത്രീകളും സാധരണയായി അവസാനമാണ് കഴിക്കുക. കാര്യങ്ങൾ ഇങ്ങിനെയൊക്കെ ആയതിനാൽ ഒന്നാം തരം വീഞ്ഞ് കഴിച്ച ചരിത്രം അവർക്ക് ഉണ്ടാവുകയില്ല. യേശു പങ്കെടുത്ത കല്ല്യാണവിരുന്നിൽ സംഭവിച്ചതാകട്ടെ വീഞ്ഞ് തന്നെ തീർന്നുപോയി. അപ്പോൾ അവർക്ക് താഴ്ന്നതരം വീഞ്ഞും ലഭിക്കാൻ സാധ്യതയില്ല. യേശു വെള്ളത്തെ വീഞ്ഞാക്കുമ്പോൾ അത് ഒന്നാം തരമായിരുന്നു. എല്ലാവരും ആദ്യം നല്ല വീഞ്ഞും ലഹരി പിടിച്ചതിന് ശേഷം ഇളപ്പമായതും വിളമ്പാറുണ്ട് എന്നാണ് വിരുന്ന്വാഴിയുടെ സാക്ഷ്യം. *ഈ അത്ഭുതം വഴി അവസാനം പന്തിക്കിരുന്ന പാവപെട്ടവർക്ക് ഒന്നാം തരം വീഞ്ഞ് ലഭിച്ചുവെന്നതാണ്* അതിലെ ശ്രേഷ്ഠത. എറ്റവും മികച്ചത് എല്ലാവർക്കും വേണ്ടി കരുതിവെക്കുന്നതാണ് ദൈവസ്നേഹം.

ഇതിന് മറ്റോരു പ്രത്യേകത കൂടിയുണ്ട്. ദൈവം അഹറോനോട് അരുൾ ചെയ്തിരുന്നത്, *ഇസ്രായേല്യർ ആദ്യഫലമായി കർത്താവിന് സമർപ്പിക്കുന്ന എറ്റവും വിശിഷ്ടമായ എണ്ണയും വീഞ്ഞും നിനക്ക് നൽകുന്നുവെന്ന്* (സംഖ്യാ 18.12) വാഗ്ദത്തം ഓർമ്മിക്കുക. ഇങ്ങിനെ എറ്റവും ഉചിതമായത് പുരോഹിതന് ഉള്ളതായിരുന്നു. എന്നാൽ നമ്മുടെ *സ്തോത്രത്തിന്റെ പ്രധാനാചാര്യനായ മശിഹ* എറ്റവും വിശിഷ്ടമായത് നൽകിയത് പാവപ്പെട്ട തന്റെ സഭയ്ക്കായിരുന്നുവെന്നത് ഇവിടെ പൂരകമായി വായിക്കുക. *ദാഹർത്തരായവരെ ജലാശയത്തിലേക്ക് വരിക നിർദ്ധനൻ വന്ന് വാങ്ങി ഭക്ഷിക്കട്ടെ, വീഞ്ഞും പാലും സൗജന്യമായി വാങ്ങികൊള്ളുക.(യെശ 55.1)* ദൈവത്തിന്റെ നോമ്പ് പക്ഷം നമുക്കും പുതുമാതൃക പകരട്ടെ.

2. ആനന്ദത്തിലേക്ക് ഒരു ജപവഴി

ആർത്തനാദത്തിനു പകരം ആനന്ദത്തിന്റെ ജപവഴിയായൊരു നോമ്പ് കാലം. വീഞ്ഞ് കൊണ്ടെന്ന പോലെ ആനന്ദിക്കുന്ന ഹൃദയത്തെ കുറിച്ച് സഖറിയാ(10.7) എഴുതിയിട്ടുണ്ട്. യിരമ്യ 13.12 പറയുന്നത് പൊലെ, "എല്ലാ ഭരണികളിലും വീഞ്ഞ് നിറയ്ക്കും" മനുഷ്യന്റെ ഹൃദയത്തെ സന്തോഷിപ്പിക്കുവാൻ വീഞ്ഞും ...നൽകുന്നുവെന്ന് 104 -ാം സങ്കീർത്തനം.

അടയാളങ്ങളുടെ ആരംഭം അവൻ വെള്ളത്തെ വീഞ്ഞാക്കുന്നതും അവസാനം വീഞ്ഞ് രക്തമാക്കുന്നതും ആണല്ലോ. *ജലം ജീവന്റെ പ്രതീകമാണ്. വീഞ്ഞ് ആനന്ദത്തിന്റേതും.* ആനന്ദത്തിന്റെ അറുതി കല്ല്യാണവിരുന്നില്ലാകുമ്പോൾ അതു ദുരന്തമായി. ഗൃഹനാഥൻ അപമാന ഭാരത്തിലകപ്പെടുവാനിരിക്കുന്നു. *ആതിഥേയന്റെ സന്തോഷം അതിഥികളുടെ സംഗീതമാണ്.* അത് മുറിഞ്ഞ് വിലാപമാകുമ്പോൾ പിന്നെ അതിഥികളുടെ സന്തോഷവും ഒടുങ്ങുകയായി. ഗൃഹനാഥനിലെ ആനന്ദമറ്റ് ജീവൻ മാത്രമായി! മറ്റുള്ളവരുടെ വറുതികളിലേക്ക് പകരുന്ന ആനന്ദമാണ് വീഞ്ഞ്.

3. അമ്മയുടെ ഇടപെടലുകൾ ഉളവാക്കിയ വിശ്വാസം

ഈ അത്ഭുതപ്രവൃത്തനത്തിന് ശേഷം വളരെ ശ്രദ്ധേയമായ ഒരു സാക്ഷ്യമുണ്ട്. *'അവന്റെ ശിഷ്യന്മാർ അവനിൽ വിശ്വസിച്ചു'* (9 ാം വാക്യം) പരി. കന്യാമറിയം അമ്മയുടെ ഇടപെടൽ മറ്റുള്ളവരുടെ വിശ്വാസം വർദ്ധിക്കാൻ കാരണമായി തീർന്നു.

ഒറ്റനോട്ടത്തിൽ തന്നെ പരി. കന്യാമറിയം അമ്മയുടെ കർമ്മകുശലത നമ്മെ പഠിപ്പിക്കുന്ന കാര്യങ്ങൾ അനവധിയാണ്. (1) തിരശീലയ്ക്ക് പിമ്പിൽ നിന്ന് യാഥാർത്ഥ്യങ്ങൾ ഗ്രഹിക്കുവാനുള്ള കഴിവ് (2) കൃത്യമായ ദൗത്യ നിർവ്വഹണത്തിന് കഴിവുറ്റ പ്രവൃത്തകരെ ചുമതലപ്പെടുത്തുന്ന മികവ് (3) ആവശ്യങ്ങളെ വിവേചിച്ച് ഉചിതമായ പ്രവൃത്തന തന്ത്രങ്ങൾ സ്വീകരിക്കുന്ന കഴിവ്. (4) ആരും ആവശ്യപ്പെടാതെ പ്രവൃത്തിക്കാനുള്ള വ്യക്തിബന്ധം (5) തന്റെ വ്യക്തിത്വ മേന്മകൾ മറ്റുള്ളവർക്കായി പ്രയോജനപ്പെടുത്താനുള്ള താൽപ്പര്യം. *'ഒരു കവാടം കടക്കുന്നവന് മുന്നിൽ ഒരുപാട് വാതായനങ്ങൾ എന്നപോലെയാണ് മനുഷ്യനിലെ സാധ്യതകൾ'* എന്ന് ഫ്രഗൽ എന്ന എഴുത്തുകാരൻ കുറിക്കുന്നത് പരി.അമ്മയിൽ പ്രതിഫലിക്കുന്നു.

2016 ഫെബ്രുവരി 14

ഗർബോ ഞായർ

വി: ലൂക്കോ. 5:12 - 16, 4:40 - 41

ബാബാ ആംതേയുടെ ആനന്ദവൻ സന്ദർശിക്കാനിടയായപ്പോഴാണ് പുരാതനകാലത്ത് കുഷ്ഠം എങ്ങിനെ സമൂഹജീവിതത്തെ ഗ്രസിച്ചിരുന്നു എന്ന് ചിന്തിക്കാനിടയായത്.ഒരു രാത്രിയിൽ വീട്ടിലേക്ക് നടക്കുമ്പോൾ വഴിയിൽ ബാബാ ആംതെ ചാക്കിൽ പൊതിഞ്ഞ് ഉപേക്ഷിച്ച നിലയിൽ ഒരാളെ കണ്ടുമുട്ടി. നേരിയ ഞരക്കം മാത്രമെ ആ ചാക്കുകെട്ടിൽ ഉണ്ടയിരുന്നുള്ളു. ഒരു കുഷ്ഠരോഗിയെ വീട്ടുകാർ തന്നെ ഉപേക്ഷിച്ചതാണ്. ചാക്കിൽ കെട്ടി വലിച്ചെറിയപ്പെട്ട ഈ സംഭവമാണ് പീൽക്കാലത്ത്, ആനന്ദവൻ എന്ന കുഷ്ഠരേഗികൾക്കായുള്ള ലോകത്തെ ഏറ്റവും വലിയ പുനരധിവാസ കേന്ദ്രം രൂപപ്പെടുത്തുവാൻ ആംതേയ്ക്ക് പ്രചോദനം നൽകിയത്.

1. വിശ്വാസവും കൃപയും സമ്മേളിക്കുമ്പോൾ ബഹിഷ്കൃതമാകുന്നതാണ് രോഗം.

സ്വജനഭ്രഷ്ടനായ ഒരു കുഷ്ഠരോഗി യേശുവിന്റെ അടുക്കൽ വരുവാൻ കാരണം യേശു തന്നെ ഉൾകൊള്ളുമെന്ന ബോധ്യത്താലായിരുന്നു. ആ രോഗി കർത്താവിനെ വിശ്വസിച്ചു. നമ്മുടെ കർത്താവിന്റെ കൃപ അവനെ സ്നേഹത്തോടെ തൊട്ടു. ബഥനിയിൽ സംഭവിച്ചതും ഇങ്ങിനെ തന്നെയായിരുന്നു. കുഷ്ഠരോഗിയായ ശിമയോൻ വിശ്വസിച്ചു. കർത്താവ് അവനെ സുഖമാക്കി (മത്താ 26.6) *വിശ്വാസത്തിന്റെയും കൃപയുടെയും മദ്ധ്യേ നിന്ന് രോഗം തള്ളപ്പെടുമെന്നതിന്* ഉദാഹരണമാണിത്.

കുഷ്ഠമെന്ന പദത്തിന് തൽസമമായി ഉപയോഗിച്ചിരിക്കുന്നത *s\aura>at* എന്ന ഹീബ്രു പദമാണ്. കുഷ്ഠത്തെ സൂചിപ്പിക്കുന്ന *lepra* എന്ന ഗ്രീക്ക് ഭാഷയിലെ പദത്തിൽ നിന്ന് വ്യത്യസ്തമായി *s\aura>at* എന്ന ഹീബ്രുപദം എപ്പോഴും കുഷ്ഠരോഗത്തെ സൂചിപ്പിക്കുന്നില്ല. എന്നാലിത്, രോഗത്തിന്റെ അവസ്ഥാന്തരങ്ങളായി ത്വക്കിനെ ബാധിക്കുന്ന നിറഭേദങ്ങളെയും മറ്റും അത് സൂചിപ്പിക്കുന്നു. ആയതിനാൽ വേദപുസ്തക പഠിതാക്കൾക്ക്,*s\aura>at* എന്ന പദത്തിന് വീണ്ടും അർത്ഥവ്യാപ്തിയുണ്ട് എന്ന് മനസ്സിലാകും .അത്(1) ത്വക്കിന്റെ രോഗത്തെ മാത്രമല്ല,(2) ഭവനങ്ങളുടെയും (3)വസ്ത്രത്തിന്റെയും നിറഭേദത്തെയും അത് സൂചിപ്പിക്കുന്നു. നിറം മങ്ങുന്ന അഥവ ആകർഷണീയത നഷ്ടമാകുന്ന കുടുംബജീവിതങ്ങൾ ഇത്തരുണത്തിൽ രോഗഗ്രസ്ഥമെന്ന് വിശേഷിപ്പിക്കാം. വർണ്ണാഭ നഷ്ടപ്പെട്ട കുടുംബവും,വേഷവിധാനവും, വ്യക്തിജീവിതവും ഒക്കെ ധ്യാനവിധേയമാക്കുക. ദൈവത്തിലേക്ക് വിശ്വസത്തിന്റെ വേരുകൾ നീളുമ്പോൾ കൃപയുടെ കരങ്ങൾ നമ്മെ ആലിംഗനം ചെയ്യാതിരിക്കില്ല. ലേവ്യ പുസ്തകം 13,14 അദ്ധ്യായങ്ങൾ ഉദാഹരണമാണ്. കുഷ്ഠരോഗത്തിന്റെ രോഗലക്ഷണങ്ങൾ രോഗങ്ങളാവുന്ന പരിണാമദൂരം ഒരു പക്ഷെ ഈ രണ്ട് പദങ്ങൾ തമ്മിലുണ്ട്. ജ്ഞാനിയായ ബാർ ആസീറേയുടെ പുസ്തകം 38.9 ൽ പറയുന്നത്, "*മകനേ നിന്റെ രോഗവസ്ഥയിൽ ദൈവത്തോട് പ്രാർത്ഥിക്കുക. അവനാണ് സൗഖ്യദാതാവ്*" എന്നാണല്ലോ. സൃഷ്ടാവിൽ ആശ്രയിക്കുമ്പോൾ സൃഷ്ടിയുടെ കുറവുനീങ്ങുമെന്ന് ഈ രോഗി വിശ്വസിച്ചത് മാതൃകയാകണം.

2. കാലികരോഗങ്ങളുടെ വ്യാധിദൂരങ്ങൾ

നമ്മുടെ കാലത്തിന്റെ പ്രധാന രോഗങ്ങളെല്ലാം ശീലങ്ങളുമായി ബന്ധപ്പെട്ടതാണ്. സൈബർ കുറ്റകൃത്യങ്ങളിലേക്ക് നയിക്കുന്ന വ്യാധികളാണ് ഈക്കാലത്തിന്റെ ദുരന്തങ്ങൾ. *നോമോഫീലിയ, സോഷ്യൽ ഡിസ്കണക്ഷൻ* എന്നിങ്ങനെ ന്യൂറോ ശാസ്ത്രകാരന്മാർ വിളിപേരുകൾ നൽകിയിരിക്കുന്നവയൊക്കെ രോഗത്തിന്റെ ആരംഭത്തിലും, വ്യാപനത്തിലും കുഷ്ഠരോഗത്തോട് സമാനമാണ്. ഈ രോഗങ്ങളുടെ തീവ്രതയും വ്യാപനവും മനസ്സിലാക്കുവാൻ ചില സാധർമ്മ്യങ്ങൾ(1.) ഈ രോഗങ്ങൾ സാവധാനം വ്യാപിക്കുന്നു.(2.) അത് ശരിയായ ചികിത്സയിലൂടെയല്ലാതെ ഭേദമാകില്ല.(4.) ഇവക്ക് ബഹുലമായ ലക്ഷണങ്ങളാണുള്ളത്.(5.) കുമിളകളായോ, കുരുക്കളായോ,വടുക്കളായോ രൂപപെടുന്നതോ ഒരു രണ്ടാമത്തെ രോഗതലമാണ്.(6.) തീവ്രതയേറിയ കുഷ്ഠരേഗത്തിന്റെ തലം വൈകാരിക നഷ്ടം (lack of sensation) (7) അവയവങ്ങൾ അടർന്നുപോകുന്നുവെന്ന രോഗമൂർദ്ധന്യവും അതിനുണ്ട്. ജീവിതശൈലികൾ രോഗഗ്രസ്തമാകുമ്പോൾ വൈകാരികനഷ്ടം മുതൽ പ്രാണനാശം വരെ നാം വിലകൊടുക്കേണ്ടി വരുന്നുവെന്ന് അതോർമ്മിപ്പിക്കുന്നു.

3. ദൈവവിധേയത്വത്തിനൊരു രോഗക്കാലം.

നിനവ്വെയുടെ അനുതാപ കാലം ആണ് ദൈവത്തോട് അവരെ ചേർത്തുവച്ചത്. പാപ പുണ്ണ് ബാധിച്ചതിൽ നിന്നുള്ള വിമോചനമാണ് ഇന്നത്തെ പ്രാർത്ഥനാദൗത്യം. കൂശ്യ സ്ത്രിയെ വിവാഹം ചെയ്തത് നിമിത്തം മോശയെ മറുത്ത് സംസാരിച്ച മിര്യാമിനെ ദേഹം മുഴുവൻ ഹിമം പോലെ വെളുത്ത് കുഷ്ഠം ബാധിക്കുന്നത് നാം കാണുന്നു. മോശയുടെ ഭാഷയിൽ ചാപിള്ളയെ പോലെ അവൾ ആയി തീർന്നുവെന്ന്(ലേവ്യ 12.12) നാം കാണുന്നു. *ദൈവമേ അവളെ സൗഖ്യമാക്കണമെ* എന്ന് മോശ സഹോദരിക്കു വേണ്ടി പ്രാർത്ഥന കഴിച്ചു. അപ്പോൾ ദൈവം അവളെ ഏഴു

P.C. Babychen (Prop.)
Pulimoottil
Mob : 9497748554
9995217132

PULIMOOTTIL METAL & VESSELS
Palace View
Changancherry - 686 101

Sales and Service : All Kinds of Church Goods

50-ാം വിവാഹ വാർഷികം
06-01-2016

റ്റി.വി.കുര്യൻ (77) കെ.യു. ഏലിയാമ്മ (73)

എരുമത്താനത്ത്
പൂവേലിൽ
കുഴിമറ്റം പി.ഒ., കോട്ടയം

ഫോൺ: 8547080177

ദിവസത്തെ ശുദ്ധീകരണ കാലത്തിന് ശേഷം സൗഖ്യമാക്കി. മറുതലിപ്പുകൾ നീങ്ങാനൊരു ഘട്ടം ആവശ്യമാണെന്നോ?

ആ ദിവസങ്ങളുടെ ഇടവേള അവളുടെ രോഗകാലമായിരുന്നു.അനുതാപത്തിനുള്ള ഇടനേരമാണ് രോഗമെന്ന് ഒന്ന് ആശ്വസിച്ചു നോക്കുക. നമ്മുടെ രോഗങ്ങളെ അനുതാപത്തിനായുള്ള പ്രലപന ദിവസങ്ങളാക്കി ധ്യാനിക്കുവാൻ ഇത് സാഹായകമാണ്.അനാരോഗ്യകരമായ വൈകാരികതയാണ് ഇന്ന് പാപകുഷ്ഠമായി തീരുക. മോഹങ്ങളുടെയോ ,മോഹഭംഗങ്ങളുടെയോ കറയും കുറവുകളുമാണ് നവതലമുറക്ക് വ്യാധിഹേതുവാകുന്നത്.

4. മർമ്മങ്ങൾക്കുടയവനും ഉണ്ടൊരു രഹസ്യം.

എല്ലാ രഹസ്യങ്ങളുടെയും ഉടയവൻ തന്റെ സൗഖ്യദാനത്തിന്റെ കാര്യം രഹസ്യമായിരിക്കണമെന്ന് പറയുന്നുണ്ട്. മാധ്യമങ്ങൾ അവതരിപ്പിക്കുന്ന ഭാഗ്യങ്ങളും നേട്ടങ്ങളും പരിശോധിക്കുക. തൻപോരിമയുടെ മുഖചിത്രങ്ങളിൽ നമുക്ക് മനസ്സ് മടുക്കാതിരിക്കില്ല. എല്ലാ ദാനങ്ങളും രഹസ്യമായി നിർവ്വഹിക്കുന്ന ദൈവത്തെയാണ് നാം അറിയുക. ദൈവീകമർമ്മങ്ങൾ സംഗ്രഹിക്കാനുള്ളതെന്ന് നാം മറന്ന് പോകുന്നു.

2016 ഫെബ്രുവരി 21
മ്ശറിയോ (നോമ്പിലെ മൂന്നാം) ഞായർ
വി: മർക്കോ. 2:1-12

'സംഘം ശരണം ഗച്ഛാമി ' എന്ന് മന്ത്രിച്ച ബൗദ്ധ ബൗദ്ധീകത രൂപാന്തരപ്പെട്ട സംഘബോധത്തെക്കുറിച്ചുള്ള ഉൾകാഴ്ച്ചയാണ്. നിർഭാഗ്യവശാൽ ചാവേറുകൾക്ക് തുല്ല്യമായ സംഘബോധമാണ് നമ്മുടെ സമൂഹത്തിന്റെ ശാപം. *സംഭവിക്കേണ്ട നന്മകളെ പ്രതിയല്ല, സംഭവിച്ച തിന്മകളെ പ്രതിയാണ് ഇന്ന് കേരളത്തിൽ രാഷ്ട്രീയപാർട്ടികൾ നില നിൽക്കുന്നത്.* ഇങ്ങിനെ കാലത്തെ പിന്നോട്ടടിക്കുന്ന സമരപരിപാടികളിലൂടെ *വിപ്ളവങ്ങൾ കൈമോശം വന്നിട്ടില്ലെന്ന്* പാർട്ടികൾ പ്രഖ്യാപിക്കുന്നു.

ഇതൊക്കെ കുറിച്ചത് (മർക്കോസ് 2:1 12)കഫർന്നഹൂമീലെ ആ ഭവനത്തെപ്പറ്റി പറയുവാനാണ്. സത്യമായും ആദ്യത്തെ വായനയിൽ യേശു ഇരുന്നിരുന്ന ആ ഭവനത്തെ മാത്രമെ നാം വി.മർക്കോസിന്റെ സുവിശേഷ ചിത്രത്തിൽ കാണുന്നുള്ളു. യേശു ഇരുന്നിരുന്ന ആ ജനക്കൂട്ടത്തിലേക്ക് നോക്കുമ്പോൾ നിരവധി ഭവനങ്ങൾ ഇപ്പോൾ കാണാനാവുന്നുണ്ട്. കാണെ കാണെ കാഴ്ച്ചപെരുപ്പംതന്നെ.! ഇത് സുവിശേഷകരുടെ ആലേഖന മികവുകൂടിയാണ്. കഫർന്നഹൂം സംഭവത്തിന്റെ പശ്ചാത്തലങ്ങളിൽ എല്ലാ കാലത്തും കാണപ്പെടുന്ന മൂന്ന് സമൂഹങ്ങളെ കുറിച്ച് സൂചിപ്പിക്കട്ടെ.

1. ആൾക്കൂട്ട സമൂഹങ്ങൾ(Crowded Society)

ജനമെന്ന പദത്തിന്റെ ഭിന്ന തലങ്ങൾ വി.വേദപുസ്തകം ആവിഷ്ക്കരിച്ചിട്ടുണ്ട്. ജനസാന്ദ്രത പലപ്പോഴും സമൂഹത്തിന് സമ്മാനിച്ചത് വിവേകരാഹിത്യത്തിന്റെ പതനങ്ങളാണ്. ആൾക്കൂട്ട ആത്മീയത പലപ്പോഴും നമ്മെ അടഞ്ഞ ഭവനങ്ങളായി മാറ്റുന്നു. കഫർന്നഹൂമിലെ ഭവനത്തിൽ കർത്താവ് ഉണ്ടായിരുന്നതിനാൽ അത് ജനസാന്ദ്രമായി. ദൈവഭവനങ്ങളും ദൈവീക വ്യക്തിത്വങ്ങളും ആൾക്കൂട്ടത്തെ ആകർഷിക്കുന്നതായി തീരുന്നു. ഇത് ദൈവീകതയെ ഉൾകൊണ്ടതിനലല്ല; അത്ഭുതങ്ങളോ,അപ്പമോ ഒക്കെ പ്രതീക്ഷിച്ചാവാം. ദൈവമെന്ന സത്യത്തോട് സാമാന്യഭൂരിപക്ഷത്തിന് സമീപിക്കാനാവാത്ത അനിവാര്യ ദുരന്തം 'ഭക്തജനങ്ങൾ' സൃഷ്ടിക്കുന്നു.

സമകാലീക മതാത്മകത ദൈവത്തിന് ചുറ്റി കൂടി നിൽക്കുന്നതും ദൈവസാന്നിദ്ധ്യബോധം തടയുന്നതുമാണ്. ജീർണ്ണതയുടെ നെറ്റിപ്പട്ടമായ് മതാത്മകതയണിയപ്പെട്ടിരിക്കുന്നു. കഫർന്നഹൂമിലെ ജനാത്മക സ്വഭാവം കേരളസമൂഹത്തിലും തനിയാവർത്തനം ചെയ്യപ്പെടുന്നത് തിരിച്ചറിയപ്പെടേണ്ടതാണ്.

2. ഒറ്റപ്പെട്ട സമൂഹങ്ങൾ (Isolated society)

അല്ലെങ്കിലും കാലമിങ്ങനെയാണ്. കാലം തോറും ആവർത്തിതമായ ജീവിത പരിഛേദങ്ങൾ. പൊടുന്നനെ ജീവിതത്തിലേക്ക് ദുരന്തമായി പെയ്തിറങ്ങിയ രോഗമൊക്കെ നേടിതരുന്ന സഹതാപത്തിന്റെ ആനുകൂല്ല്യങ്ങൾ അത്രക്കൊന്നും നീണ്ട് പോകാറില്ല. അത്തരമൊരു അനിവാര്യതയാണ് പക്ഷവാതക്കാരനായ രോഗിക്കും ഉണ്ടായത്. പക്ഷവാതത്തിന്റെ പാശങ്ങളിൽ കെട്ടപ്പെട്ട് ചലനരഹിതമായ ഒരു *ശരീരമായി* അയാൾ മാറി. നാടിന്റെ നല്ലസംഘങ്ങളിൽ സജീവമായിരുന്ന അയാൾക്ക് ഉണ്ടായ ഈ ദുരന്തത്തിൽ സഹതപിച്ചവർ ക്രമേണ്ണ ആയാളുടെ വീട്ടിലേക്ക് വരാതായി. സമൂഹ മനസാക്ഷിയിലെ സഹതാപം കൂണുകൾ പൊലെയാണ്. ഒറ്റപ്പെടൽ അതിലേറെ ഭയാനകം. ചലനമറ്റ ശരീരത്തിലെ ചലിക്കുന്ന മനസ്സു കരഞ്ഞു; സുഹൃത്തുക്കളോട്, ബന്ധുക്കളോട് എല്ലാം. ഇന്നും ദുരിത ബാധിതരായി കഴിയുന്ന ആളുകൾ ഈ പക്ഷവാതക്കാരനെപ്പൊലെ ഒറ്റപ്പെട്ടവരായി ജീവിക്കുന്നുണ്ട്. വി.മർക്കോസിന്റെ ഈ വിവരണം സമകാലീകതയിലേക്ക് നമ്മെ ഉണർത്തേണ്ടതാണ്.

3. രൂപാന്തരപ്പെട്ട സമൂഹങ്ങൾ (Transformed society)

ഏത് ജീർണ്ണതയിലും ചിലർ,ചിലർ മാത്രം രൂപാന്തരത്തിന്റെ ആത്മാവുമായ് ദൈവത്തിന്റെ കൈയ്യൊപ്പുള്ളവരായ് ഈ ലോകത്ത് ശേഷിക്കുന്നതാണ് നമ്മുടെ പുണ്യം. അതു കൊണ്ടാണല്ലോ നോഹയെപ്പൊലെയുള്ള ചില നീതിമാന്മാരുടെ പേരിൽ ദൈവം ലോകത്തോട് കരുണ കാട്ടുന്നത്. കഫർന്നഹൂമിലെ ആ *നാലു പേർ* ആ പക്ഷവാതക്കാരനെ ചുമന്ന് കൊണ്ട് വരുമ്പോൾ സംഭവിച്ചത് ഇതു തന്നെയാണ്. ചില ജീർണ്ണമായ ജനാധിപത്യ ഘടനകളെയാണ് സത്യത്തിൽ ഈ *നാൽവർ സംഘം* പൊളിച്ചെഴുതുന്നത്. സമൂഹത്തിൽ ഒറ്റപ്പെട്ടവന്, തമസ്സ്കരിക്കപ്പെട്ടവന് അവർ ജീവന്റെ വഴിയായി. അശരണർക്ക് ദൈവസന്നിധിയിലേക്കുള്ള പ്രവേശനത്തെ തടയുന്ന ആൾക്കൂട്ട ആത്മീയതയാണ് കാപട്യം. ഭാഗ്യസ്മരണാർഹനായ യൂഹാനോൻ മോർ സേവേറിയോസ് തിരുമേനിയുടെ വാക്കുകൾ, "പാവപ്പെട്ടവൻ അഞ്ചു രൂപാ കുടിശിഖ നൽകാനുണ്ടെങ്കിൽ അവന്റെ ആത്മീയാവശ്യങ്ങൾ മുടക്കുവാൻ മടിക്കാത്തവർ പള്ളിയിൽ കയറാത്തവരെയും അസന്മാർഗ്ഗികളെയും കുടിശിഖയുള്ളവരായി കണക്കാക്കത്തെന്തെന്ന് മനസ്സിലാകുന്നില്ല"

കഫർന്നഹൂം സംഭവം ജീർണ്ണത ബാധിച്ച സമൂഹഗാത്രത്തിൽ രൂപാന്തരപ്പെട്ട സമൂഹത്തിന് ചെയ്യാവുന്ന ശുശ്രൂഷാ ദൗത്യത്തിന്റെ മാതൃകയാണ് . സമൂഹത്തിലെ ആൾക്കൂട്ടത്തിന്റെ ആത്മീയതക്കൊപ്പം ചുവട് വയ്ക്കുന്ന മതനേതാക്കളല്ല ഉത്തരാധുനീക കാലഘട്ടത്തിനാവശ്യം. സ്വന്തം മനസാക്ഷിയുടെ ആന്തരീകഭൂമികയിൽ ഉറച്ച് നിൽക്കാൻ പ്രാപ്തരാക്കുന്ന ഊർജ്ജമാണ് കഫർന്നഹൂമിലെ നാൽവർ സംഘം നമുക്ക് പകർന്ന് നൽകുക. ഈ സംഭവത്തിന്റെ വായനയ്ക്കും, പുനർവായനയ്ക്കും ശേഷം *നല്ല നാലുപേർ ഉണ്ടായിരുന്നെങ്കിൽ എന്ന്* ജീർണ്ണതയുടെ ഭൂമികയിലിരുന്ന് ഒരാൾ ആഗ്രഹിക്കുമ്പോൾ അറിയുക; *പക്ഷവാതക്കാരനെ ചുമന്ന നാലു പേർ പേരുകൊണ്ടല്ല,കർമ്മം കൊണ്ട് സ്മരിക്കപ്പെടുന്നു. ചരിത്രം പേരോർമ്മിക്കാത്ത അവരെ മറന്നാലും അവരുടെ കർമ്മം വിസ്മരിക്കപ്പെടുകയില്ല എന്ന മുന്നറിയിപ്പും ഈ വചനഭാഗം നൽകുന്നുണ്ട്.* ■



ഫാ. ഷാലു ലൂക്കോസ്, തിരുമംഗലം

സമ്യഗ് ദർശനം

ഒരു യാത്രികൻ തന്റെ കഴുതയുമായി യാത്ര ചെയ്യുകയായിരുന്നു. അവർ ക്ഷീണമുണ്ടാകുമ്പോൾ വിശ്രമിച്ചും ഉണർച്ചയുണ്ടാകുമ്പോൾ വീണ്ടും യാത്ര ചെയ്തുകൊണ്ടിരുന്നു. ഘോരമായ മഴയും കാറ്റും ശക്തമായപ്പോൾ അവർക്ക് യാത്ര തുടരാൻ കഴിഞ്ഞില്ല. കാലാവസ്ഥ ദുർഘടമായത്കൊണ്ട് അയാൾ ഒരു സത്രത്തിൽ അഭയംതേടി കഴുതയെ പുറത്തുള്ള ഒരു മരച്ചുവട്ടിൽ നിർത്തി. മഴയും കാറ്റും കൂടുതൽ ശക്തമായപ്പോൾ കഴുത എവിടേക്കെങ്കിലും ഓടിപ്പോയേക്കുമോ എന്നയാൾ ഭയന്നു. സത്രത്തിന്റെ വശങ്ങളിലൊന്നും കഴുതയെ സുരക്ഷിതമായി നിർത്തുവാൻ സ്ഥലമുണ്ടായിരുന്നുമില്ല. മഴയുംകാറ്റും ഒടുങ്ങുമ്പോഴേക്ക് തന്റെ കഴുത മറ്റെവിടേക്കെങ്കിലും ഓടിപ്പോയേക്കാമെന്ന് ഉള്ള തന്റെ പരിഭ്രമം അയാൾ സത്രമുടമയോട് പങ്ക് വച്ചു അങ്ങനെയെങ്കിൽ തന്റെ യാത്രാ സാമഗ്രഹികൾ നഷ്ടപ്പെടുകയും തന്റെ യാത്ര മുടങ്ങുകയും ചെയ്യും എന്ന് അയാൾ പറഞ്ഞു. തന്റെ കഴുതയെ ആ മരത്തിൽ തത്കാലത്തേക്ക് കെട്ടിയിടുവാൻ ഒരു കയറോ മറ്റോ അയാൾ അന്വേഷിക്കുകയും ചെയ്തു. പക്ഷെ ആ സമയത്ത് ആ കഴുതയെ ബന്ധിക്കുവാൻ തക്ക കയറോ മറ്റോ ആ സത്രത്തിൽ ഉണ്ടായിരുന്നില്ല എന്ന നിസ്സഹായാവസ്ഥ സത്രമുടമ അയാളെ ബോധ്യപ്പെടുത്തുകയും ചെയ്തു. എങ്കിലും യാത്രികന്റെ ധാർമ്മിക സങ്കടം മനസ്സിലാക്കി അയാളെ സഹായിക്കാൻ സത്രമുടമ കഴുതയുടെ അടുത്ത് ചെന്ന് അതിന്റെ കഴുത്തിൽ കയർ അണിയിച്ചിരുന്നതായി ഭാവിച്ച് ആ കയറെടുത്ത് അടുത്ത മരത്തിൽ അതിന്റെ മറ്റെ അറ്റം നന്നായി ഭദ്രമായി കെട്ടുന്നതായി ഭാവിച്ചിട്ട് മടങ്ങി വന്നു കഴുത ശാന്തമായി അവിടെ നിൽക്കുകയും ചെയ്തു.

മഴയും കാറ്റും ശാന്തമായി യാത്രികന് യാത്ര ആരംഭിക്കാൻ സയമായപ്പോൾ അയാൾ സത്രമുടമയോട് തനിക്ക് ലഭിച്ച സഹായങ്ങൾക്ക് നന്ദിയും അറിയിച്ചിട്ട് കഴുതയുടെ അടുത്തെത്തി അതിനെയും കൊണ്ട് യാത്രയാകാൻ ആരംഭിച്ചു. പക്ഷെ കഴുത നിന്നിടത്ത് നിന്ന് അനങ്ങിയില്ല. അയാൾ ആവതും ശ്രമിച്ചു എന്നിട്ടും രക്ഷയുണ്ടായില്ല. യാത്രികൻ സത്രമുടമയോട് അൽപ്പം രോഷം പൂണ്ടു. "താങ്കൾ എന്ത് സൂത്രമാണ് പ്രയോഗിച്ചത് എന്റെ യാത്രയിൽ ഉപകാരപ്പെട്ട കഴുത യാതൊരു ഉപകാരമില്ലാത്ത വസ്തുവായി മാറിയിരിക്കുന്നു" സത്രമുടമ വന്ന് പഴയത് പോലെ കഴുതയെ മരത്തിൽ നിന്ന് അഴിച്ച് വിടുന്നതായി ഭവിച്ചു അത് യാത്രികനോടൊപ്പം യാത്രയാവുകയും ചെയ്തു.

നമ്മുടെ ഇച്ഛാശക്തികളെ ഇല്ലാത്ത ചില കെട്ടുകളിൽ കുടുക്കിയിടാനാണ് നമുക്ക് താത്പര്യം എന്നാണ് ഈ കഥയുടെ അന്തസാരം കൊടും മഴയും കൊടുംകാറ്റും ജീവിതത്തിൽ ഉണ്ടായാലും ഈ കുടുക്കുകളിൽ നിന്ന് നമുക്ക് രക്ഷപെടാനാകുന്നില്ല. നമ്മുടെ മനസ്സും, ആത്മാവും, ജീവിതവുമെല്ലാം ഭേദിക്കാനാകാത്ത ബന്ധനങ്ങളിൽ കുടുങ്ങിയവരെപ്പോലെ ജീവിക്കുകയാണ്. നാം നമ്മെ ലോകത്തിന് ബന്ധിച്ച് കൊണ്ടിരിക്കുകയാണ് ദൈവത്തോടുള്ള ബന്ധം അറ്റ് പൊയ്ക്കൊണ്ടിരിക്കുകയുമാണ്. മതം, രാഷ്ട്രീയം, വർഗ്ഗം, വർണ്ണം ഇതെല്ലാം ചിലബന്ധനങ്ങളാണ് തരുക. അനന്തരം ചില ഭ്രാന്തുകളും ഈ ഭ്രാന്ത് എവിടെയെല്ലാം കൂടിയോ അവിടെയെല്ലാം ബന്ധങ്ങൾ നഷ്ടപ്പെട്ടു ദൈവവും നഷ്ടപ്പെട്ടു. ദൈവം നഷ്ടപ്പെട്ടയിടത്തെല്ലാം നാം പോയി നിന്ന് ദൈവമുണ്ടെന്ന് ഭാവിച്ച് ജീവിക്കുകയാണ്. "സ്വാതന്ത്ര്യപ്പെടുക എന്ന് ദൈവം പറഞ്ഞിടത്തെല്ലാം നാം പാരതന്ത്ര്യപ്പെടുകയാണ്." നവവർഷങ്ങൾ പോലും ഓരോ സ്വാതന്ത്ര്യപ്പെടലിന് വേണ്ടിയുള്ള ഉൾവിളിയാണ്" പെയ്തൊഴിയുന്ന വർഷത്തുള്ളികൾ എത്ര ആഘോഷത്തോടെയാണ് പുഴകളാകുന്നത് ആ ആഘോഷക്കൂട്ടായ്മകളാണ് കടലായി മാറുക തീരം തല്ലിയാർക്കുന്ന ആ കടലാണ് സൂര്യന്റെ ചുടുചുംബനമേറ്റ് നീരാവിയായി അത് കരിമേഘമായി ഈറനായ കാറ്റേറ്റ് അണപൊട്ടിയൊഴുകുന്ന വർഷത്തുള്ളികളായ് വീണ്ടും ഇവിടെ ബന്ധനമെവിടെ? സ്വാതന്ത്ര്യപ്പെടൽ മാത്രം. ദൈവം കാതിൽ മാന്ത്രിക്കുന്നു മർമ്മരമായ് "വർഷങ്ങളാവുക, സ്വതന്ത്രരാവുക."

E-mail: fr.thirumangalam@gmail.com

In Everloving Memory of

50th Death Anniversary (Jan 22nd)



Rev. Fr. Simon Mathews

Meledathu, Ayroor (1924-66)

One of the three pioneer priests ordained by H.H. Geevarghese II The Catholicose in 1952 at Madras for the outside Kerla Diocese of Malankara Orthodox Church. Founder-St. Thomas School, Coimbatore. Vicar, Coimbatore, Kunnur (1952-59) Bethany Aramana Thiruvalla (1959-66). Secretary of Metropolitan Mar Thoma Dionysious of Niranam and Manager MDLPS Chengaroor.

Mrs. Kunjamma Simon

Died on: 10-2-1993
(Sister of Fr. Simon Mathews)
Rtd. HM of Mathapara School.

Inserted by:
T.S.T. Roy & Family
USA (Son)



Mrs. Annamma Simon

Died on : 15-8-1976
Rtd. Teacher at
Govt. High School
Ayroor

Mr. P.M. Simon

Died on : 23-3-1978
Former Manager,
HM for 35 years at
MDLPS
Mathapara & HM
Mathapara Valiyapally
Sunday School.

(Parents of Fr. Simon Mathews)

Inserted By:

Thankamma Mathews (Wife), Sleeba, Slomol, Philomon, Kochumon (Children) Kuttapuzha P.O., Thiruvalla
D/o Late M.O. Philip Rtd. Dist. Registrar Kallooppara Valiyaveettil Melemalayil Family

Rev. Fr. Abraham Samuel, Vicar Mount Carmel St. Gregorious Orthodox Church Padimon

Rev.Dr. James Mammoottil (OIC) Superior & Director, Jeevaram Bethany Ashramam Mavelikkara

Rev. Fr. Varghese John, Vicar, St. George Orthodox Church Mundenpara Attappady (Nephew)
(Zonal Secretary of Malabar Diocese, Priests Association)

Rev. Fr. Simon Jacob Mathew, Vicar Perumpetty St. Mary's Orthodox Church.

Rev. Fr. Samson M. Simon, Vicar St. George Orthodox Valiyapally Kelakom Kannur (KCC Delegate, MOC) (Grand Nephew).

ദുഃഖവെള്ളിയും...

29-ാം പേജിൽ നിന്നും...

ച്ചുള്ള തീയതി ഏപ്രിൽ 25 ആണ്. ഉദാ: – 2038, 2190. പഴയ രീതി പ്രകാരം (20, 21 നൂറ്റാണ്ടുകളിൽ) യഥാക്രമം ഏപ്രിൽ നാലും (ഉദാ: 1915, 2010) മേയ് എട്ടും (ഉദാ: 1983, 2078) ആകുന്നു.

ഹൂദായ കാനോനിൽ ഇങ്ങനെ കാണുന്നു : വചനിപ്പു പെരുന്നാൾ അതു വരുന്ന ദിവസം തന്നെ സഭ ആചരിക്കുന്നു (5:1). വലിയ നോമ്പിന്റെ ആരംഭം, ശ്ബോത്ത് രണ്ടാം തീയതിക്കും ഓദോർ എട്ടാം തീയതിക്കും ഇടയിൽ വരുന്ന അമാവാസിയോടു കൂടുതൽ അടുത്ത്, അതിനു മുമ്പോ പിമ്പോ വരുന്ന തിങ്കളാഴ്ചയായിരിക്കും (5:2).

(കൂടുതൽ വിവരങ്ങൾക്ക് മലങ്കര സഭാ മാസിക 1998 മാർച്ച്, 2005 ജനുവരി ലക്കങ്ങൾ കാണുക).

ഈ വിശേഷദിവസങ്ങൾ ഒരുമിച്ചു വന്ന അവസരങ്ങളിൽ ഇവ എങ്ങനെ ആചരിച്ചു എന്നറിയുന്നത് വിജ്ഞാനപ്രദമായിരിക്കുമെന്ന് കരുതുന്നു. ചാത്തന്നൂർ സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയുടെ തെക്കേ ഭിത്തിയിൽ രേഖപ്പെടുത്തിയിരുന്ന ഇരുനൂറിലധികം വർഷം പഴക്കമുള്ള ഒരു പഞ്ചാംഗത്തിൽ ഇപ്രകാരം കാണുന്നു.

"അൻപതു നുയംപിൽ ചനിയാഴിച്ചയും ഞായറാഴിച്ചയും കാലത്തെ കൊറുവാന ചൊല്ലാമെന്നും നുയമ്പിൻറെ പാതിക്കും നാല്പതിനും പിസഹായിക്കും ദുഖചനിയാഴിച്ചക്കും 22 1/2 നാഴിക പുലരുംപോൾ കുറുവാന പിരിയണമെന്നും വചനിച്ച പെരുന്നാൾക്കു കാലത്തെ ചൊല്ലാമെന്നും ദുഖവെള്ളിയാഴിച്ച ഇപ്പെരുനാൾ വന്നുവെംകിൽ കാലത്തെ രഹസ്യത്തിൽ കുറുവാന ചൊല്ല്യേച്ചു ഉച്ചനമസ്കാരവും കുരിശു കുംപിടീലും കഴിക്കണമെന്നും അല്ലാതെ നുയംപിൽ കുറുവാന ചൊല്ലരുതന്നും യാക്കോബായക്കാരായ നമ്മെ നമ്മുടെ വാവാമ്മാരു പടിപ്പിച്ചത......"

1877 ഏപ്രിൽ ആറിന് (സു.ക. മീനം 25) ഇവ ഒരുമിച്ചു വന്നപ്പോൾ പരിശുദ്ധ ഇഗ്നാത്തിയോസ് പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ സാന്നിദ്ധ്യത്തിൽ പരിശുദ്ധ പരുമല തിരുമേനി അകപ്പറമ്പു പള്ളിയിൽ വിശുദ്ധ കുർബാന അർപ്പിച്ചതായി കൊച്ചി ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്താ (1877–86) കരവട്ടുവീട്ടിൽ ശെമവൂൻ മാർ ദിവന്നാസിയോസ് തിരുമേനിയുടെ നളാഗമത്തിൽ കാണുന്നു.

ഇത്തരം സന്ദർഭങ്ങളിൽ, "കുർബാന കഴിഞ്ഞതിനാൽ ഉപവാസം വെടിയുവാൻ പാടില്ല; ചൊല്ലുന്ന പട്ടക്കാരനു മാത്രം ഒഴികഴിവുണ്ട്" എന്ന് ചിങ്ങവനം തകിടിയിൽ യാക്കോബ് കശീശായുടെ "നടപടി ക്രമം വൈദിക ഗൈഡ് 2-ാം ഭാഗം "(1948) എന്ന ഗ്രന്ഥത്തിൽ (പേജ് 6) പറയുന്നു.

മദ്ധ്യകാലഘട്ടത്തിൽ മിക്ക യൂറോപ്യൻ രാജ്യങ്ങളിലും പുതിയ വർഷം ആരംഭിച്ചിരുന്നത് മാർച്ച് 25 നായിരുന്നു. മാർച്ച് 24 വരെയുള്ള തീയതികളെ തലേ വർഷത്തെ തീയതികളായിട്ടാണ് അവിടെ കണക്കാക്കിയിരുന്നത്. വചനിപ്പു പെരുനാളിന് യൂറോപ്യൻ രാജ്യങ്ങളിൽ വളരെ പ്രാധാന്യമുണ്ടായിരുന്നതാണ് കാരണം. ■

Hebron Hills Retirement Home

An outreach of Mar Theodosius Memorial Mission International Regd.



Inviting application for Parents from NRIs living in USA, Europe and Australia

Amenities include furnished rooms, bath attached, hot water, Micro wave, A/C as needed, Orthodox Chapel & priestly presence, common dining, community life and many more...

For more information contact:

Fr. Mathai Alakot, 19 Sequoia Grove Way, American Canyon, CA 94503
Ph:- USA +1 408-868-4000 India +91 4682286001
www.hebronhills.org

സെന്റ് ജോർജ്ജ് ഓർത്തഡോക്സ് ചർച്ച്

പൂവന്മല (നിലയ്ക്കൽ ഭദ്രാസനം)

മലങ്കര ഓർത്തഡോക്സ് സഭയിലെ നിലയ്ക്കൽ ഭദ്രാസനത്തിൽ, റാന്നി ടൗണിൽ നിന്നും ഏകദേശം 3 കിലോമീറ്റർ അകലെ സ്ഥിതി ചെയ്യുന്ന ഒരു ചെറിയ ദേവാലയമാണ് പൂവന്മല സെന്റ് ജോർജ്ജ് ഓർത്തഡോക്സ് ദേവാലയം. കേവലം 18 കുടുംബങ്ങൾ മാത്രമുള്ള ഈ ഇടവക, സഭാ സ്നേഹിയായ ഒരു ഇടവകാംഗം സഭയ്ക്ക് ദാനമായി നൽകപ്പെട്ട സ്ഥലത്താണ് സ്ഥാപിച്ചിരിക്കുന്നത്. 1970 ൽ ഒരു സൺഡേസ്കൂൾ കെട്ടിടമായി ആരംഭിക്കുകയും, 1996 ൽ ചാപ്പലായി ഉയർത്തി ആരാധന തുടങ്ങുകയും ചെയ്ത ഈ ദേവാലയം, 2000 നവംബർ മാസം 1-ാം തീയതി, കാലം ചെയ്ത അഭിവന്ദ്യ ഫിലിപ്പോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്താ ഒരു സ്വതന്ത്ര ഇടവകയായി പ്രഖ്യപിച്ചു. ഈ കാലഘട്ടങ്ങളിൽ എല്ലാം പരിമിതമായ അറ്റകുറ്റപ്പണികൾ ചെയ്താണ് ഈ ദേവാലയം ഇതുവരെ നിലനിർത്തിയത്. എന്നാൽ കാലപ്പഴക്കം കൊണ്ട് മേൽക്കൂര ദ്രവിച്ചതിനാൽ മഴക്കാലത്ത് ചോർച്ച നിമിത്തം പള്ളിക്കുള്ളിൽ നിന്ന് ആരാധനയിൽ സംബന്ധിക്കാൻ സാധിക്കാതെ വന്നിരിക്കുന്നു.

> ദാവീദ് രാജാവ് നാഥാൻ പ്രവാചകനോട് "എന്റെ ദൈവത്തിന്റെ പെട്ടകം തിരശ്ശീലയ്ക്ക് അപ്പുറത്ത് അനാവൃതമായിരിക്കുമ്പോൾ ഞാൻ ദേവദാരു കൊണ്ടുള്ള അരമനയിൽ എങ്ങനെ വസിക്കും" എന്ന് ചോദിച്ചു.
> *2 ശമു:7:2*

അധികാരികളിൽ നിന്നുള്ള അനുവാദത്തോടെ 2014 മാർച്ച് 9-ാം തീയതി ഭദ്രാസന മെത്രാപ്പോലീത്താ അഭിവന്ദ്യ ഡോ. ജോഷ്വാ മാർ നിക്കോദിമോസ് തിരുമേനി പ്രാർത്ഥനയോടെ കല്ലിട്ട് പുതിയ ദേവാലയത്തിന്റെ നിർമ്മാണം ആരംഭിച്ചിരിക്കുകയാണ്. 42 അടി നീളവും 19 അടി വീതിയുമുള്ള ഈ ദേവാലയം നിർമ്മിക്കുന്നതിന് ഏകദേശം 50 ലക്ഷം രൂപായാണ് വേണ്ടിയിരിക്കുന്നത്. ഭൂരിപക്ഷം കർഷകരും കൂലിവേലക്കാരുമായ ഇടവകാംഗങ്ങൾ മാത്രം ചേർന്ന് ഇത് പൂർത്തീകരിക്കുവാൻ അസാദ്ധ്യമാണ്. ആയതിനാൽ ലോകത്തിന്റെ അഞ്ച് വൻകരകളിലുമുള്ള സഭാസ്നേഹികളും, ദൈവവിശ്വാസികളുമായ മലങ്കരസഭാ മക്കളുടെ പ്രാർത്ഥനയും സഹായ സഹകരണങ്ങളും വി. ഗീവറുഗീസ് സഹദായുടെ പേരിൽ നിർമ്മിക്കുന്ന ഈ ദേവാലയതതിന് വേണ്ടി ഉണ്ടാവണമെന്ന് ദൈവനാമത്തിൽ അപേക്ഷിക്കുന്നു.

ഇപ്പോൾ ഉള്ള പള്ളി



പുതിയ പള്ളി



നിങ്ങളുടെ സഹായങ്ങൾ ചെക്ക്, ഡ്രാഫ്റ്റ്, മണിഓഡർ എന്നിവയായി അയയ്ക്കാവുന്നതാണ്. പള്ളിപണിക്കായിട്ടുള്ള അക്കൗണ്ട് നമ്പർ Pazhavangadi Branch Federal Bank A/c No: 10400100220896 വികാരി/ ട്രസ്റ്റി സെന്റ് ജോർജ്ജ് ഓർത്തഡോക്സ് ചർച്ച് പൂവന്മല റാന്നി കേരള IFSC Code FDRL 0001040

സംഭാവനകൾ ഇടവക വികാരി/ട്രസ്റ്റി സെന്റ് ജോർജ്ജ് ഓർത്തഡോക്സ് ചർച്ച് പൂവന്മല, പുല്ലൂപ്രം പി.ഒ., അങ്ങാടി റാന്നി പിൻ 689674 പത്തനംതിട്ട ജില്ല കേരള എന്ന മെയിൽ അഡ്രസിൽ ദയവായി അയയ്ക്കുക. എല്ലാ സംഭാവനകൾക്കും യഥാസമയം രസീത് അയച്ചു തരികയും, വി. കുർബ്ബാനയിൽ പേരുകൾ ഓർക്കപ്പെടുന്നതുമാണ്.

ഇടവകയ്ക്ക് വേണ്ടി,

വികാരി	ട്രസ്റ്റി	സെക്രട്ടറി
റവ.ഫാ. കെ. എ ചെറിയാൻ	**അലക്സ് പുത്തേത്ത്**	**മാത്യു ശമുവേൽ കാവിൽ**

കരച്ചിലിനു കാതുകൊടുക്കുക

പ്രൊഫ. ലീലാമ്മ ജോൺ, കോഴഞ്ചേരി

ദൈവം നമുക്കു നൽകിയ ഏറ്റവും വലിയ കൃപ ജീവനാണ്. അതു സംരക്ഷിക്കുവാനും നിലനിർത്തുവാനും മനുഷ്യൻ നടത്തുന്ന പ്രവർത്തനങ്ങളും ഇടപെടലുകളും തീർച്ചയായും ദൈവികമാണ്. എന്നത്തേയും കാൾ മനുഷ്യ ജീവനു തീരെ വിലയില്ലാത്ത ഒരു കാലമാണിത്. സഹ ജീവികളേയും ആവാസ വ്യവസ്ഥയേയും ക്രൂരമായി തല്ലിത്തകർത്ത് സംഹാര താണ്ഡവം നടത്തുകയാണിന്നു മനുഷ്യൻ. ഇത്തരം തിന്മപെട്ട പ്രവൃത്തികളെ ചോദ്യം ചെയ്യണം, തടയിടണം, ജീവന്റെ പക്ഷത്തുനിന്ന് നാശകരമായ സകലതിനേയും തോല്പിക്കണം. ഇത് ഓരോ ക്രിസ്ത്യാനിയും സ്വന്ത ദൗത്യമായി ഏറ്റെടുക്കേണ്ടതുണ്ട്. കാരണം മരണത്തെ തോല്പിച്ച് നിത്യ ജീവൻ സൗജന്യമായി നൽകിയ രാജാധിരാജനാണ് നമ്മുടെ കർത്താവ് എന്നതു തന്നെ. തലമുറ തലമുറയായി നാം അനുഗ്രഹിക്കപ്പെടുവാൻ, വേദനിക്കുന്നവരുടേയും ജീവൻ നിലനിർത്താൻ പാടുപെടുന്നവരുടേയും നിസ്സഹായരുടേയും സംരക്ഷണം ഏറ്റെടുക്കണം.

'സൂതി കർമ്മിണികൾ ദൈവത്തെ ഭയപ്പെട്ടതുകൊണ്ട് അവൻ അവർക്കു കുടുംബ വർദ്ധന നൽകി (പുറ. 1:21) മരണത്തിന്റെ കരങ്ങളിൽ നിന്നും മനുഷ്യ വംശത്തെ കോരിയെടുത്ത രണ്ടു സ്ത്രീകളെക്കുറിച്ചാണു പരാമർശം. മരണകരമായ സാഹചര്യങ്ങളിലും സുവിശേഷമായി ജീവിച്ച ശിപ്രായും പൂവായും. ഭീകരമായ അടിമച്ചങ്ങലയിൽ നിന്നും വിടുവിച്ച് സ്വാതന്ത്ര്യത്തിന്റെ കനാനിലേക്ക് ദൈവം നിശ്ചയിച്ച സ്വാതന്ത്ര്യ സമരനായകൻ, മോശയുടെ പിറവി രണ്ടു സ്ത്രീകളുടെ ഇടപെടൽ മൂലം സഫലമായിത്തീരുന്ന സംഭവത്തിന്റെ തുടക്കമാണ്ത്. പിഞ്ചുകുഞ്ഞിന്റെ പിറവിയേയും ഭാവിയേയും കൊല്ലുവാനുള്ള രാജകല്പന അവർക്കൊരു വെല്ലുവിളിയായി. 'കൊല്ലരുത്' എന്നത് ദൈവകല്പനയാണ്-അഞ്ചാമത്തെ പ്രമാണം. കുഞ്ഞുങ്ങളെ മാത്രമല്ല, യാതൊന്നിനേയും നശിപ്പിക്കരുത്. ദരിദ്രരുടെ, നിസ്സഹായരുടെ, പിറക്കാൻ മോഹിക്കുന്ന കുഞ്ഞുങ്ങളുടെ, പ്രകൃതിയുടെ നദികളുടെ, മരങ്ങളുടെ എല്ലാവരുടേയും ഭാവിയെ കൊല്ലുകയാണിന്ന്. ഇവയെ എല്ലാം മരണപാശത്തിൽനിന്നും വിടുവിക്കാനുള്ള ശിപ്രായും പൂവായും ആകുക എന്നത് സ്ത്രീകൾ ദൗത്യമാക്കണം. കാരണം അവൾ പ്രസവിക്കുന്നവളാണ്, അമ്മയാണ്, തലമുറകളെ രൂപപ്പെടുത്തുന്നവളാണ്. അധികാരവും ആനുകൂല്യങ്ങളും വേണ്ടെന്നു വച്ച് ഭാവിയുടെ ചരിത്രം മെനയുവാൻ സഹായിക്കുക. നിശ്ശബ്ദമായി നിർഭയമായി സ്നേഹ പ്രവൃത്തികളിലൂടെ ജീവരക്ഷയ്ക്കായി പോരാടുക.

മോശയുടെ അമ്മയും സഹോദരിയും ഫറവോയുടെ പുത്രിയും ഇതോടു ചേർത്തു വായിക്കേണ്ട മൂന്നു പേരാണ്. അലംഘനീയമായ രാജകല്പനകൾ ഉള്ളപ്പോൾ കൊട്ടാരത്തിനുള്ളിൽ കുഞ്ഞിനു ജന്മം നൽകി, 3 മാസക്കാലം സംരക്ഷിച്ചു ആ അമ്മ-ഫറവോയുടെ പുത്രി ആവട്ടെ, നിരപരാധികളായ കുഞ്ഞുങ്ങളുടെ ചോര ഒഴുകി ഇറങ്ങിയ പുഴയിൽ നീരാട്ടിനു വന്നതാണ്. എന്നിട്ടും ഞാങ്ങണപ്പെട്ടിയിലെ കരച്ചിൽ അവൾ കേട്ടു. നമ്മുടെ ആഘോഷ ജീവിതത്തിനിടയിൽ ചുറ്റും എന്തു നടക്കുന്നു എന്ന് നാം ശ്രദ്ധിക്കുന്നില്ല. വേദനകളും വിലാപങ്ങളും ഇന്ന് അന്യമാകുന്നു. ഇക്കാലത്ത് മാധ്യമങ്ങളിൽ നിറഞ്ഞു നിൽക്കുന്ന വാർത്ത എൻഡോസൾഫാൻ ബാധിത കുഞ്ഞുങ്ങളാണ്. പൂക്കളും പൂമ്പാറ്റയും പുസ്തകങ്ങളുമൊക്കെയായി ഓടിനടക്കേണ്ട കുഞ്ഞുമക്കൾ. അവരുടെ സ്വപ്നം താൻ ചുരുണ്ടു കിടക്കുന്ന ഇടത്തിന്റെ മേൽത്തട്ടുവരെ മാത്രമാണ്. ഒരുപാടു കുഞ്ഞുങ്ങളും സംഘടനകളും വ്യക്തികളും ആ നിസ്സഹായ ബാല്യത്തിന്റെ സ്വപ്നങ്ങൾക്കു ചിറകുമുളപ്പിക്കാൻ ശ്രമിക്കുന്നുണ്ട്. നല്ലപാഠം പദ്ധതിയുടെ ഉത്സാഹം കാണുമ്പോൾ ആർദ്രതയുടെ ചാലുകൾ തീരെ വറ്റിയിട്ടില്ല എന്ന് ആശ്വസിക്കാം. മോശയുടെ സഹോദരിയും കൃത്യസമയത്ത് ഇടപെട്ട് മാതൃത്വത്തേയും പുത്രത്വത്തേയും സ്തുത്യം നൽകി ഊട്ടിവളർത്തുവാൻ പാകത്തിനാക്കുന്നു. ജീവൻ രക്ഷിക്കേണ്ട ഘട്ടങ്ങളിൽ ഒരു നിമിഷം ഇടപെട്ടേ മതിയാകൂ. പ്രത്യാശയും പ്രതീക്ഷയും പകർന്നു നൽകാൻ ഈ ഇടപെടൽ ഇന്നും ആവർത്തിക്കണം. രണ്ടു വയസ്സിൽ താഴയുള്ള ആൺകുട്ടികളെ കൊന്നൊടുക്കുവാനുള്ള ഹെരോദാവിന്റെ കല്പനയും യേശു കുഞ്ഞിനെ രക്ഷിക്കാനുള്ള ദൂതന്റെ ഇടപെടലും ഇതേ സംരക്ഷണത്തിന്റെ തലത്തിൽ നിന്നുകൊണ്ട് നാം കാണണം.

ജീവന്റെ പക്ഷത്തു നിൽക്കുവാനും സുവിശഷമായി ജീവിക്കുവാനും കഴിയുന്നില്ല എന്നത് ഇന്നിന്റെ പരാജയമാണ്. വചനത്തിലൂടെ നാം വായിച്ചെടുക്കേണ്ടത് ജീവിതമാകുന്ന സുവിശേഷങ്ങളെയാണ്. പക്ഷെ സ്വന്തം കുഞ്ഞിന്റെ കരച്ചിൽ കേട്ടാൽ പോലും ഹൃദയാലുക്കളാകാൻ സ്ത്രീക്കു കഴിയുന്നുണ്ടോ? കുപ്പത്തൊട്ടിയിലും അമ്മത്തൊട്ടിലിലും വലിച്ചെറിയപ്പെടുന്ന കുഞ്ഞുങ്ങൾ, ആരോരുമില്ലാതെ അലഞ്ഞു നടക്കുന്ന വാർദ്ധക്യങ്ങൾ, നിയന്ത്രണവും വിവേകവും ഇല്ലാതെ തിന്മയിൽ അകപ്പെട്ടുന്ന യൗവ്വനങ്ങൾ, ഇരുളിലും വെളിച്ചത്തിലും പിച്ചിച്ചീന്തപ്പെടുന്ന സ്ത്രീത്വങ്ങൾ, ഭൂമിയുടെ മാറുപിളർന്ന് പാറപൊട്ടിക്കയും മണലൂറ്റി ജലസ്രോതസുകൾ ഇല്ലാതാക്കുകയും ചെയ്യുന്ന സ്വാർത്ഥമോഹികൾ, വൃക്ഷം വെട്ടി നശിപ്പിച്ച് ഋതുക്കളേയും ആവാസവ്യവസ്ഥയേയും വികലമാകുന്ന

കാപാലികർ-ക്രൂരതയുടെ നീളുന്ന പട്ടികയാണിത്. നമുക്ക് ഒഴുകിപ്പോകുന്ന ജീവിതങ്ങളുടെ കരച്ചിൽ കേൾക്കാം. പാപത്തിന്റെ തൽക്കാല ഭാഗമല്ല, വേദന പങ്കുവയ്ക്കലാണ് സുവിശേഷത്തിന്റെ കാതൽ എന്നല്ലേ കർത്താവു നമ്മെ പഠിപ്പിച്ചത്. നമ്മുടെ ഇടപെടലുകൾ ദൈവിക സാന്ത്വനമായി തോന്നുവാൻ, തലമുറ തലമുറയായി അനുഗ്രഹിക്കപ്പെടുവാൻ ദൈവത്തെ ഭയപ്പെട്ടു ജീവിക്കുക. ജീവിക്കുന്ന സുവിശേഷമാവുക. ■

വിജയി

സൺഡേസ്കൂൾ സൗത്ത് സോൺ ജൂണിയർ പ്രസംഗമത്സരത്തിൽ രണ്ടാം സ്ഥാനം ലഭിച്ച ആലഞ്ചേരി സെ. മേരീസ് ഇടവകയിലെ സി. ജി. സാബുവിന്റെയും സുജ സാബുവിന്റെയും മകൾ സോണാ സാബു.

ALEYAMMA JOHN

(KUNJAMMA)

(Retd. Teacher, Govt. High School for Girls-Adoor)

MOLETHU, ADOOR

9th Death Anniversary
Left Us On 17-01-2007



-ALWAYSINOURHEARTS-

Fondly Remembered By:-

Husband : John Varghese Molethu
(Pappachan)
Children £ Grand Children



Paris Declaration 2015 & God's Creation

■ **DR. BIJU JACOB**
(Chief Controller, VSSC)

"You know how to interpret the weather signs in the sky, but you don't know how to interpret the signs of the times!"
– Mathew 16: 3.

On December 11, 2015 the entire world unanimously decided to keep global warming below 2°C. This decision was taken at the 12 day "21st Conference of the Parties to the United Nations Framework Convention on Climate Change" (COP21/CMP11) held from November 30 to Dec 11, 2015 at Paris. Though it is largely a positive step, it was in reality an acceptance of the damage we had done to environment over the centuries.

The Bible says that God made the earth with special care and ensured that it is habitable and pleasant. **God saw all that he had made, and it was very good. (Genesis 1: 31)**. Then what went wrong? What is our duty to the environment?

Greenhouse effect – God's woolen blanket turns into a furnace.

What happens to a car parked under sun? The inside of the car is much hotter than the outside - as the glass windows trap the heat that enters the car. In the same way, the earth's lower atmosphere traps heat and raises the temperature on the earth.

A part of the heat waves that penetrate the earth's atmosphere from the Sun gets reflected back and is trapped by the gases in the earth's atmosphere. This heats the earth and the global average temperature gets maintained at about 15° C. Without this unique blessing, the earth's atmosphere would have been freezing cold.

This trapping of heat by atmospheric gases - like carbon dioxide, methane, water vapor etc - is called greenhouse effect. The principle, first postulated by Joseph Fourier, a French Mathematician (1824), was termed as "Greenhouse effect" by Nils HYPERLINK "https://

en.wikipedia.org/wiki/Nils_Ekholm"GustafHYPERLINK "https://en.wikipedia.org/wiki/Nils_Ekholm"HYPERLINK "https://en.wikipedia.org/wiki/Nils_ Ekholm"Ekholm (1901). Green houses are glass houses used by people in colder regions to create a warm environment to grow plants.

The Greenhouse effect became a problem with the Industrial Revolution ; when we started pumping huge quantities of greenhouse gases into the atmosphere. This raised the global average temperature progressively with disastrous consequences in all areas of our life. The impact will be more on the poor and marginalized through economic loss, widespread suffering and death. We have slowly transformed the God's woolen blanket to a roasting furnace! Paris declaration is an attempt to reverse the progression of global warming by reducing the emission of greenhouse gases.

Should we care for an earth that is destined for fire?

Jesus had clearly predicted the end of present world by fire. **The sky and earth are being kept to be destroyed by fire (2 Peter 3: 7).** Should we care for the present world that is temporary? Although the final destruction of earth is a reality, it is certainly not a license to abuse the earth or to be arrogant toward it. Shouldn't we take care of our bodies which are destined to decay one day?

The Word of God provides a clear perspective of the environmental abuse - its origin, ultimate solution and our responsibility to care for the earth. The abuse of the environment started with the human disobedience in the very beginning. Garden of Eden typified the perfect life in harmony with the environment and other creation. But, we humans rebelled against our creator – the original sin of Adam. The consequences of our sinfulness penetrated all areas of our existence. Life became dangerous - both from wild animals and from other people; the joy of procreation was scarred by an increase of pain in childbirth; and producing food became difficult toil. The present travails of this world – including abuse of natural environment – along with its pain and suffering, are a direct result of human sinfulness. (Genesis 3)

Environmental abuse is a symptom of our continued rebellion against God – as descendants of Adam – especially the specific commands to care for His world.

* The first command, is found in Genesis 1:28. **"Be fruitful and increase in number; fill the earth and subdue it."** The first part of the command is being fulfilled, with a current world population of more than seven billion people. The subduing of the earth involves ruler-ship. We have been placed in charge of the earth as stewards. The earth does not belong to us; it is the Lord's, including everything in it (Ps. 24:1). We are to care for and manage what has been given to us, and we are responsible for the results.

* A second command appears in Genesis 2:15: **"The Lord God took the man and put him in the Garden of Eden to work it and take care of it."** This was Adam's job description, and it is also a general model for us today. To work and care for the garden, or "dress and keep" it (KJV), meaning to make it orderly, productive, and beautiful. The clear conclusion is that we should indeed be concerned about the deterioration of the environment.

The Word of God also explains that the entire universe awaits the final redemption through Jesus.

The new heaven and earth – A world of perfect harmony.

In his mercy, God provided his son Jesus as an atonement for our rebellion against Him. Jesus took upon himself the punishment that was due to us for this defiance. The positive consequences of His crucifixion and resurrection are cosmic. It redeemed humanity as well as all created order from our sinfulness.

However, the full consummation of God's redeeming act through Jesus will occur in the **new heavens and new earth** that are created at His second coming (Rev. 21: 1, Isiah 65: 17). That will bring the fullness of life that He always intended and purposed for His creation - a place where His redeemed people will worship Him and the whole of creation will give Him glory. But, now we are living in the interregnum between the first coming and the final return of Jesus at the end of time. **Hence all of creation waits with eager longing for God to reveal his children (Romans 8:22)**

Are we obedient to our Creator by being good stewards of the earth; while awaiting the final redemption?

If you obey the Lord your God, all the blessings will come to you and be yours. (Duet: 28: 2) ■

പരുമല സെമിനാരിയിൽ ഉത്പാദിപ്പിക്കുന്ന സോളാർ വൈദ്യുതി കെഎസ്ഇബിക്ക് കൈമാറുന്നതിന്റെ സ്വിച്ച് ഓൺ കർമ്മം പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ നിർവ്വഹിക്കുന്നു. 2010-ലാണ് പരുമലയിൽ സോളാർ സ്ഥാപിച്ചത്. പരുമലപള്ളിയിലെയും അനുബന്ധ സ്ഥാപനങ്ങളിലേയ്ക്കും ആവശ്യമായ വൈദ്യുതി സോളാർ വഴിയാണ് ലഭിക്കുന്നത്. ഇവിടുത്തെ ആവശ്യങ്ങൾ കഴിഞ്ഞുള്ള വൈദ്യുതിയാണ് കെ.എസ്.ഇ.ബിയ്ക്ക് നൽകുവാൻ കരാറായിരിക്കുന്നത്.

For Favours Received





ഒരു വിശ്വാസി

ST. GREGORIOS ORTHODOX CHURCH-SHARJAH, UAE

'മരുഭൂമിയിലെ പരുമല'

ചാരിറ്റി കമ്മിറ്റി
ജീവകാരുണ്യ പ്രവർത്തനങ്ങൾ

അപേക്ഷകൾ ക്ഷണിക്കുന്നു

പരിശുദ്ധ പരുമല തിരുമേനിയുടെ നാമധേയത്തിലുള്ള ഷാർജ സെയ്ന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് ഇടവക നടത്തിവരുന്ന ജീവകാരുണ്യ പ്രവർത്തനങ്ങളിലേക്ക് താഴെ പറയുന്ന വിഭാഗങ്ങളിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു.

1. ചികിത്സാ സഹായം, 2. വിദ്യാഭ്യാസ സഹായം, 3. വിവാഹ സഹായം
4. ഭവന നിർമ്മാണ സഹായം (മെയ്ന്റനൻസ്), 5. പൊതു സഹായം

പൊതു നിബന്ധനകൾ

1. അപേക്ഷകൾ ഷാർജ ഇടവകയുടെ പേരിൽ ആയിരിക്കണം. ഒറിജിനൽ അപേക്ഷകൾ മാത്രമേ പരിഗണിക്കുകയുള്ളൂ.

2. അപേക്ഷകന്റെ പേരിലുള്ള ബാങ്ക് അക്കൗണ്ട് നമ്പറും വിശദവിവരങ്ങളും ലഭിക്കത്തക്ക വിധത്തിൽ പാസ്സ് ബുക്കിന്റെ കോപ്പി.

3. അപേക്ഷകൻ ഓർത്തഡോക്സ് സഭാംഗം ആണെങ്കിൽ ഇടവകവികാരിയുടെയും, സഭാ വിശ്വാസികൾ അല്ലായെന്നുണ്ടെങ്കിൽ അപേക്ഷകന്റെ സ്ഥലത്തെ ഓർത്തഡോക്സ് പള്ളി വികാരിയുടെയും ശുപാർശക്കത്ത് പള്ളിയുടെ സീലോടുകൂടി ഒറിജിനൽ ലെറ്റർഹെഡിൽ ഉണ്ടായിരിക്കണം.

4. അനുബന്ധ രേഖകൾ ഇല്ലാത്ത അപേക്ഷകൾ പരിഗണിക്കപ്പെടുന്നതല്ല. ശുപാർശ ചെയ്യുന്ന വികാരിയുടെയും, അപേക്ഷകന്റെയും പൂർണ്ണമായ പേരും, മേൽവിലാസവും, ടെലിഫോൺ/മൊബൈൽ നമ്പറും, ബാങ്ക് അക്കൗണ്ട് നമ്പറും അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം.

5. സമീപകാലത്ത് ലഭിച്ചിട്ടുള്ള വരുമാന സർട്ടിഫിക്കറ്റിന്റെ പകർപ്പോ റേഷൻ കാർഡിന്റെ പകർപ്പോ ഉണ്ടായിരിക്കണം.

അപേക്ഷകൾ അയക്കേണ്ട വിലാസം
The Vicar (S.G.O.C.C.)
St. Gregorios Orthodox Church, P.O. Box 2229, Sharjah, UAE

അപേക്ഷക്കൊപ്പം ഉണ്ടായിരിക്കേണ്ട രേഖകൾ

1. ചികിത്സാ സഹായം
രോഗിയുടെ രോഗവിവരവും ചികിത്സാ രീതികളും വിശദീകരിച്ചുകൊണ്ട് ചികിത്സിക്കുന്ന ഡോക്ടർ സീലോടു കൂടി നല്കിയ കത്തും, ചികിത്സയെ സംബന്ധിക്കുന്ന മറ്റു രേഖകളും.

2. വിദ്യാഭ്യാസ സഹായം
പഠിക്കുന്ന വിദ്യാലയത്തിന്റെ ലെറ്റർ ഹെഡിൽ സീലോടു കൂടി പ്രധാന അദ്ധ്യാപകന്റെ സാക്ഷ്യപത്രം.

3. വിവാഹ സഹായം
വധു മലങ്കര ഓർത്തഡോക്സ് സഭാംഗം ആയിരിക്കണം. ബഹു. ഇടവകവികാരി സാക്ഷ്യപ്പെടുത്തിയ ഇടവകയിൽ നിന്നുള്ള ദേശക്കുറിയുടെ പകർപ്പ്/സാക്ഷ്യപത്രം.

4. ഭവന നിർമ്മാണ സഹായം (മെയ്ന്റനൻസ്)
അപേക്ഷകൻ മലങ്കര ഓർത്തഡോക്സ് സഭാംഗം ആയിരിക്കണം. വീടിന്റെ തൽസ്ഥിതി ബോദ്ധ്യപ്പെടുത്തുന്ന ഫോട്ടോയും, വീട് സ്വന്തമാണെന്നതിനുള്ള രേഖയും, ബഹു. ഇടവക വികാരിയുടെ സാക്ഷ്യപത്രവും, ശുപാർശയും, പള്ളിയുടെ സീലോടു കൂടി ഒറിജിനൽ ലെറ്റർ ഹെഡിൽ ഉണ്ടായിരിക്കണം.

5. പൊതുസഹായം
പൊതുനിബന്ധനകൾ മാത്രം ബാധകം.

മട്ടാഞ്ചേരിയിൽ കൽക്കുരിശ് പുനഃപ്രതിഷ്ഠിച്ചു

മട്ടാഞ്ചേരി: പൂർവിക സ്മരണ എന്നും നിലനിർത്തണമെന്നും സഭയെ കണ്ണിലെ കൃഷ്ണമണി പോലെ കാത്തുസൂക്ഷിക്കണമെന്നും പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ പറഞ്ഞു. ചരിത്ര പ്രസിദ്ധമായ മട്ടാഞ്ചേരി സെ. ജോർജ്ജ് ഓർത്തഡോക്സ് കൂനൻ കുരിശു പഴയ സുറിയാനി പള്ളിയിൽ 363-ാം കൂനൻകുരിശു സത്യസ്മരണാദിനത്തോടനുബന്ധിച്ച് കൽക്കുരിശ് പുനഃപ്രതിഷ്ഠാ കർമ്മം നിർവഹിക്കുകയായിരുന്നു കാതോലിക്കാ ബാവാ.

പഴമയെ പലപ്പോഴും നാം വേണ്ടതുപോലെ തിരിച്ചറിയാറില്ല. മലങ്കര നസ്രാണികളുടെ ശൗര്യം നമുക്ക് ബോധ്യപ്പെടണമെങ്കിൽ മൂന്നു നൂറ്റാണ്ടു മുൻപ് നമ്മുടെ പൂർവ്വികർ എന്തെല്ലാം പ്രവർത്തിച്ചു എന്നറിയണം. അതിന്റെ സ്മരണ ഇവിടെ വരുമ്പോൾ നമുക്ക് ലഭിക്കും. മലങ്കര നസ്രാണികൾ വിദേശ മേധാവിത്വത്തിനെതിരെ ഗർജിച്ചുകൊണ്ട് പ്രതിജ്ഞയെടുത്തു. പൂർവ്വികരുടെ തീഷ്ണതയും ശുഷ്കാന്തിയും മലങ്കര സഭയ്ക്ക് ഇന്നും പ്രചോദനമാണ് പരിശുദ്ധ ബാവാ പറഞ്ഞു.

വികാരി ഫാ. ബഞ്ചമിൻ തോമസ്, സഭാ സെക്രട്ടറി ഡോ. ജോർജ്ജ് ജോസഫ്, അഡ്വ. ശിവൻ മഠത്തിൽ, ടി. എസ്. ജോൺ എന്നിവർ പ്രസംഗിച്ചു. റവ.എം.എസ്. യൂഹാനോൻ റമ്പാൻ കുർബാനയ്ക്ക് കാർമികത്വം വഹിച്ചു. ഡോ. എം. കുര്യൻ തോമസ് കൂനൻകുരിശു സത്യം അനുസ്മരണ പ്രസംഗം നടത്തി.

DOCTRATE

Dr.Elizabeth Mathew Iype , Additional Professor , In the Department of Surgical Oncology in Regional Cancer Centre, Trivandrum was awarded the PhD in Medicine by the Kerala University , for her work on "Molecular markers in Larynx (Voice Box) cancer".

She is a member of St.Gregorios Orthodox Church Nanthancode Thiruvananthapuram Diocese and wife of Dr. Mathew Iype, Cardiologist, Trivandrum Medical College and Daughter of Mrs. Anne C Panicker and Mr O. C Panicker, Retd Superinding Engineer, Irrigation Department, Kerala.

വിപാസ്സന
Emotional Support Centre

(A joint initiative of Ministry of Human Empowerment & MGOCSM)
Malankara Orthodox Church

മാനസിക പിരിമുറുക്കം • തൊഴിൽ സമ്മർദ്ദം
കുടുംബ പ്രശ്നങ്ങൾ • പരീക്ഷാ ഭയം
ആത്മഹത്യാ പ്രവണത • അകാരണ ഭയം
മദ്യ-മയക്കുമരുന്ന് ആഭിമുഖ്യം

ഇത്തരത്തിലുള്ള വൈകാരിക പ്രതിസന്ധികൾ നേരിടുന്നതിൽ താങ്കൾ പ്രയാസപ്പെടുന്നുണ്ടോ? ഞങ്ങൾ സഹായത്തിനുണ്ട്; വിളിക്കുക !

ഹെൽപ്പ് ലൈൻ: 0481-2584533, 7025067695

സൗജന്യ കൗൺസിലിംഗ് സേവനത്തിന് ബന്ധപ്പെടുക.

Vipassana
Emotional Support Centre, MGOCSM Student Centre,
CMS College Junction, Kottayam - 686 001.
vipassana.mohe@gmail.com

JALEEL MAR GREGORIOS PALLIATIVE CARE CENTRE & HOSPICE
Eraviperoor, Thiruvalla
വൃദ്ധരായ രോഗികളുടെ പരിചരണ കേന്ദ്രം
കൂടുതൽ വിവരങ്ങൾക്ക്
കോ-ഓർഡിനേറ്റർ
Mob. 9447102564

Best compliments from:
Vee Kay Vees
KOCHI: 0484 - 2302030
THIRUVALLA: 0469 - 2645630
KAYAMKULAM: 0479 - 2443050
TRIVANDRUM: 0471 - 2430230



പുസ്തകശാല

തിരുസന്നിധിയിൽ

പ. ഗീവർഗീസ് ദ്വിതീയൻ ബാവാ



പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ ഡയറിക്കുറിപ്പുകൾ, കല്പനകൾ, പ്രഭാഷണങ്ങൾ സൂക്തങ്ങൾ എന്നിവയുടെ സമാഹാരം. പ. ബാവായുമായി ഫാ. റ്റി. വി. ജോർജ് നടത്തി ദീർഘ സംഭാഷണവും ഉണ്ട്. അവതാരിക: ഫാ. ഡോ.കെ.എം. ജോർജ്. സോഫിയ ബുക്സ്, കോട്ടയം പേജ് 440, വില:200.

വിധവകളും അനാഥരും...

അഡ്വ. വർഗീസ് പി. തോമസ്

ബൈബിളിലെ അനാഥരും വിധവകളും പരദേശികളുമായവരെക്കുറിച്ചുള്ള പഠനം. സഭാശുശ്രൂഷകളിൽ വിധവമാരുടെയും പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും ശുശ്രൂഷാ സാധ്യതകൾ ചർച്ച ചെയ്യുന്നുണ്ട്. ആമുഖം:ഡോ.യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്താ, എം.ഒ.സി. ബുക്സ്, പേജ് 136, വില 70.

വിശ്വാസോപനിധി

ഫാ. ടിജോ മണലേൽ..

ഓർത്തഡോക്സ് സഭയുടെ വിശ്വാസം, പാരമ്പര്യം, കൂദാശ, അചാരാനുഷ്ഠാനങ്ങൾ എന്നിവയെക്കുറിച്ച് ചോദ്യോത്തര രൂപത്തിൽ വിശദീകരിക്കുന്ന കൃതി. സാധാരണ വിശ്വാസികൾക്ക് ഉണ്ടാകുന്ന സംശയങ്ങൾക്ക് മറുപടി ഇതിൽ ലഭ്യമാണ്. ആമുഖം ഫാ. ഡോ. ഒ. തോമസ്, പാരിഷ് മിഷൻ, ഓർത്തഡോക്സ് സെമിനാരി, കോട്ടയം, പേജ് 150, വില-100.

മുഖകണ്ണാടി

ഈശോ അലക്സാണ്ടർ വന്മഴി



സാമൂഹിക പ്രശ്നങ്ങളുടെ സങ്കീർണ്ണത വെളിപ്പെടുത്തുന്ന കവിതകളുടെ സമാഹാരം. സാമൂഹിക സാംസ്ക്കാരിക മൂല്യചൂതിയാണ് മുഖ്യ പ്രമേയം. സമൂഹത്തിന്റെ നേർക്കാഴ്ചയാണിത്. എക്സ്പ്രഷൻസ്, കോട്ടയം, പേജ്-100.



എ|ഴു|ത്ത്

പ. ഗീവർഗീസ് ദ്വിതീയൻ ബാവാ ജീവിതവും ദർശനവും

ഫാ. ഡോ. റ്റി. ജെ. ജോഷ്വ

സപ്തതിയിൽ എത്തിനിൽക്കുന്ന മലങ്കരസഭാ മാസിക, ഓർത്തഡോക്സ് സഭയുടെ ഔദ്യോഗിക നാവായി പ്രവർത്തിച്ചു വരുന്നു. സഭാ മക്കളെ ആദ്ധ്യാത്മികതയിലും, ക്രിസ്തീയ വിശ്വാസത്തിലും പ്രബുദ്ധരാക്കുന്നതിനും, ക്രൈസ്തവ ലോകത്തെ സമകാലീക സംഭവങ്ങളുമായി ബന്ധപ്പെടുത്തുന്നതിനും ലക്ഷ്യമിട്ടു കൊണ്ട് പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ദീർഘവീക്ഷണത്തോടെ സമാരംഭിച്ച ഒന്നാണ്. അതിന്റെ പ്രാരംഭ കാലം ഞാൻ നന്നായി ഓർക്കുന്നു. രണ്ടാം ലോക മഹായുദ്ധത്തിന്റെ കെടുതിയിൽ സാമ്പത്തിക വരൾച്ചയും, മറ്റനവധി പരാധീനതകളും നേരിട്ടു കൊണ്ടിരുന്ന ഘട്ടമായിരുന്നു അത്. ആശയവിനിമയം സുഗമമാക്കുന്ന ടെലഫോൺ അന്നു പ്രചാരത്തിലായിരുന്നില്ല. യാത്ര തന്നെ ക്ലേശ നിർഭരമായിരുന്നു. എങ്കിലും ആത്മിക സന്ദേശവും സഭാവാർത്തകളും ജനങ്ങളിൽ എത്തിക്കേണ്ട ആവശ്യം ബോദ്ധ്യമായി, പരിശുദ്ധ പിതാവ് മാസികയ്ക്ക് തുടക്കം കുറിക്കുകയായിരുന്നു. പ്രഥമ പത്രാധിപരായി പ്രവർത്തിച്ചത് ആലുവാ യു.സി. കോളേജ് ഇംഗ്ലീഷ് പ്രൊഫസറായിരുന്ന, പനയമ്പാല സ്വദേശി ഫാ. റ്റി. വി. ജോൺ ആയിരുന്നു. മാസത്തിൽ ഒരിക്കൽ പഴയ സെമിനാരിയിൽ എത്തി രണ്ടു ദിവസം താമസിച്ച്, മാസികയുടെ എഡിറ്റിങ്ങ് നടത്തുന്ന രീതി തുടർന്നു. പിന്നീട് ദീർഘകാലം, പാത്താമുട്ടം സ്ലീബാപള്ളി സ്ഥാപകനും, സഭാ സെക്രട്ടറി ആയി പ്രവർത്തിച്ച ദേഹവുമായ അഭിവന്ദ്യ എം.സി. കുറിയാക്കോസ് റമ്പാച്ചൻ പത്രാധിപസ്ഥാനം സ്തുത്യർഹമായി നിർവഹിച്ചു. "ആത്മനിക്ഷേപം" എന്ന ശീർഷകത്തിൽ അദ്ദേഹം തുടർച്ചയായി അതിൽ എഴുതിയിരുന്ന ധ്യാനപംക്തി അനുവാചകരെ ഏറെ ആകർഷിച്ചിരുന്നു.

ഫാ. റ്റി. വി. ജോർജ് (നെടുമാവ്), ഫാ. റ്റി. ജി. സഖറിയാ എന്നിവരും സാരഥികളായി മാസികയെ നയിച്ചു. പല പ്രസിദ്ധീകരണങ്ങളും സാമ്പത്തിക ക്ലേശം മൂലം മുടങ്ങിപ്പോകുന്ന അവസ്ഥാവിശേഷം ഉണ്ടായിരുന്നെങ്കിലും, കഴിഞ്ഞ എഴുപതു വർഷം മുടക്കം കൂടാതെ മാസിക പ്രസിദ്ധീകരിക്കപ്പെട്ടു എന്നത് അഭിമാനത്തോടും കൃതജ്ഞതയോടും അനുസ്മരിക്കാവുന്നതാണ്. അതതു കാലത്തെ, പരമാദ്ധ്യക്ഷന്മാരുടെ പ്രത്യേക താല്പര്യവും, സഭാ മാനേജിംഗ് സമിതിയുടെ പിന്തുണയുമാണ് അതിന്റെ പിമ്പിലുള്ളത്. ഫാ. റ്റി.ജി. സഖറിയ ആവിഷ്ക്കരിച്ച പദ്ധതിയാണ് മാസികയ്ക്ക് ആയുഷ്ക്കാല വരിക്കാരെ നേടുന്നത്. സഭയുടെ എല്ലാ ഭവനങ്ങളിലും മാസക എത്തുക എന്ന ലക്ഷ്യമാണ് മുമ്പിലുള്ളതെങ്കിലും ഒരു ചെറിയ ന്യൂനപക്ഷം മാത്രമാണ് വരിക്കാരായിട്ടുള്ളത്. സപ്തതി ആഘോഷിക്കുമ്പോൾ കൂടുതൽ വരിക്കാരെ നേടുക എന്ന ലക്ഷ്യം പ്രവർത്തകരുടെ മുമ്പിലുണ്ട്. മാസികയുടെ കെട്ടിലും മട്ടിലും മാത്രമല്ല ഉള്ളടക്കത്തിലും ഉന്നത നിലവാരം വരുത്തുവാൻ ഉദ്യമിക്കുന്നുണ്ട്. ഇതരസഭകളുടെ പ്രസിദ്ധീകരണങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ഉന്നതമായ നിലവാരം നാം പുലർത്തിയതായി അഭിപ്രായമുണ്ട്. എങ്കിലും സ്വയം സംതൃപ്തിയിൽ മയങ്ങാതെ കുടുതൽ വളർച്ചയ്ക്കായും, മെച്ചപ്പെടുത്തുന്നതിനായും പ്രയത്നിക്കേണ്ടിയിരിക്കുന്നു.

സപ്തതിയോടനുബന്ധിച്ച് പ. ഗീവർഗീസ് ദ്വിതീയൻ ബാവാ തിരുമേനിയെക്കുറിച്ചുള്ള ഒരു നല്ല പ്രസിദ്ധീകരണം ഉണ്ടാകണമെന്ന് പത്രാധിപസമിതി തീരുമാനിച്ചത് ബാവാ തിരുമേനിയുടെ ചരമത്തിന്റെ കനക ജൂബിലിയാചരണത്തിന്റെ പശ്ചാത്തലത്തിലാണ്. വിവിധ വീക്ഷണങ്ങളിൽക്കൂടി അതുല്യ പ്രഭാവനായ ആ പിതാവിന്റെ ജീവിതത്തെ നോക്കി കാണുവാൻ ഇന്നത്തെ തലമുറയ്ക്ക് ഒരവസരം ഇതിൽക്കൂടി ലഭിക്കുന്നു. മലങ്കരസഭാ മാസികയിൽ അതതു കാലത്ത് പ്രത്യക്ഷപ്പെട്ട ലേഖനങ്ങളും മറ്റു പ്രസിദ്ധീകരണങ്ങളിൽ വന്ന ശ്രദ്ധേയങ്ങളായ രചനകളും ഉൾപ്പെടു

ഫാ. ഡോ. റ്റി. ജെ. ജോഷ്വ എഡിറ്റ് ചെയ്ത *പ. ഗീവർഗീസ് ദ്വിതീയൻ ബാവ ജീവിതവും ദർശനവും* എന്ന ഗ്രന്ഥം പ. സുന്നഹദോസ് സെക്രട്ടറി ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ് മെത്രാപ്പോലീത്തായ്ക്കു നൽകി പ്രകാശനം ചെയ്തപ്പോൾ. ഫാ. ദീപു ഫിലിപ്പ്, കെ.വി.ജോസഫ് റമ്പാൻ, ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ, ഫാ.ഡോ.റ്റി.ജെ. ജോഷ്വ, മാനേജർ ഫാ.എം. കെ. കുര്യൻ എന്നിവർ സമീപം.

ത്തിയിട്ടുണ്ട്. അതോടൊപ്പം സമൂഹത്തിന്റെയും സഭയുടെയും വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള നേതാക്കൾ പരിശുദ്ധ പിതാവിനെപ്പറ്റി എപ്രകാരം അനുസ്മരിക്കുന്നു എന്നുള്ളതും കണ്ടെത്താം.

അദ്ദേഹത്തിനു മാത്രം അവകാശപ്പെടാവുന്ന ചില സവിശേഷതകൾ ഉണ്ട്. കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമാകുന്ന പ്രഥമസ്ഥാനീയൻ; ഏറ്റവും അധിക കാലം മലങ്കര സഭയുടെ പരമാദ്ധ്യക്ഷപദം അലങ്കരിച്ച സഭാ പിതാവ്. സഭയിൽ സമാധാനം കൈവന്ന് സഭ ഒന്നായിത്തീർന്ന സഭയെ കണ്ട് കണ്ണടയ്ക്കാൻ കഴിഞ്ഞ സമാധാന പ്രഭു. എക്യുമെനിക്കൽ രംഗത്തേക്ക് മലങ്കരസഭയെ നയിച്ച വിശാല വീക്ഷണമുള്ള സഭാസാരഥി. ഇക്കാര്യങ്ങളൊക്കെ അദ്ദേഹത്തെ വ്യതിരിക്തനാക്കുന്നു. തപോധനനായ മുനിശ്രേഷ്ഠൻ, വാത്സല്യനിധിയായ ഒരു ആത്മീയ പിതാവ്, ഓർത്തഡോക്സ് സഭയുടെ ശക്തനായ വക്താവ്, നിർണ്ണായക ഘട്ടത്തിൽ സഭയ്ക്കു ലഭിച്ച ഒരു വലിയ വരദാനം-ഇതെല്ലാമായിരുന്നു ആ സഭാ പിതാവ്.

മലങ്കരസഭ മാസികയ്ക്കു ജന്മം നൽകിയ പരിശുദ്ധ പിതാവിനോടുള്ള കൃതജ്ഞതയുടെയും കടപ്പാടിന്റെയും പ്രതീകമാണ് ഈ പ്രസിദ്ധീകരണം. വരും തലമുറകൾക്ക് മൺമറഞ്ഞ ഈ മഹാചാര്യനെപ്പറ്റി നേരായ അറിവു ലഭിക്കാൻ ഈ ഗ്രന്ഥം പര്യാപ്തമാകുമെന്നതിനു സംശയമില്ല. ഈ യുഗപുരുഷൻ തലമുറകളിൽക്കൂടി സ്മരിക്കപ്പെടേണ്ട മഹാനാണ്. ഇതിലെ ലേഖനങ്ങളിൽ പല സംഭവങ്ങളും സംഭാഷണങ്ങളും ആവർത്തിക്കപ്പെടുന്നു എന്നു ഞങ്ങൾക്കറിയാം. ഒരേ വ്യക്തി തന്നെ പല സന്ദർഭങ്ങളിൽ എഴുതിയിട്ടുള്ള ലേഖനങ്ങളിലും, ജീവിതരേഖ പരാമർശിക്കപ്പെടുമ്പോഴുമാണ് അങ്ങനെ വന്നിട്ടുള്ളത്. പിതൃസ്മരണയിൽ അത് അനിവാര്യമാണ്. പരിശുദ്ധ പിതാവ് നട്ടു വളർത്തിയ പനിനീർച്ചെടിയുടെ ഈ കുസുമസമാഹാരം ആദരപൂർവ്വം സ്മരണയ്ക്കു മുമ്പിൽ സമർപ്പിക്കുന്നു. ■

മലങ്കരസഭ മാസിക സപ്തതി പ്രഭാഷണ പരമ്പര

കുറിച്ചി: മലങ്കര ഓർത്തഡോക്സ് സഭയുടെ മലങ്കരസഭ മാസിക സപ്തതി പ്രഭാഷണ പരമ്പര ഫാ. ഡോ. റ്റി.ജെ. ജോഷ്വ ഉദ്ഘാടനം ചെയ്തു. മലങ്കരസഭ മാസികയുടെ സ്ഥാപകനായ പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ മാതൃദേവാലയമായ വലിയപള്ളിയിൽ നടന്ന സമ്മേളനത്തിൽ വികാരി ഫാ. വി.എം. ഏബ്രഹാം വാഴയ്ക്കൽ അദ്ധ്യക്ഷത വഹിച്ചു. മലങ്കരസഭ മാസിക ചീഫ് എഡിറ്റർ ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ, മാനേജിംഗ് എഡിറ്റർ ഫാ. ദീപു ഫിലിപ്പ്, പ്രൊഫ. തോമസ് കുരുവിള എന്നിവർ പ്രസംഗിച്ചു.

ഫാ. ഡോ. റ്റി.ജെ. ജോഷ്വായുടെ വിശ്വാസ വിചിന്തനങ്ങൾ എന്ന ഗ്രന്ഥം ഫാ. വി.എം. ഏബ്രഹാം പ്രൊഫ. തോമസ് കുരുവിളയ്ക്കു നൽകി പ്രകാശനം ചെയ്തു. 1946-ലാണ് മലങ്കരസഭ മാസിക ആരംഭിച്ചത്. 2016 മലങ്കരസഭ മാസികയുടെ സപ്തതി വർഷമായി ആചരിക്കുകയാണ്. 70 കേന്ദ്രങ്ങളിൽ പ്രഭാഷണങ്ങളും മാധ്യമ ശില്പശാലകളും നടത്തും. മലങ്കരസഭ മാസികയിലെ എഴുത്തുകാരുടെ പ്രതിനിധി സമ്മേളനവും നടത്തും. ■

മലങ്കര ഓർത്തഡോക്സ് സഭയുടെ ഔദ്യോഗിക മാധ്യമമായ

മലങ്കരസഭ മാസിക

സപ്തതി ഉപഹാരം

കേരളത്തിലെ പ്രമുഖ സഭാവക ബുക്ക് സ്റ്റോളുകളിലും എം.ഒ.സി. പബ്ലിക്കേഷനിലും കോപ്പികൾ ലഭ്യമാണ്. കോപ്പികൾക്ക് എഴുതുക: മലങ്കരസഭ മാസിക, കാതോലിക്കേറ്റ് അരമന, ദേവലോകം, കോട്ടയം-686004, ഫോൺ: 0481-2573234

മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് വലിയ പള്ളി, ബറോഡ

ബഹുമാന്യരെ,

ബറോഡ മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് സിറിയൻ വലിയ പള്ളി, കർത്താവിന്റെ കൃപയേറിയ കരങ്ങളാലും, പരിശുദ്ധനായ പരുമല തിരുമേനിയുടെ മധ്യസ്ഥതയാലും അഞ്ചു പതിറ്റാണ്ടു കാലം മലങ്കര സഭയ്ക്കും, ഇടവകയ്ക്കും, സമൂഹത്തിന്റെ പലമേഖലകളിലും, പ്രദേശത്തും ആത്മീയ ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തി ഇടവക ഒന്നടങ്കം ഏകോദര സഹോദരങ്ങളെപ്പോലെ സജീവമായി പ്രവർത്തിച്ചു വരുന്നു. ഇപ്പോൾ സുവർണ്ണ ജൂബിലി ആഘോഷിക്കുന്നതിന്റെ ഭാഗമായി ഈ വരുന്ന ജനുവരി 13, 2016 മുതൽ ജനുവരി 17, 2016 വരെയുള്ള ദിവസങ്ങളിൽ കർത്താവിൽ ശരണപ്പെട്ടുകൊണ്ട് ആത്മീയമായ ഉന്നമനത്തിനായിട്ട് മലങ്കര സഭയിലെ ശ്രേഷ്ഠ ആത്മീയ ആചാര്യന്മാരായ നി. വ. ദി. ശ്രീ. തോമസ് മാർ അത്താനാസിയോസ് തിരുമേനിയുടെയും (ചെങ്ങന്നൂർ ഭദ്രാസനാധിപൻ), നി. വ. ദി. ശ്രീ. ഗീവർഗ്ഗീസ് മാർ കൂറിലോസ് തിരുമേനിയുടെയും (ബോംബെ ഭദ്രാസനാധിപൻ), നി. വ. ദി. ശ്രീ. ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് തിരുമേനിയുടെയും (അഹമ്മദാബാദ് ഭദ്രാസനാധിപൻ) മുഖ്യ കാർമ്മികത്വത്തിൽ താഴെ പറയുന്ന കാര്യപരിപാടികൾ നടത്തുവാൻ തിരുമാനിച്ചിരിക്കുന്നു. ആയതിലേയ്ക്ക് ഏവരുടെയും പ്രാർത്ഥനാ പൂർവ്വമായ സാന്നിദ്ധ്യ സഹായ സഹകരണങ്ങൾ അഭ്യർത്ഥിച്ചു കൊള്ളുന്നു...

സഹായ നിധി

- സാമ്പത്തികമായി പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹത്തിനുള്ള സഹായ നിധി.
- സാമ്പത്തികമായി പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന കുടുംബങ്ങളിലെ അംഗങ്ങൾക്കുള്ള നേത്ര ശസ്ത്രക്രിയ സഹായ നിധി.
- മറ്റു സഹായ നിധികൾ.

കാര്യപരിപാടികൾ

ജനുവരി 13, 2016

07:00 PM to 08:00 PM : സന്ധ്യാ നമസ്ക്കാരം

08:00 PM to 09:30 PM : വചന ശുശ്രൂഷ (റവ. ഫാ. റെജി മാത്യു പ്രൊഫസർ, ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി, കോട്ടയം).

ജനുവരി 14, 2016

10:00 AM to 01:00 PM :

- കുടുംബ സംഗമം
- MGOCSM കോൺഫ്രൻസ്
- സൺഡേസ്ക്കൂൾ കോൺഫ്രൻസ്

06:00 PM to 06:45 PM : സന്ധ്യാ നമസ്ക്കാരം

07:00 PM to 10:00 PM : റ്റാലന്റ് നൈറ്റ് & ഫുഡ് കോർട്ട്

ജനുവരി 15, 2016

06:00 PM to 10:00 PM : മെഗാ ഷോ (കൊച്ചിൻ ഹരിശ്രീ ഓർക്കെസ്ട്രാ), സ്ഥലം : സർ സയാജിറാവു നഗർ ഗ്രഹ്, അക്കോട്ട.

ജനുവരി 16, 2016

05:00 PM to 6:00 PM : സന്ധ്യാ നമസ്ക്കാരം

06:30 PM : അഭിവന്ദ്യ തിരുമേനിമാർക്ക് സ്വീകരണവും, പൊതുസമ്മേളനം, ശിങ്കാരിമേളം.

January 17, 2016

07:00 AM to 10:30 AM : പ്രഭാത നമസ്ക്കാരം തുടർന്ന് വി. മൂന്നിന്മേൽ കുർബ്ബാന, അഭിവന്ദ്യ തിരുമേനിമാരുടെ മുഖ്യ കാർമ്മികത്വത്തിൽ.

10.30 AM to 10:45 AM : ലഘു ഭക്ഷണം

10:45 AM to 12:30 PM : സമാപന സമ്മേളനം

- 31-03-1970 വരെയുള്ള നമ്മുടെ ഇടവകയിലെ മുതിർന്ന അംഗങ്ങളെ ആദരിക്കുന്നു.
- വിവാഹജീവിതത്തിൽ 50 വർഷം പിന്നിട്ട വ്യക്തികളെ ആദരിക്കുന്നു.
- Board Exams. 2015- ൽ ഉന്നത വിജയം നേടിയ കുട്ടികൾക്ക് മാർ ഗ്രീഗോറിയോസ് ഗോൾഡ് മെഡലും, അരുൺ- ജോയൽ മെമ്മോറിയൽ ഷീൽഡും നൽകി ആദരിക്കുന്നു.
- പ്രാർത്ഥന, ആശീർവാദം.

MGOS വലിയ പള്ളി മാനേജിംഗ് കമ്മറ്റിക്കു വേണ്ടി

വികാരി & സഹവികാരിമാർ
റവ. ഫാ. പി. ഓ. മത്തായി
റവ. ഫാ. ജോജി ജോർജ്ജ്
റവ. ഫാ. ജെയിംസ് ഗീവർഗ്ഗീസ്

ട്രഷറർ/ സെക്രട്ടറി
കുഞ്ഞുമോൻ പി. സ്കറിയ/
മോനി കെ. ജോർജ്ജ്

ഗോൾഡൻ ജൂബിലി കമ്മറ്റിക്കു വേണ്ടി

ജനറൽ കൺവീനർ
ചെറിയാൻ ഉമ്മൻ മാരേട്ട്

NB: ഫുഡ് കോർട്ടിന്റെ കൂപ്പണുകൾക്കും, മെഗാഷോയുടെ പാസുകൾക്കും സുവനീർ & ന്യൂസ് പേപ്പർ സപ്ലിമെന്ററിയിലേയ്ക്കുള്ള പരസ്യങ്ങൾക്കും വേണ്ടി ബന്ധപ്പെടുക : 9825 16 89 48, 9426 59 08 35, 9898 21 68 79, 9428 58 31 89.

MAR GREGORIOS ORTHODOX SYRIAN CHURCH (VALIYA PALLY)

Regd. Office : C/o, Basil School, Tandalja Road, Baroda - 390 020. Tel. No 2352125 / 2342158



MAR GREGORIOS ORTHODOX SYRIAN VALIYA PALLY, BARODA
50
1965-2015
WAY OF CROSS FOR SPIRITUAL EMPOWERMENT AND SALVATION
GOLDEN JUBILEE YEAR

GOLDEN JUBILEE COMMEMORATION (1965-2015)

Theme

WAY OF CROSS FOR SPIRITUAL EMPOWERMENT AND SALVATION

THE MALANKARA SABHA,
CATHOLICATE ARAMANA, KOTTAYAM-686 004
Published on 10/January/2016

RNI No. 3076/57, Reg. No. KL/KTM/39/2015-17
License No. KL/CR/KTM/WPP-36/2015-17
Licensed to Post Without Pre-Payment

PRINTED AND PUBLISHED BY FR. DEEPU PHILIP, CATHOLICATE ARAMANA, DEVALOKAM ON BEHALF OF
ORTHODOX VISWASA PARIPALANA SAMITHY, DEVALOKAM, KOTTAYAM. AND PRINTED AT CATHOLICATE PRESS, DEVALOKAM KOTTAYAM AND
PUBLISHED AT CATHOLICATE ARAMANA, DEVALOKAM P.O., VIA MUTTAMBALAM, KOTTAYAM, KERALA-686004, CHIEF EDITOR FR. DR. JOHN THOMAS KARINGATTIL

Rs. 15/-